LM
AY 70

വീരകന്യക

അഥവാ

വിശുദ്ധ ജോവാൻ

To The Rev. Scholastics T.O.C.D.
Chethipuzha
Presented By 17-2-55
Rev. Fr. Wilfred T.O.C.D.

CANCELLED

DHARMARAM COLLEGE LIBRARY
3901
BANGALORE.

ഫാ. ജോസഫ് വേഴമ്പത്തോട്ടം

Printed at the St. Joseph's Press,
Mannanam 1954.

Nihil obstat

Fr. Wilfrid T. O. C. D.

Imprimatur

† Mathew Kavukattu,
Bishop of Changanacherry,

Changanacherry,
10 — 8 — '54.

പ്രസ്താവന

അന്ന്– 28 കൊല്ലമായി– ഞങ്ങളുടെ ക്ലാസ്സിലെ ഒരു പാഠ്യപുസ്തകമായിരുന്ന വി. ജോവാന്റെ ജീവചരിത്രം. അതു വായിച്ചപ്പോൾ ആ വീരകന്യകയുടെ ധീരോദാത്തത എന്നെ നന്നായി അകഷ്ിച്ചു. പിൽക്കാലങ്ങളിൽ അതങ്ങു മങ്ങിപ്പോയി. മൂന്നുനാലു കൊല്ലം മുമ്പ് എന്റെ ഒരു മിത്രം, ആ വിശുദ്ധയുടെ ജീവിതത്തെ അധികരിച്ച് ഒരു ഗദ്യനാടകം തയ്യാറാക്കിയാൽ കൊള്ളാമെന്ന് അഭിപ്രായപ്പെട്ടു. എന്റെ പൂർവ്വസ്മരണ ഒരു പ്രചോദനവും നല്കി. അങ്ങനെയാണ് ഈ ഉദ്യമത്തിനു ഞാൻ പ്രേരിതനായതു്.

വി. ജോവാൻ യുദ്ധത്തടവുകാരിയായി പിടിക്കപ്പെട്ടു. അവളെ ഒട്ടുവിൽ ജീവനോടെ ദഹിപ്പിക്കുകയും ചെയ്തു.

ഒരു സ്ത്രീ– അതും ഒരു ഗ്രാമീണയുവതി– ഒരു മഹാരാജ്യത്തെ സൈന്യാധിപസ്ഥാനത്തു് പൊട്ടനെ പ്രവേശിച്ച്, പരാജയങ്ങൾമൂലം നഷ്ടധൈര്യരായിരുന്ന സൈന്യങ്ങളെ വീറോടെ നയിച്ച് വിജയംവരിച്ച് രാജാവിനെ കിരീടം ധരിപ്പിക്കുക ലോകചരിത്രത്തിൽ ഒരു കാലത്തും ഉണ്ടാകാത്ത ഒരു സംഭവമാണ്. അതിന്റെ രഹസ്യം ഗ്രഹിക്കുവാൻ അധികമാർക്കും കഴിഞ്ഞില്ല. തന്മൂലം തെറ്റിദ്ധാരണയും സ്വാർത്ഥചിന്തയും മൻവിധിയും പലരേയും വഴിതെറ്റിച്ചു. അവളെ അതിരുകടന്ന ശിക്ഷയ്ക്കു വിധേയമാക്കുകയും ചെയ്തു. കത്തോലിക്കാസഭയിലെ ചില അധികാരികളും അതിൽ പങ്കെടുത്തിട്ടുണ്ട്. വ്യക്തിപരമായ ആ തെറ്റ് സഭയുടെമേൽ കെട്ടിവെച്ച് ആക്ഷേപവർഷം ചൊരിയുവാൻ സഭാശത്രുക്കൾ മുതിരുന്നുമുണ്ട്. സഭയ്ക്കു് ആ പാതകത്തിൽ പങ്കില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

കത്തോലിക്കാസഭയ്ക്കു് വി. ജോവാന്റെ വധത്തിൽ യാതൊരു കൈയുമില്ലെന്നു മാത്രമല്ല, അവളുടെ ജീവിതത്തെ മഹത്ത്വത്തിനും ദൈവിക ദൗത്യത്തിനും അംഗീകാരം നല്കി അവളെ യഥോചിതം ബഹുമാനിക്കുകകൂടി ചെയ്തിട്ടുണ്ട്.

വി. ജോവാനു നല്കപ്പെട്ട ശിക്ഷ മനുഷ്യോചിതമല്ല, ശരിതന്നെ. എന്നാൽ വിമർശകർ ഒരു കാര്യം മനസ്സിലാക്കണം,

ലോകനീതിശാസ്ത്രത്തിന്റെ പ്രയോഗത്തിൽ വൈകല്യങ്ങൾ ദുർല്ലഭമല്ലെന്ന്. ഓരോ കാലത്തും ഓരോ ദേശത്തും ഇങ്ങനെയുള്ള സംഭവങ്ങൾ ധാരാളമുണ്ടായിട്ടുണ്ടെന്ന് ചരിത്രത്തിന്റെ ഏടുകൾ മറിച്ചാൽ കാണാൻ പ്രയാസമില്ല. ഓരോ കാലത്തുമുള്ള ചിന്താഗതിയിലുള്ള വ്യത്യാസവും കാരണങ്ങളാണ്. ഇന്നു സർവ്വാദരണീയമായിക്കരുതുന്ന ശിക്ഷാനിയമം അടുത്ത തലമുറയുടെ ദൃഷ്ടിയിൽ എങ്ങനെ ആയിരിക്കുമെന്ന് ആക്കിയാം.

ദൈവദൂഷകരേയും വ്യഭിചാരികളേയും കല്ലെറിഞ്ഞു കൊല്ലണമെന്നായിരുന്ന യഹൂദനിയമം. മഹാതത്വശാസ്ത്രജ്ഞനായിരുന്ന സോക്രട്ടീസിനെ പൗരജനം നിർബന്ധിച്ചു വിഷം കുടിപ്പിച്ചല്ലെ കൊന്നത്? ഭർത്താവു മരിച്ചാൽ ജീവിച്ചിരിക്കുന്ന വിധവ ഭർത്താവിന്റെ ചിതയിൽ ചാടി ജീവനോടെ ദഹിച്ചു കൊള്ളണമെന്നല്ലായിരുന്നോ ഇൻഡ്യയിലെ സാമൂഹ്യശാസ്ത്രവിധി? ക്രിസ്ത്യാനികളെ കൊന്നൊടുക്കുന്നതിനു ക്രിസ്തുമതവൈരികൾ അവലംബിച്ച ദണ്ഡനരീതി എത്ര കിരാതമായിരുന്നു! ഇന്നും റഷ്യൻ തുറുങ്കുകളിൽ നടക്കുന്ന പാതകങ്ങൾ എത്ര ഭീകരം! ഇവയെല്ലാം കടുത്ത തെറ്റുകൾതന്നെ. പക്ഷേ അതു പ്രവർത്തിക്കുന്നവരുടെ ചിന്താഗതി മറിച്ചാണെന്നുമാത്രം. നന്മ ചെയ്യുന്നുവെന്നാണവരുടെ വിചാരം. അന്നും, ഇന്നും, എന്നും ഈവക അനീതികൾ ലോകത്തിൽ കാണും. വ്യക്തികൾ– പ്രവർത്തിച്ചവർ– മാത്രം കുറക്കാർ.

മഹാത്മാഗാന്ധിയെ ഒരു മതഭ്രാന്തൻ കൊലചെയ്തു. അതു ഇൻഡ്യാക്കാരുടെയോ ഹിന്ദുക്കളുടെയോ തലയിൽ കെട്ടിവെയ്ക്കാമോ? അതുപോലെ ചരിത്രപക്ഷങ്ങൾ തുറന്നാൽ പല അനീതികളും കാണും. ആ ഹീനകൃത്യങ്ങൾ ചെയ്യുവരുടെ ബോധാന്ധകാരമാണ് അവയ്ക്കു നിദാനം. ആകയാൽ വി. ജോവാന്റെ ദുർവിധിക്ക് ചില സഭാധികാരികൾ ഹേതുഭൂതരായിട്ടുണ്ട്. സഭ അതിനുത്തരവാദിയല്ലെന്നുമാത്രം.

ചരിത്രവസ്തുതകളിൽനിന്നു വ്യതിചലിക്കാതെയാണ് ഞാൻ കഥാഘടന നിർവ്വഹിച്ചിരിക്കുന്നത്. കഥാപാത്രങ്ങളും ചരിത്രപുരുഷന്മാർതന്നെ. എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ട്. പ്രധാനപങ്കു വഹിച്ചവരെ മാത്രമേ രംഗത്തു കൊണ്ടുവന്നിട്ടുള്ളൂ. സംഭവബാഹുല്യത്തെ കഴിവതും ഒതുക്കുന്നതിനു യത്നിച്ചിട്ടുമുണ്ട്.

വിഷയം വീഴ്ച്ചയെപ്രധാനമായതുകൊണ്ട് ചിരിപ്പിക്കുന്നതിനുള്ള വക കുറവാണെങ്കിലും ചിന്തിപ്പിക്കുന്നതിനുള്ളവ ധാരാളം കാണുമെന്നാണെന്റെ വിശ്വാസം. ഭാഷ ലളിതവും ഉത്തേജകവുമായിരിക്കുന്നതിനും ഭാവവും രീതിയും ആസ്വാദ്യജനകമായിരിക്കുവാനും ആവതും ശ്രമിച്ചിട്ടുണ്ട്. എത്രകണ്ട് വിജയപ്രദമായിട്ടുണ്ടെന്നു തീരുമാനിക്കേണ്ടതു് അനുവാചകരാണ്.

ഭാഷയിലെ, നാടകശാഖയിലേയ്ക്കുള്ള എന്റെ ആദ്യകാൽവെയ്പ്പാണിതു്. ഇനിയും മുൻപോട്ടു പോകണോ, അതോ പിൻപോട്ടു തിരിയണോ? കലാകുതുകികളാണു് അതു പറയേണ്ടതു്. കൈരളീഭക്തരുടെ മുമ്പിൽ സ്ഥിതിചെയ്യുന്ന നടനവേദിയിലേയ്ക്കു് ഞാനിതാ എന്റെ "വീരകന്യക"യെ കയറ്റിവിടുന്നു. ആ കറയറ്റ കന്യക അവളെ നയിച്ച ആ "ദിവ്യസ്വര"ത്തിന്റെ മധുരിമയിൽ സഹൃദയഹൃദയങ്ങളെ ലയിപ്പിക്കുമെങ്കിൽ! ഞാൻ കൃതാർത്ഥനായി.

ഈ ചെറുകൃതിയുടെ പ്രസാധനം സസന്തോഷം ഏറ്റെടുക്കുകയും ഭംഗിയായി മുദ്രണംചെയ്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്ത എന്റെ പ്രേക്ഷുസുഹൃത്തു് റവ. ഫാ. വിൽഫ്രിഡ് സി. ഡി. അവർകൾക്കു് എന്റെ അകമഴിഞ്ഞ കൃതജ്ഞത.

കൊഴുവനാൽ,
15 – 8 – '54.

ഗ്രന്ഥകർത്താ.

കഥാപാത്രങ്ങൾ

ജാക്വീസ്
ഇസാംബോ
ജോവാൻ
സൈമൺ
റോബർട്ട്
ഒളിവർ
ജിയാൻ
ചാറത്സ് രാജകുമാരൻ
റീംസിലെ ആർച്ചുബിഷപ്പ്
ലോർഡ് ചാൻസ്‌ലർ ടമോയിൽ
ബർഗണ്ടിപ്രഭു ബെഡ്ഫോർഡ്
സർ വില്യം
ഡുണോയിഡ്
ബോവിയർ
ലാഹയർ
ബിഷപ്പ് കൗഷൻ
വിൻചെസ്റ്റർ
വാർവിക്ക്
ലോസ്റ്റിയർ
ഫാ. ജോൺ മാഷ്യോ
സന്ന്യാസി ഫാ. മാർട്ടിൻ
ഭടൻ

വീരകന്യക

അഥവാ

വിശുദ്ധ ജോവാൻ

അങ്കം 1

രംഗം 1

(ഒരു ഗ്രാമീണഭവനം. കുടുംബനാഥൻ, ജാക്യൂസ് സാധാരണവേഷത്തിൽ. അസ്വസ്ഥനായി പിറുപിറുത്തുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഒടുവിൽ കോപവും നിരാശയും കലർന്ന സ്വരത്തിൽ)

ജാക്യൂസ്. (പ്രകാശം) നോക്കണേ, ഓരോ മാരക്കംവന്നു തലയിൽക്കയറുന്നത്! എന്തുചെയ്യാം? വരാനുള്ളതു വഴിയിൽത്തങ്ങുമോ? കഷ്ടകാലത്തിന്റെ നേരത്ത് ഓരോന്നുണ്ടായിക്കൊള്ളും. എല്ലാറ്റിനേയും ഞാൻ അടിച്ചിറക്കും. എനിക്കു മാനമായി ജീവിക്കണം.

(വേലക്കാരൻ സൈമൺ സ്വരം കേട്ട് മറവിൽനിന്നു പ്രത്യക്ഷപ്പെടുന്നു. ഗൗരവലേശമില്ലാതെ സംസാരം തുടങ്ങുന്നു.)

സൈമൺ. ഇതെന്നാ, ഏമാനേ. ഏമാനിന്നെന്നാ. എടത്തോട്ടാണോ എണീറ്റെ. ഇതാരോടാ ഈ കലമ്പുന്നെ. തങ്ങതി എന്നാ. ഇങ്ങു പറഞ്ഞേച്ചാ മതിയല്ലോ. ഈ സൈമൻ കുഞ്ഞ് ഇവിടെ ഒണ്ടല്ലോ.

ജാക്യൂസ്. (കോപത്തോടെ) താൻ പോടോ തന്റെ വഴിക്ക്, തന്നേ ഇങ്ങോട്ട വിളിച്ചോ.

സൈ. (വിനയത്തോടെ. പരിഭവഭാവത്തിൽ) ഞാം പൊക്കോളാവേ. അല്ലേലും സൈമന് എപ്പഴും ആട്ടും തീട്ടമേ ഒള്ളൂ

മിച്ചം. ഇങ്ങനെ തൊടങ്ങിയാലിവിടെ ഒരു തവുക്കോം ഒണ്ടാകേല അത്രേ ഒള്ളു. ഇങ്ങനെ അല്ലാരുന്നു ഇത്രേം നാളും. ചെയിത്താന്റെ ഒരു കളിതൊടങ്ങിയിരിക്കാ. ഒരു തമിശയോവില്ല.

ജാക്കൂ. എന്ത്യേ നിന്റെ കൊച്ചമ്മ. അവളോടിങ്ങോട്ട വരുവാൻ പറയുക.

സൈ. എന്നിട്ടുവേണം ഇവിടെക്കെടന്നു തമ്മിത്തല്ലാൻ. അയിലുവക്കത്തൊള്ളോരു് അവടെയെങ്ങാൻ കെടന്നോട്ടെ.

ജാക്കൂ. തന്നോട പറയാനല്ലേ പറഞ്ഞതു്. മറ്റൊന്നും താനറിയേണ്ടാ.

സൈ. ഞാമ്പറഞ്ഞേക്കാവേ, പറഞ്ഞേക്കാം. വയ്യാവേലി ഒന്നു പൊണ്ടാക്കിയേക്കരുതു്. അത്രേ ഇനിക്കു പറയാനൊള്ളു. (അല്പം നടന്നു് അകത്തേയ്ക്കുനോക്കി) കൊച്ചമ്മേ, കൊച്ചമ്മേ ഇങ്ങോട്ടൊന്നവരാൻ, ഏമാനാണ്ടേ വിളിക്കുന്നു. (ഇസാംബോ വരുന്നു. വഴിക്കു് അവളോടായി) പിന്നിയെ കൊച്ചമ്മേ ഇന്നു മൂത്താ ഇരിക്കുന്നെ കേട്ടോ. കൊപ്പര പൊന്നും ഒപ്പിച്ചേക്കരുതു്. പിടിക്കുന്നെടത്തുവെച്ചു കണ്ടിക്കുന്നതാ സൊഭാവോന്നു് അറിയാവല്ലോ.

ഇസാം. എന്തിനാ ഇങ്ങോട്ടു വിളിച്ചതു്.

ജാക്കൂ. എന്താ വിളിക്കാൻമേലെ. എന്തിനെന്നു പറയാം. എന്ത്യേ നിന്റെ മകൾ. മനുഷ്യരുടെ മുഖത്തുനോക്കാൻ മേലെന്നായി. പെൺകുഞ്ഞുങ്ങളെ തള്ളമാർ നിർത്തണ്ടെടത്തു നിത്തണം. വിനയത്തോടെ വളത്തണം. എന്നതാ ഈ കേൾപ്പിക്കുന്നതൊക്കെ.

ഇസാം. എന്തിനാ ഇത്ര കോപിക്കുന്നതു്. പറയാനുള്ളതു പറഞ്ഞാൽ പോരെ. എന്നതാ അവളെപ്പറ്റി ഇത്ര കേൾക്കരുതാത്തതു കേട്ടതു്. അവൾ എല്ലാ ദിവസവും പള്ളിയിൽ പോകുന്നുണ്ടു്. ദിവ്യകമ്മങ്ങളിൽ പങ്കെടുക്കുന്നുമുണ്ടു്. തിരിച്ചുവന്നു് അവളുടെ ചുമതലകൾ കുറവുകൂടാതെ ക്രമമായി നിവ്വഹിക്കുകയും ചെയ്യും. അല്ലാതെയൊന്നും ഞാൻ കാണുന്നില്ല. വല്ലവരും വല്ലതും പറയുന്നതിനു ചെവി കൊടുക്കണ്ട.

ജാക്കൂ. മതി മതി. അതുമാത്രമായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. അതിന്റെ ഗുണമാ ഈ കേൾക്കുന്നതൊക്കെ.

ഇസാം. വേറെ എന്നതാ കേട്ടത്. ഈ ഡോംറെമി ഗ്രാമത്തിൽ ഒരൊറ്റയാൾ അവളുടെ സ്വഭാവത്തെപ്പറ്റി കുറ്റം പറയുമെന്ന് എനിക്കു തോന്നുന്നില്ല. ഞാനങ്ങനെയൊന്നുമല്ല അവളെ വളർത്തുന്നത്.

സൈമ. (മറവിൽനിന്നു തലകാണിച്ച്) അതാ ഏമാനെ ഞാനുമ്പറേന്നേ. നമ്മുടെ കുഞ്ഞ് മറ്റു പെമ്പിള്ളേരേപ്പോലെ കൂട്ടുകൂടാനോ, കളിച്ചുനടക്കാനോ വിനോദിക്കാനോ ഒന്നും പോകേല.

ഇസാം. ഞാൻ അവളെ നൂൽ നൂൽപ്പും തയ്യലും ഭംഗിയായി പ്രാപ്തിച്ചിട്ടുണ്ട്. ഈ റൂവൻ പട്ടണത്തിലെ ഏതെങ്കിലും ഒരു സ്ത്രീ അങ്ങനെ ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല. എഴുത്തും വായനയും അധികമൊന്നും പഠിപ്പിക്കാൻ സാധിച്ചിട്ടില്ല. അതു നമ്മുടെ കഴിവില്ലായ്മകൊണ്ടാണ്.

സൈമ. തക്കമൊണ്ടോ കൊച്ചമ്മേ, ആ കുഞ്ഞു പള്ളീന്നു വന്നാപ്പിന്നെ ഒരു നിമിഷോം കളയേല. എപ്പോഴും നൂലെടുക്കേം തയ്ക്കേം ചെയ്യുന്നകണ്ട് ഇനിക്ക് പാവം തോന്നീട്ടൊണ്ട്.

ഇസാം. ഞാൻ നിലവിട്ടൊന്നും ലാളിച്ചിട്ടില്ല. നിർത്തരുതാത്തിടത്ത് നിർത്തീട്ടുമില്ല. വിനയമില്ലാതെ ഒരൊറ്റവാക്ക് ഉരിയാടിക്കേട്ടിട്ടില്ല. ഇതുവരേയും ഒന്നും അനുസരിക്കാതെയും ഇരുന്നിട്ടില്ല.

സൈമ. അതു നേരാ. ഈ ഞാമ്പറഞ്ഞാപ്പോലും ഒരു തക്കോം ക്രൂരതെ ചെയ്യും. ആ കുഞ്ഞെത്ര പാടുപെട്ടന്നു. എൻറെ തമ്പിരാനെ അവളെന്നാ ചെയ്യുന്നാ ഈ മനക്ഷേമ്പറേന്നെ. എത്ര നല്ല പെങ്കുഞ്ഞ്. പാവങ്ങളോട് എത്ര കരുണയൊണ്ടെന്ന് ഈ ഞാൻ നല്ലപോലെ അറിഞ്ഞിട്ടൊണ്ട്.

ജാക്വ്. മതിയെടോ മതി. തനിക്കും കൊച്ചമ്മയ്ക്കും നല്ലതായേച്ചാൽ മതി. എടുത്തു തലയിൽ വെച്ചോളിൻ.

സൈമ. എൻറെ ഏമാനേ ഇനിക്കും കൊച്ചമ്മയ്ക്കും തന്നെയല്ല. ഈ ഗ്രാമത്തിയോവാൻ കുഞ്ഞിനോട് താൽപര്യമില്ലാത്ത ഓരാളേ കാണിച്ചുതരാവേക്കൊള്ളാം. എന്നാ ഞാനമ്മതിച്ചുതരാം. അവടെ ബക്കിതി എത്ര ഒറച്ചതാന്നറിയാവോ. എത്ര തോണ ഞാങ്കണ്ടിരിക്കുന്നു, വേലയ്ക്കുടേല് അവള

മുട്ടേനിന്ന് കണ്ണുനീരോടെ അപേക്ഷിക്കുന്നെ. ഇനിപ്പിന്നെ എങ്ങനെ ആയാലാ എല്ലാക്കും ഇഷ്ടപ്പെട്ടന്നെ കറയില്ലാത്ത ആ മാടപ്പിറാവ്. എപ്പോഴും പുഞ്ചിരിതൂകിക്കോണ്ടേ നടക്കു. ദൈവപേടിയോടെ നടക്കുന്നതാ എല്ലാക്കും കൊറാം.

ഇസാം. എനിക്കറിയാം അവൾക്ക പ്രായത്തിനപ്പുത്ത പാകതയും വിവേകവും സാമർത്ഥ്യവുമുണ്ടെന്ന്. ആത്മീയകാര്യങ്ങളിൽ കൂടുതൽ പ്രതിപത്തിയുണ്ടെന്നുള്ളതു ശരിതന്നെ. അതുകൊണ്ട് അവളുടെ ചുമതലകൾ വിട്ടുകളയുന്നില്ല. അടക്കമുള്ളവളാണ്. ആഡംബരഭ്രമവുമില്ല. അതുകൊണ്ട് എനിക്ക നല്ലതുതന്നെ, ഞാൻ അവളെ തലയിൽ കേറുന്നില്ല. കൊറം പറയുന്നതു കൊള്ളാം. പക്ഷേ കുറച്ചെല്ലാം കായ്യവും വേണം. കായ്മില്ലാതെ വരച്ചവരേൽ നിത്തുന്ന പലടത്തേയും അനുഭവം കാണാൻ മേലേ.

സൈമ. ബക്കിതിയെടെ മറേല് പലടത്തും പലതും കേക്കാറൊണ്ട്. പക്ഷേ നമ്മുടെ കുഞ്ഞിനെപ്പറ്റി അങ്ങനെയൊന്നും പറയാങ്കാണുകേല. അല്ലേലാരാന്നാ ഒന്നു പറേട്ടെ. കാണാല്ലോ.

ജാക്യൂ. (ശാന്തമായി) നിങ്ങൾ പറഞ്ഞതൊക്കെ നേരാണ്. എനിക്കും അതിനൊന്നും വിരോധമില്ലായിരുന്നല്ലോ. എന്നാൽ ഇപ്പോൾ കേൾക്കുന്നതു്, അതാണെന്നെ വിഷമിപ്പിക്കുന്നതു്.

ഇസാം. എന്നാലെന്താണെന്നു പറയരുതോ.

ജാക്യൂ. അതോ, അവൾ സേനകളെ നയിക്കാൻ പോകുന്നു. ചാറത്സുരാജകുമാരനേ റീംസിൽവെച്ചു മുടിചൂടിക്കാനൊരുങ്ങുന്നു. എന്താപോരെ ഇനി വല്ലതും വേണോ. ഇവിടെയെങ്ങാനും കെടന്നപൊറുക്കണോ. നീക്കുടെ ചെല്ല്. ചക്രവത്തിനിയാകാം.

സൈമ. എന്റെ തമ്പിരാനെ, നീററിലും നെലേലും നിർത്തുകേലല്ലോ. വല്ലോരും വല്ലോം പറേന്നേനു നമ്മക്കെന്നാ. ഇതാരു വിചാരിക്കാനാ ആ പിഞ്ചുകുഞ്ഞാ അതൊക്കെ ചെയ്യാമ്പോകുന്നെ.

ഇസാം. ആ വർത്തമാനം ഞാനും കേട്ടു. അവൾക്ക ദർശനമുണ്ടായെന്നും സൈന്യത്തെ നയിച്ചു് ഇംഗ്ലീഷുകാരേ കീഴടക്കി രാജകുമാരനെ വാഴിക്കണമെന്നു ദൈവം അവളോടു

കല്ലിച്ചിരിക്കുന്നുവെന്നും മറ്റും. വയസ്സു പത്തുപതിനേഴായില്ലേ. ആ പ്രായത്തിൽ ചില സ്വപ്നങ്ങളും മനോരാജ്യങ്ങളുമൊക്കെ ഉണ്ടാകും. അതിനു കുറവു വരുത്താൻ ഈ വഴക്കൊന്നും വേണ്ടാ. അവളിപ്പോൾ ചിറ്റപ്പന്റെ വീട്ടിൽ പോയിരിക്കയല്ലെ. വന്നാലുടനെ നമ്മുടെ നിലയ്ക്കു പറ്റിയ ഒരു കല്യാണം ആലോചിച്ചു നടത്തിയേച്ചാൽ മതി.

സൈമ. അതുതന്നെ. അതുപറകൊച്ചമ്മേ. അതാ വേണ്ടേ, ഓരോന്നിനുമൊണ്ടു് ഒരോ കാലം. അതല്ലേ കൊച്ചമ്മ ബുദ്ധിയൊള്ളോളാന്നു ഞാമ്പറേന്നെ. അല്ലേ, കൊച്ചമ്മേം ഈ വേലീം കടമ്പോം ഒക്കെക്കടന്നല്ലേ പോന്നെ. വേണ്ടതു വേണ്ടപ്പം കാന്നോമ്മാരു ചെയ്യാത്തതുകൊണ്ടു് ഓരോ കുട്ടപ്പൊക്കെ എതിലെ എല്ലാം കേക്കുന്നു. കേപ്പിക്കുന്നു. അതുകൊണ്ടു് ചേഴമ്പേരുടെ തലേത്തീകോരിയിട്ടുകൊണ്ടു് ഒരു പലോവില്ല. എമാനൊന്നു മനതുവെച്ചാമതി. ഒന്നുവറിയാതെ അങ്ങു നടന്നാപ്പോരാ.

ജാക്കൂ. ഞാനെവിടെച്ചെന്നാണു് ഉടനെ ഒത്ത ഒരാളെകണ്ടു പിടിക്കുന്നതു് പണവും വേണ്ടേ. പറയുന്ന മാത്രയിൽ നടത്തുവാൻ പറ്റുമോ. കൊല്ലം രണ്ടുമൂന്നായി ഞാനും മനസ്സിൽക്കാണുവാൻ തുടങ്ങിയിട്ടു്. ഒന്നുപറഞ്ഞുറപ്പിച്ചുവെച്ചുകൊണ്ടിരിക്കയായിരുന്നു, അതും തെറ്റിക്കാണും, പെണ്ണു തല തെറിച്ചതാണെന്നു കേൾപ്പിച്ചില്ലേ. ഇനി അമ്മയും മകളും ക്രൂടെ നടത്തു്.

സൈമ. എന്റെ ഏമാനേ, മെയ്യേക്കൊള്ളാൻ കഴിയേലാത്തപ്പം മണാകുണാന്നു പറച്ചിലു പതിവാ. അപ്പം കുറേറാം കൊറേം എമ്പിടികാണും. മനതിച്ചക്കരമതിരിക്കേലന്നു കേട്ടിട്ടില്ലെ. അമ്മേം മക്കളുംക്രൂടെ നടത്തുന്നടത്തെ കൊണപൊക്കെ അറിയാമ്മേലെ, അവനോം ചെയ്യാനൊള്ളതു് അവനോന്തന്നെ ചെയ്യണം. ഇന്നു കല്യാണം നടത്താൻ വല്യ വെഴമവൊന്നുമില്ല. എത്ര ആമ്പിള്ളേരു മെനക്കെട്ടു നടക്കുന്നു കരമിശേം, മുറിമിശേം വെച്ചു് കൃതാവുതായ്ത്തുവെട്ടി. വാച്ചും കണ്ണാടിഒക്കെആയി. കണ്ടാക്കൊള്ളാവോ. പണോംവേണ്ടാ കൊണോംവേണ്ട. നമ്മുടെ കുഞ്ഞിനേക്കണ്ടാ നല്ല ഒരു വാക്കാലില്ലേ. പിന്നെ എന്നാ കുറവം. ഇ

നിക്ക ചെലപ്പം തോന്നും, നമ്മുടെ ആ മൈക്കിളില്ലേ, അവനേക്കൊണ്ടങ്ങു നടത്തിയാലെന്താന്ന്. എന്താ കൊച്ചമ്മേ കൊള്ളുകേലെ.

ജാക്കൂ. നടക്കുമെങ്കിൽ കൊള്ളാം. ഇക്കാലത്തെ പിള്ളേരുടെ അലഞ്ഞുനടപ്പൊന്നും അവനില്ല. അവന്റെ വേല അവൻ നോക്കും. വേല ചെയ്യാതെ മാനമായിക്കഴിയണമെന്ന വിചാരം അവനില്ല. ഭാവി നന്നായിക്കൊണ്ടുപോകുന്നതിനു റ്റു ശ്രമിക്കുന്ന ഒരു യുവാവാണ്. വലിച്ചും കുടിച്ചും ഒഴപ്പിനടന്നും കാശുകളകയുമില്ല. വലിയ സമ്പത്തൊന്നുമില്ലന്നേയുള്ളു. നല്ല സ്വഭാവം. നല്ല ആരോഗ്യം. കാഴ്ചയ്ക്കും കുറവില്ല.

സൈമ. എന്തിനാ ഏമാനേ അതികം തമ്പത്ത്. ഒള്ളടത്തൊക്കെക്കൊണാമ്മേലെ. തേച്ചുമിനുക്കി പൊടിപറ്റാതെ നടക്കും. വേലേ ഇല്ല ജോലി ഇല്ല. ഇച്ചിരെ പടിത്തംക്രൂടെ ഒണ്ടേ പറയേംവേണ്ടാ. ചീട്ടുകളിം പാസുകളിം– കുടിം ക്രുത്തായ്ട്ടോം– അങ്ങുമിങ്ങും കേറി എറങ്ങിച്ചേം. ഒന്നും പറയണ്ടാ. പെണ്ണും ആണും എല്ലാം ചെരിയാ. നേരും നെറിവുമൊള്ളോരെത്രയൊണ്ട്. മൈക്കളിനെ പണം കൊറച്ചു കൊറവാണന്നേ ഒള്ളല്ലോ. അതങ്ങനെ കേറീം എറങ്ങീം കെടക്കും. അവൻ ഒരു ദൈവാനുഗ്രഹമൊള്ള കൊച്ചനാ. അതുമതി നടക്കട്ടെ ഏമാനേ. അങ്ങു നടക്കട്ടെ.

ഇസാം. എല്ലാം ഒത്തുകിട്ടുമോ. പണം അധികമുണ്ടായാൽ ദൈവത്തെ ഓർമ്മിക്കയില്ല. പണത്തിന്റെ ഒരു തണ്ടു കാണും. നീതികേടൊക്കെ പണംകൊണ്ട് തൽക്കാലം മൂടിയിരിക്കും. അതുയേ ഉള്ളു. കുടുംബത്തിന്റെ കുലീനതയും ആളിന്റെ ജീവിതവിശുദ്ധിയുമാണ നോക്കേണ്ടത്. നമുക്കും അങ്ങനെ വലിയ പണശ്ലേഷിയില്ലല്ലൊ. തന്നിൽ വവിയ ബന്ധുത്വം കൊള്ളുകയില്ല. അതുകൊണ്ട് പറഞ്ഞതു് നടത്താൻ നോക്കാം. അവളെ സമ്മതിപ്പിക്കുന്ന കായ്മാണ വിഷമം. കാരണവന്മാർ പറഞ്ഞുകൊണ്ടുവരുന്നതു് അവരുടെ മനസ്സിനിണങ്ങിയെന്നു വരുകയില്ല. അവനെക്കൊണ്ടതന്നെ നമുക്കൊന്നു ചോദിപ്പിച്ചാലെന്താ.

സൈമ. ഞാമ്പറഞ്ഞില്ലേ, കൊച്ചമ്മ അതു പോഴിയല്ലെന്ന്. ഇക്കാലത്തു് എതു മനതില്ലാത്തോക്കും മനതു വരുത്തുന്ന

ഒരു വിജ്യയല്ലേ അത്. ചുമ്മാതെയല്ല ഞാമ്പറഞ്ഞേ കൊച്ചമ്മ ഏതെല്ലാം ആറും തോട്ടം കടന്നാ ഇവിടെ വന്നെന്ന്.

ജാക്യൂ. എങ്ങനെ ആയാലും വേണ്ടില്ല. ആരും ഒന്നും പറഞ്ഞു കേൽക്കാനിടയാകരുത്. സ്വന്തം ജോലിനോക്കി അടങ്ങി പ്പാത്തുകൊള്ളാൻ പറഞ്ഞേക്കണം.

കർട്ടൻ

രംഗം 2

(സമയം രാത്രി 8 മണി. ഇരുനില മാളികയിലെ വിശാലമായ ഒരു മുറി. രാജ്യത്തെ രണ്ടു പ്രമുഖ വ്യക്തികളും മേശയുടെ അടുത്തു സംസാരിച്ചുകൊണ്ടിരിക്കുന്നു. ഉചിതമായ വേഷം.)

റോബർട്ട്. ഒളിവർ, നിങ്ങൾ ഒരു സേനാനായകനല്ലേ; നിങ്ങൾക്ക് എന്തു തോന്നുന്നു? നമ്മുടെ മാതൃഭൂമിയുടെ ഇന്നത്തെ സ്ഥിതി രാജഭക്തർക്കും രാജ്യസ്നേഹികൾക്കും സഹ്യമോ? ഈ ദുരവസ്ഥ ഇങ്ങനെ എത്രനാൾ നീണ്ടുനില്ക്കും? ഫ്റാൻസുരാജ്യം നാമാവശേഷമാകയോ? ആരുണ്ട് രാജകുമാരന്റെ പക്ഷത്ത്.

ഒളിവർ. ദേശീയബോധമുള്ള ഒരു ജനതയ്ക്കും ഇതു കണ്ടിട്ട് കണ്ണടയ്ക്കുവാൻ കഴിവില്ല. എങ്കിലും എവിടെയും സ്വാർത്ഥതമാത്രം. ലോയർനദിയുടെ ദക്ഷിണഭാഗത്തുള്ളവർ മാത്രം ജാതീയബോധവും ആത്മാഭിമാനവും പുലർത്തുവാൻ പരിയത്നിക്കുന്നു. അവർ രാജഭക്തരുമാണ്.

റോബ. സ്വാതന്ത്ര്യം കൈവരിക്കുവാനും ഏകീകരണം സാധിക്കുവാനും പറ്റിയ ഒരു സന്ദർഭമായിരുന്നു ഇത്. ബർഗണ്ടിയൻകക്ഷി ഫ്റാൻസിന്റെ റീജന്റും അവകാശിയുമായി സ്വീകരിച്ച ഹെൻട്രി-ഇംഗ്ലണ്ടിലെ രാജാവ്-ഇതാപെട്ടെന്ന് അന്തരിച്ചിരിക്കുന്നു. ഇംഗ്ലീഷുകാരുടെ പ്രാബല്യം തന്മൂലം ദുർബലമായിട്ടുണ്ട്.

ഒളി. കാര്യം ശരിയാണ്. പക്ഷേ നമ്മുടെ രാജകുമാരൻ അവസരോചിതം ചതുരതയോടെ പ്രവർത്തിക്കുവാൻ അത്ര

കെൽപ്പുള്ളയാളല്ല. അദ്ദേഹം സുഭഗനാണ്, വശ്യവചസ്സാണ്, അതിരറ്റ ദയാലുവുമാണ്. എങ്കിലും ഒരു രാജാവിന് അവശ്യം ഉണ്ടായിരിക്കേണ്ട പ്രാഗത്ഭ്യം, ബുദ്ധിപ്രഭാവം കർമ്മധീരത മുതലായ ഗുണങ്ങളില്ലെന്നമാത്രം. അദ്ദേഹം ഒന്നും അറിയാത്തമട്ടിൽ ഒരു സുഖേച്ഛുവായി കഴിയുന്നു. യുദ്ധത്തെ വെറുക്കുകയും ചെയ്യുന്നു.

റോബ. എന്നാൽ ദുർവൃത്തയായിരുന്ന തന്റെ മാതാവ് ഇസബെല്ലായേ അദ്ദേഹം ആട്ടിപ്പുറത്താക്കിയല്ലോ. അദ്ദേഹത്തിന്റെ നീതിനിഷ്ഠയേയും സത്യസന്ധതയേയും ധീരോദാത്തതയേയും സ്പഷ്ടമാക്കുവാൻ വേറെ എന്തു തെളിവാണു വേണ്ടതു്.

ഒളി. ഹെൻട്രിയുടെ അനന്തരൻ ഒരു ശിശുവായതുകൊണ്ട് അദ്ദേഹത്തിന്റെ സഹോദരൻ ബെഡ്ഫോർഡു പ്രഭു ഫ്റാൻസിന്റെ റീജന്റായി പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കയാണ്. അധികാരപ്രമത്തതയോടെ ഭരണം ആരംഭിച്ചിട്ടുമുണ്ട്.

റോബ. ലെവർന്യൂൽ യുദ്ധപരാജയത്തോടെ രാജകുമാരന്റെ ആത്മധൈര്യം തീരെ അറ്റുപോയി. ബർഗണ്ടിയുമായി ചില രാജിയാലോചനകൾ നടക്കുന്നുണ്ട്. അതു് ഒരു പ്രകടനത്തിൽ കവിഞ്ഞൊന്നുമില്ലെന്നാണെന്റെ പക്ഷം. എന്തു ചെയ്യണമെന്ന് ഇപ്പോൾ അദ്ദേഹത്തിനൊരു തുമ്പുമില്ല. ആത്മവീര്യം കെട്ടാൽ പിന്നെ എന്തിനു കഴിയും. ചില ദുർബുദ്ധികൾ അടുത്തുകൂടിയിട്ടുണ്ട്. അവരുടെ ഒരു പാവയായിരിക്കുകയാണ്. പിന്നെ എന്തു ചെയ്യും?

ഒളി. എക്കാലത്തും ഇതുതന്നെ അനുഭവം. ശ്രദ്ധാത്മാക്കളായ രാജാക്കന്മാരുടെ ചുറ്റും ചില കിങ്കരന്മാർ പറ്റിക്കൂട്ടും. ആ സ്വാർത്ഥമതികളുടെ ദുരാലോചന എത്രയെത്ര ജനതയേയാണ് അടിമത്തത്തിലാഴ്ത്തിക്കളഞ്ഞിട്ടുള്ളതു്.

റോബ. സേനാനായകനായ റിഷ്മോണ്ട് ആ ദുർമ്മതികളെ ആട്ടിപ്പുറത്താക്കുവാൻ യത്നിച്ചു. പക്ഷേ കലാപം വർദ്ധിക്കുന്നതിനെ അതു പ്രയോജകീഭവിച്ചുള്ളൂ. അദ്ദേഹം തിരസ്കൃതനായി. ടമോയിലിന്റെ പിടിയിൽ രാജകുമാരൻ കുടുങ്ങുകയും ചെയ്തു.

ഒളി. ഇസബെല്ലാ ഇപ്പോൾ ബർഗണ്ടിയൻ പക്ഷത്താണ്. ബർഗണ്ടി, ബ്രിട്ടനി, ആൻജോ തുടങ്ങിയ പ്രഭുക്കന്മാർ ഇംഗ്ലീഷ് പക്ഷവത്തികളും. എന്താ പോരെ, ഫ്റാൻസിന്റെ അധഃപതനത്തിന് ഇനി വേറെ വല്ലതും വേണോ? മാതൃഹത്യക്കാണ് അവർ മുതുനുന്നതെന്ന് അവർ കരുതുന്നില്ല. എന്തു ചെയ്യാം. ആലോചനാപൂർവ്വം ഒത്തൊരുമിച്ച് പ്രവത്തിക്കുന്നില്ലെങ്കിൽ നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടുതന്നെ.

റോബ. 14–ാം നൂറ്റാണ്ടിന്റെ അന്തിമഘട്ടത്തിൽ വിതച്ചതാണ് അസമാധാനത്തിന്റെ ഈ വിത്ത്. പ്രഭുക്കന്മാരുടെ ദുർഭരണം എല്ലാവരേയും ശ്വാസംമുട്ടിച്ചു. സാമ്പത്തികവും സാമുദായികവുമായ അസമത്വങ്ങൾ അതിനു മൂർച്ചകൂട്ടി. അന്നുമുതൽ ഒന്നിനുപിറകെ ഒന്നായി തുടങ്ങിയ കലാപങ്ങൾ നമ്മുടെ നില ഇത്തരത്തിലാക്കി.

ഒളി. അന്നു മാപ്പുപ്പായുടെ ധാർമ്മികശക്തി സ്വീകൃതമായിരുന്നു. തന്മൂലം നീതി നിവ്വഹിക്കപ്പെട്ടിരുന്നു. ഇന്ന് നീതിയുടേയും സമാധാനത്തിന്റേയും ആ ധാർമ്മികസ്വരം അവഗണിക്കപ്പെട്ടിരിക്കയാണ്. അതുകൊണ്ട് നമ്മുടെ രക്ഷയ്ക്ക് അങ്ങനെയും ഒരാശ്രയം വഴിയില്ല.

റോബ. നമ്മുടെ ദുരവസ്ഥ, അതേപ്പറ്റി എങ്ങനെ ചിന്തിക്കും. നമ്മുടെ അഭിമാനപാത്രമായിരുന്ന ചാറൽസ് പഞ്ചമൻ– ആ വീരപുരുഷൻ– നാടുനീങ്ങി. അദ്ദേഹത്തിന്റെ അനന്തരനായിരുന്ന ചാറൽസ് ആറാമൻ ഭ്രാന്തു പിടിച്ചു മരിച്ചു. അദ്ദേഹത്തിന്റെ ധൂർത്തയായ ഭാര്യ ഇസബെല്ലായുടെ വിക്രിയകളും പകരം ഭരണം നടത്തിയ പ്രഭുക്കന്മാരുടെ സ്വാർത്ഥതയും ഫ്റാൻസിനെ ചവുട്ടിത്താഴ്ത്തി.

ഒളി. രാജകുമാരൻ ധൂർത്തന്മാരായ ആ പ്രഭുക്കന്മാരെ വിരിച്ചുവിട്ടതു തികച്ചും വീരോചിതംതന്നെ. അതു ജനങ്ങളെ സംതൃപ്തരാക്കുന്നതിനുപകരിച്ചു. എങ്കിലും അദ്ദേഹം ആ ദുർമ്മോഹി ടമോയിലിന്റെ താളത്തിനൊത്തു തുള്ളുവാൻ തയ്യാറാണ്.

റോബ. ഒരു സൈനികശക്തി സംഭരിക്കണമെന്നാണെന്റെ പക്ഷം. കാലം കടന്നുപോകുന്നതിനു മുമ്പു ജനതയെ ഒരുക്കണം. ഈ ദുർഭരണം അവസാനിപ്പിക്കണം. ഫ്റാൻസ

നെ ഏകീകരിക്കണം. ഒളിവർ, നിങ്ങളല്ലാതെ ആരാണു മുമ്പോട്ടിറങ്ങാൻ.

ഒളി. ഈയിടെ ഒരു സ്വരം പുറത്തു വന്നിട്ടുണ്ട്. ഒരു കന്യക ഫ്റാൻസിനെ രക്ഷിക്കാൻ ധീരതയോടെ പുറപ്പെട്ടിരിക്കുന്നുവെന്ന്. ദൈവം അവളോടു കല്പിച്ചിട്ടുണ്ടെന്നത്രേ പറയപ്പെടുന്നത്. രാജകുമാരനെ അവൾ റീംസിൽവെച്ചു മുടി ധരിപ്പിക്കുമെന്നാണു കേൾവി. ഒരു കായ്യം തീർച്ചയാണ്. ജനങ്ങൾക്കൊരിളക്കം തട്ടിയിട്ടുണ്ട്.

റോബ. നമുക്കു ജാഗ്രതയോടെ മുമ്പോട്ടു പോകാം. രാജ്യസ്നേഹികളും ഉത്തമന്മാരുമായ സൈനികരെ ഒന്നിപ്പിക്കണം. അവശ്യം വേണ്ട പ്രചരണങ്ങളും നടത്തണം.

ഒളി. നമുക്കിപ്പോൾ പിരിയാം. അടുത്തുതന്നെ കാണണം. (പോകുന്നു) കർട്ടൻ.

രംഗം 3

(ജോവാന്റെ ഗ്രാമീണവസതി. അതിലെ ഒരു ചെറുമുറി. പ. കന്യകയുടേയും തിരുഹൃദയത്തിന്റേയും സചിത്രപങ്ങളാൽ അലങ്കരിച്ചുവെച്ചിരിക്കുന്നു. രണ്ടു തിരികളാൽ ഇരുവശത്തും കത്തിനിൽക്കുന്നു. ജോവാൻ പ്രാർത്ഥിക്കുന്നു.)

ജോവാൻ. (മുട്ടിന്മേൽനിന്ന് ഏകാഗ്രതയോടെ) എന്ത്, ആ സ്വർഗ്ഗീയ പ്രഭാപൂരത്തിന്റെ മഹിമാവ് ഓരോ തവണയും വർദ്ധിച്ചതന്നെ വരുന്നു. ആ കാന്തിപ്രസരം, ഹാ, അതെത്ര മധുരമനോഹരം, ഞാൻ അറിയാതെതന്നെ, അതിലേയ്ക്കാകർഷിക്കപ്പെടുന്നു. ദൈവമേ, അവിടുന്നതന്നെയോ അത്. ആ മഞ്ജുളസ്വരം— നിരന്തരം എന്റെ കണ്ണീർപടങ്ങളിൽ മാറ്റൊലികൊള്ളുന്നു. ഞാൻ ഒരു നല്ല കുട്ടിയായിരിക്കണമെന്ന്.... മിക്കപ്പോഴും ദൈവാലയത്തിൽ പോകണമെന്ന്. ഹാ, അതെത്ര ആകർഷകം... എത്ര ആനന്ദദായകം... ഞാൻ തയ്യാറാണ്. എന്റെ ഹൃദയം അതിനായി തുടിക്കുന്നു. കുതികൊള്ളുന്നു. രാജ്യരക്ഷയ്ക്കു വേണ്ടി പ്രാർത്ഥിക്കാം. എന്നാൽ... ഓർളിയൻസിലേയ്ക്കു പോവുക എന്ന നിർദ്ദേശം... അതു ഞാൻ എങ്ങനെ

സ്വീകരിക്കും? എന്നെ ശക്തിക്കുതീതമല്ലേ അതു്? ഞാൻ കേവലം ഒരു ബാലിക! കുതിരപ്പുറത്തു കയറുവാനോ സേനകളെ നയിക്കുവാനോ എനിക്കറിഞ്ഞുകൂടാ. (ചിന്താമഗ്നയായി നിൽക്കുന്നു). . . . പക്ഷേ, ഫ്രാൻസിന്റെ ഈ ദുഃസ്ഥിതി. ഈ അധഃപതനം. . . അതു സഹിക്കുവാൻ കഴിയും. ലെവർന്യൂൾ യുദ്ധപരാജയം. . . അതോടെ രാജകുമാരന്റെ ആശ മുഴുവനും നഷ്ടപ്പെട്ടിരിക്കും. ഒരു പുരുഷനൊ ഒരു സ്ത്രീക്കുതന്നെയൊ ഇതു കണ്ടടങ്ങിയിരിക്കുവാൻ കഴിയുമോ? ലോയർനദി മുതൽ ഡോംനദിവരെയുള്ള പ്രദേശങ്ങൾ വെറും മരുഭൂമിയായിത്തീർന്നിരിക്കുന്നു. മൃതശരീരങ്ങൾ കുന്നുകൂന്നായി കുടിക്കിടക്കുന്നുവെന്നു കേൾക്കുന്നു. കൊള്ളയും കൊള്ളിവെയ്പും! ദൈവാലയങ്ങൾ! ഹാ അവ മലിനമാക്കപ്പെടുന്നു. ഇതു്, ആരു്, എങ്ങനെ സഹിക്കും. . . (മൗനം) രാജകുമാരനെ കിരീടം ധരിപ്പിക്കുവാൻ മറ്റാരുമില്ലേ? ആ സ്വരം എന്തിനായിരിക്കാം അക്കായ്വും എന്നോടാവശ്യപ്പെടുന്നതു്? പള്ളിമൈതാനത്തു ദൃശ്യമായ ആ ദിവ്യപ്രകാശം അങ്ങനെ എന്നെ അറിയിച്ചുകൊണ്ടിരിക്കുന്നു. നല്ലജീവിതം കഴിക്കുക. രാജ്യത്തെ രക്ഷിക്കുന്നതിനു തയ്യാറാവുക എന്നെന്നോടു കല്പിച്ചിട്ടു വർഷങ്ങൾ നാലഞ്ചു കഴിഞ്ഞു. എന്നാൽ, ഇന്നു ഞാൻ ദർശിച്ച ദീപ്തിമത്തായ ആ മേഘപടലത്തിൽനിന്നു ശ്രവിച്ച ആ മോഹനസ്വരം എന്നോടാജ്ഞാപിക്കുന്നു; പടച്ചട്ടയും ധരിച്ചു് ആയുധവുമേന്തി പോർക്കളത്തിലിറങ്ങി സൈന്യത്തെ നയിക്കുവാൻ. ഹാ, ആദ്യം അതു വിശ്വസിക്കുവാൻ എനിക്കു കഴിഞ്ഞില്ല. തുടരെത്തുടരെ ഉണ്ടായികൊണ്ടിരിക്കുന്ന ഈ കല്പന എങ്ങനെ ഞാൻ അവഗണിക്കും. ദൈവത്തിനൊന്നാണ് എന്നെക്കൊണ്ടു ചെയ്യിക്കുവാൻ കഴിയാത്തതു്. അവിടുത്തെ കല്പനകൾ ഞാൻ ശിരസാ വഹിക്കും. . .ഞാൻ പോർച്ചട്ട ധരിക്കും. കുതിരപ്പുറത്തിരുന്നു സൈന്യങ്ങളെ നയിക്കും. ഞാൻ ഓർളിയൻസിൽ വിജയപതാക പറത്തും. റീംസിൽവെച്ചു് രാജകുമാരനെ കിരീടം ധരിപ്പിക്കും. എന്നെ ശക്തിപ്പെടുത്തുന്നവനിൽ ഏതു കായ്വും എനിക്കു സാധ്യമാണ്. ഞാൻ സന്നദ്ധയാണ്. ദൈവമേ ഞാൻ എന്നെ അങ്ങേയ്ക്കു സമർപ്പി

ക്കുന്നു. അങ്ങുമാത്രം എനിക്കാലംബം. (എഴുന്നേൽക്കുന്നു. സൈമൺ പ്രവേശിക്കുന്നു.)

സൈമൺ. ഹാ, ഹാ, ഒരു പെണ്ണിന്റെ കിറുക്ക്. നീ എന്നാ എട്ടുക്കാ ജോവാനേ. ഇതൊക്കെ പള്ളിലിരുന്നുപോരെ. നീ ഇപ്പം രാജകുമാരനു മുടിവെച്ചേ അടങ്ങുവൊള്ളന്നല്ലാ തോന്നുന്നേ. നിന്റെ തലേലെന്നാ ഈയംകേറീട്ടൊണ്ടോ? വിട്ടിക്കെടന്നാണേ കാലത്തും വൈകിട്ടും തന്നോംപിന്നോം വഴക്കും വയ്യാവേലീം. അവളാണേലിതൊന്നും അറീന്ന മട്ടില്ല. രാജ്യംപൊക്കേന്നോണ്ട. രാജാവിനെ വാഴിക്കാമ്പോണ. ഏമാനും കൊച്ചമ്മേം നിന്നെ താമതിക്കാതെ ഒന്നു വാഴിക്കാനാ നിച്ചയിച്ചിരിക്കുന്നെ. നീ കണ്ടോ.

ജോവാ. സൈമൺ, താനെന്തിനാ എന്നെ പരിഹസിക്കുന്നത്. ദൈവേഷ്ടം നിറവേറണമെന്നെ എനിക്കുള്ളു. എനിക്കുണ്ടാകുന്ന ദർശനത്തിന്റെ മനോഹാരിത പറഞ്ഞറിയിക്കുവാൻ ഞാൻ തികച്ചും അപ്രാപ്തയാണ്. ലോകത്തിൽ ഒരു ശക്തിക്കും ഇനി എന്നെത്തടയുവാൻ കരുത്തില്ല.

(മൈക്കിൾ പ്രവേശിക്കുന്നു.)

മൈക്കിൾ. അഹോ, കണ്ടിട്ടുള്ള ഭാവംപോലുമില്ലല്ലോ. എന്താ ഭവതിക്കു സുഖമില്ലേ. തീർത്തും വിവശയായിക്കാണപ്പെടുന്നല്ലോ. ദുഃഖകാരണം വല്ലതുമുണ്ടോ? എന്തിനേപ്പറ്റിയാണ് ഇത്ര ഗൗരവമായിച്ചിന്തിച്ചുകൊണ്ടിരിക്കുന്നത്? ഒന്നു കാണണമെന്നു വിചാരിക്കുവാൻ തുടങ്ങിയിട്ടു കുറെനാളായി.

ജോവാ. അസുഖമൊന്നുമില്ല. എന്തിനാണ് ഈ പാവപ്പെട്ട എന്നെ കാണുന്നത്.

മൈക്കി. അസുഖമില്ലെന്നുപറഞ്ഞാൽ അതു അപ്പടി കേട്ടു കൊണ്ടുപോവാൻ ഞാൻ തയ്യാറില്ല. ഇതിനു മുമ്പെങ്ങും ഞാൻ കണ്ടിട്ടില്ലായിരിക്കണം. പ്രസന്നത പ്രസരിച്ചിരുന്ന ആ പൂങ്കപോലങ്ങളിൽ ഒരു നേരിയ ശോകച്ഛായയാണ് ഇന്നു ദൃശ്യമാകുന്നത്. ആരേയും ആകർഷിക്കുമായിരുന്ന ആ പൂംപുഞ്ചിരി എങ്ങുപോയി മറഞ്ഞു. മൃദുലകോമളമായിരുന്ന ആ ശരീരസുഷമയും മങ്ങിയിരിക്കുന്നു. എന്നിക്കറിയാം വയസ്സു പതിനെട്ടായെന്ന്.

സൈമ. (അല്പം മുമ്പോട്ടുമാറി) മൈക്കിളിനു യോവാൻ കുഞ്ഞിന്റെ കായ്ത്തി വല്ലിയ താൽപര്യമാണേ. കൊറച്ചു

നാളായി കണ്ണുവെക്കേന്തൊടങ്ങീട്ട്. അതൊക്കെ മനതിലാക്കിക്കൊണ്ടോ ഞാനിതിലെ നടക്കണെ. വെറുതെ കൊതിക്കാന്നാ തോന്നെ. അതിനൊ കൊത്തവൊള്ളോരു വേറെയാ. അല്ലേ കണ്ടോ.

മൈക്കി. താൻ പോടോ തന്റെ വേലയ്ക്ക്.

ജോവാ. എന്തിനിതൊക്കെപ്പറയുന്നു. എനിക്കു വിശേഷിച്ചൊന്നുമില്ല.

മൈക്കി. എത്ര പ്രാവശ്യം ഞാൻ ഇവിടെവന്നു എന്നറിയാമോ. കൊല്ലം രണ്ടുമൂന്നായി ജോവാനു് എന്റെ ഹൃദയത്തിൽ ഞാൻ സ്ഥലം കൊടുത്തിട്ട്. വരുമ്പോഴൊക്കെ ഭവതി ഒന്നുകിൽ പള്ളിയിൽ അല്ലെങ്കിൽ എന്തെങ്കിലും ജോലിയിൽ. സൗകര്യമായി ഒന്നു കണ്ടിട്ടു പറയാൻ തരപ്പെട്ടിട്ടില്ല. ഇങ്ങനെയുണ്ടോ എല്ലാവരേയും മറന്നൊരു കായ്യം.

ജോവാ. എനിക്കെന്തിനാ നിങ്ങളുടെ ഹൃദയത്തിൽ സ്ഥലം. ഞാൻ അങ്ങനെ ഒന്നും ആശിക്കുന്നില്ല.

സൈമ. അതാ കുഞ്ഞേ ഞാനും പറേണെ. ഏമാൻ കണ്ടിട്ടു് നമ്മക്കാവശ്യത്തിനു തലവൊണ്ട്. നമുക്ക് ഒരുത്തരുടേം തലോം വേണ്ടാ തന്നോം വേണ്ടാ. വെലകൊടുക്കാനിവിടെ ഒട്ടില്ലതാനും. ഇങ്ങനെ കൊണ്ടുനടന്നു വിക്കുന്ന തലത്തിനൊടമത്തരു പലരു കാണും. വേണ്ടാ കുഞ്ഞേ, വേറെ വല്ലടത്തും കൊണ്ടെ കൊടുക്കട്ടെ.

മൈക്കി. ജോവാൻ, ഭവതിയേ ഞാൻ എത്രയധികം സ്നേഹിക്കുന്നുവെന്നു് അറിയുന്നില്ല. അതുകൊണ്ടാണു് ഇത്ര നിസ്സാരമാക്കുന്നതു്. വേറെ ഒരു ചിന്ത എനിക്കില്ല. ഇക്കായ്യം നേരിട്ടറിയിക്കുവാൻ ഞാൻ എത്ര പ്രണിപ്പെട്ടു എന്നറിയാമോ. എന്നെ പുറം തള്ളുകയോ. അതെനിക്കു സഹിക്കാൻ വയ്യാ. ഭവതിയ്ക്കു് ഹൃദയം എന്നൊന്നില്ലേ?

സൈമ. പകോതി, പകോതി, എന്നു വിളിച്ചു ജപിച്ചാലൊന്നും കായ്യനടപ്പൊണ്ടെന്നു തോന്നുന്നില്ല. ഈ തൊന്തരവൊന്നും യോവാങ്കുഞ്ഞിനു് അറിയേമ്മേല.

മൈക്കി. എന്റെ ഹൃദയം ഭവതിയിൽ അർപ്പിച്ചുകഴിഞ്ഞു. ഇനി അതു മറ്റൊരിടത്തേയ്ക്കും തിരിയുകയില്ല. ഭവതി സ

മതിക്കുന്നില്ലെങ്കിൽ ഈ ജീവിതം പാഴാകും. എത്ര ത്യാഗം സഹിക്കുന്നതിനും ഞാൻ തയ്യാറാണ്. ജോവാൻ, നീ എന്റെ ജീവിതസ്വപ്നസ്വപ്നമാണ്. നീ എന്റേതാണ്. മാതാപിതാക്കന്മാരുടെ സമ്മതം ഞാൻ വാങ്ങിക്കഴിഞ്ഞു. പിന്നെയെന്ത്! (ജോവാനേ ഉറ്റു നോക്കിക്കൊണ്ട്) ഭവതി, ഇനി ഈ നിർബന്ധബുദ്ധിയൊന്നും വിലപ്പോവില്ല. സമ്മതം തന്നേക്കു. അല്ലെങ്കിൽ ഒരു കോളിളക്കംതന്നെയുണ്ടാകും. എന്തിനു ലജ്ജിക്കുന്നു. ഇക്കാലത്തു നേരിട്ട സമ്മതംതരുന്നതുകൊണ്ട് അഭിമാനഭംഗമൊന്നും വരാനില്ല.

ജോവാ. സോദരാ, വാഗ്വാദത്തിനു ഞാൻ തയ്യാറില്ല. ഞാൻ തീർത്തു പറയുന്നു. നിങ്ങൾ പറയുന്നതിന്റെ കാര്യം എനിക്കു മനസ്സിലാകുന്നില്ല. പുരുഷന്മാരുടെ മധുരമൊഴികൾക്കു മയങ്ങുന്ന സ്ത്രീകളുണ്ട്. ദൈവേച്ഛം കണ്ടുപിടിച്ചു നിറവേറുവാൻ ഇച്ഛിക്കുന്ന ഒരു സ്ത്രീഹൃദയം ഉറച്ചതാണ്. അതു പതറുകയില്ല. നടപ്പില്ലാത്ത കാര്യമാണ് നിങ്ങൾ ആശിക്കുന്നതു്. ഇതിലും ശ്രേഷ്ഠമായ ഒരു കാര്യത്തിനു് എന്റെ ജീവിതം അർപ്പിച്ചുകഴിഞ്ഞു. അതു ദൈവനിർദ്ദിഷ്ടമാണ്. അതിനാൽ നിങ്ങൾ ശാന്തമായിപ്പോവുക. എന്റെ നിശ്ചയം ഏതു കോളിളക്കത്തിലും അചാല്യമായിത്തന്നെ നിലകൊള്ളും.

സൈമ. എന്താ പോരെ, ഇനി പോകാ. വെറുതെ മഞ്ഞുകൊണ്ടതാ. ഒതളങ്ങാപോലെ മറിന്നതല്ല യോവാങ്കുഞ്ഞിന്റെ സ്വഭാവം.

മൈക്കി. (ക്രോധത്തോടെ) നീ എന്നെ നിരാശനാക്കുകയും നിന്നെ ഒന്നു പഠിപ്പിച്ചേ ഞാനടങ്ങു. നീ കരുതിക്കൊൾക.

സൈമ. എന്നതാണോ പടിപ്പിക്കാമ്പോണെ. പാവം ഇതു വരുവെന്നു് ഞാമ്പണ്ടേ പറഞ്ഞതാ. യോവാങ്കുഞ്ഞിനേ അറിയേമ്മേല. അതുതന്നെ.

കർട്ടൻ.

രംഗം 4

(വോക്കലേഴ്സിലെ ഒരു മനോഹര മന്ദിരം. വിശാലമായ സന്ദർശനമുറി. സൈനികമേധാവിയായ റോബർട്ട് ഇരുന്ന ചില കടലാസുകടലാസുകൾ പരിശോധിക്കുന്നു. ഒരു ഭടൻ പ്രവേശിക്കുന്നു. സല്യൂട്ട് ചെയ്യുന്നു.)

റോബർട്ട്. എന്താ കാര്യം.

ഭടൻ. ആ യുവതിക്ക് അങ്ങയെ ഒന്നുകൂടെ കാണണമെന്ന്.

റോബ. (കോപത്തോടെ) ഏതു യുവതി. താനെന്താ പറയുന്നത്.

ഭടൻ. ഡോം റെമിയിൽനിന്നു വന്ന യുവതി.

റോബ. (അക്ഷമനായി) എന്തൊരു നാശം. രണ്ടു ദിവസം മുമ്പ് ഇവിടെ വന്ന ആ ശനിപിടിച്ച പെണ്ണിനേപ്പറ്റിയാണോ താൻ പറയുന്നത്. അവളെ അവളുടെ അപ്പന്റെ യടുക്കൽ അയയ്ക്കാൻ ഞാൻ പറഞ്ഞതല്ലേ. അവൾ ഇനിയും ഇവിടെയുണ്ടോ.

ഭടൻ. ഞങ്ങൾ പല പ്രാവശ്യം ആവശ്യപ്പെട്ടു. അവൾ പോവുകയില്ല.

റോബ. അവളോട് വെറുതെ പറയാനല്ല, അവളെ അടിച്ചിറക്കാനാണ ഞാൻ ആവശ്യപ്പെട്ടത്. നിങ്ങൾ അവിടെ അൻപതു ഭടന്മാരില്ലെ. നിങ്ങൾക്കെന്താ ഭയമാണോ.

ഭടൻ. അവൾ വളരെ നിർബന്ധശീലയായിക്കാണുന്നു.

റോബ. അതുകൊണ്ട്! അവളെ പറഞ്ഞയയ്ക്കാൻ പാടില്ലേ. ജന്തു നിന്നെ ഞാൻ വലിച്ചു താഴെയെറിയും. ഏതു പെണ്ണുകൂട്ടിയ്ക്കാണങ്ങനെയൊരു നിർബന്ധം കാണിക്കാൻ പാടില്ലാത്തത്.

ഭടൻ. (അല്പം ഒതുങ്ങിനിന്നുകൊണ്ട്) സർ, എന്നെ വലിച്ചെറിഞ്ഞതുകൊണ്ട് അങ്ങേയ്ക്ക് അവളെ വിട്ടുവാൻ പറ്റുകില്ല. അങ്ങ് എന്നേക്കാൾ നിർബന്ധബുദ്ധിയാണ്. അതുപോലെതന്നെ അവളും.

റോബ. മണ്ടൻ, നീ എന്താ പറഞ്ഞത്. ഞാൻ നിർബന്ധബുദ്ധിയെന്നോ?

ഭടൻ. അല്ല അതല്ല പറഞ്ഞത്. അങ്ങേയ്ക്ക് ഉറപ്പുള്ള ഒരു സ്വഭാവമുണ്ടെന്ന്. നമ്മേക്കാൾ അവൾ ബലഹീനയാ

ണ്ട്. അവൾ വെറും ഒരു ബാലികമാത്രം. എങ്കിലും അവളെ പറഞ്ഞയയ്ക്കാൻ ഞങ്ങൾക്കു കെൽപ്പുപോരാ.

റോബ. ശ്രീമാങ്ങൾ, നിങ്ങൾ അവളെ ഭയപ്പെടുന്നു അല്ലേ?

ഭടൻ. അല്ലാ, സർ, ഞങ്ങൾക്കു് അങ്ങേ ആണ ഭയം. അവൾ ഞങ്ങൾക്കു ധൈര്യം നല്കുന്നു. അവൾക്കു് ഒന്നിനേയും ഭയമില്ലെന്നു തോന്നുന്നു. ഒരുപക്ഷേ അങ്ങേയ്ക്കു് അവളെ ഭയപ്പെടുത്താൻ കഴിഞ്ഞേക്കും.

റോബ. ഒരു പക്ഷേ, അല്ലേ. ഇപ്പോൾ അവൾ എവിടെയാണു്.

ഭടൻ. അവൾ താഴെ മുറ്റത്തുണ്ടു്. പതിവുപോലെ ഭടന്മാരോടു സംസാരിക്കുന്നു. അവൾ പ്രാർത്ഥിക്കുമ്പോൾ മാത്രമേ സംസാരിക്കാതിരിക്കുന്നുള്ളു.

റോബ. ങ്ഹാ, പ്രാർത്ഥിക്കുന്നു. കഴുതേ, അവൾ പ്രാർത്ഥിക്കുന്നുവെന്നു നീ വിചാരിക്കുന്നു അല്ലേ. ഭടന്മാരോടു് എപ്പോഴും സംസാരിക്കുന്ന പെൺകുട്ടികൾ ഏതു തരമെന്നു് എനിക്കറിയാം. ആവട്ടെ അവൾ എന്നോടല്പം സംസാരിക്കട്ടെ. (ജനലിന്റെ അടുത്തുചെന്നു് താഴോട്ടു നോക്കി വിളിക്കുന്നു!) അവിടെ, ങ്ഹ, ആ പെണ്ണു്.

(പെൺകുട്ടിയുടെ തെളിഞ്ഞ സ്വരം) സാർ എന്നെയോ.

റോബ. അതേ നിന്നെത്തന്നെ.

സ്വരം. നിങ്ങൾതന്നെയോ ക്യാപ്റ്റൻ.

റോബ. അതേ, ഞാൻ തന്നെ ക്യാപ്റ്റൻ. ഇങ്ങോട്ടു കയറിവരുക. (താഴെ നില്ക്കുന്ന ഭടന്മാരോടു്) അവൾക്കു വഴി കാണിച്ചുകൊടുക്കുക, വേഗം. (പൂർവ്വസ്ഥാനത്തു ഗൗരവഭാവത്തിൽ ഇരിക്കുന്നു.)

ഭടൻ. (ശാന്തസ്വരത്തിൽ) സാർ, അവൾക്കു് ഒരു ഭടനാവണം. അരഞ്ഞാണവും മറ്റും, വാളും പരിചയും എല്ലാം കൊടുക്കണംപോലും. നോക്കണേ. (റോബർട്ടിന്റെ പുറകുവശത്തു് ഒരു കോണിലേയ്ക്കു മാറിനില്ക്കുന്നു.)

(ജോവാൻ ഒരു പെൺകുട്ടിയുടെ വേഷത്തിൽ ശ്രദ്ധാപ്രതീക്ഷയോടെ റോബർട്ടിന്റെ മുമ്പിൽ വരുന്നു.)

ജോവാൻ. (കൈകൂപ്പി തലകുനിച്ചു്) നമസ്കാരം. ക്യാപ്റ്റൻ, അങ്ങു് എനിക്കു ഒരു വടച്ചട്ടയും ഒരു വാളും തരണം.

കയറിപ്പോകുന്നതിന് ഒരു കുതിരയും അകമ്പടിക്ക് കുറെ ഭടന്മാരും വേണം. എന്നെ അങ്ങ് രാജകുമാരന്റെ പക്കൽ അയയ്ക്കണം. ഇതു നമ്മുടെ കത്താവിന്റെ കല്പനയാണ്.

റോബ. (കോപത്തോടെ) നിന്റെ കത്താവിന്റെ കല്പന. നിന്റെ കത്താവ് ഏതു പിശാചനായാലും വേണ്ടില്ല. ചെന്നു പറഞ്ഞേക്കു ഞാൻ അവന്റെ കല്പന കേൾക്കയും നിരിക്കുകയുമില്ലെന്ന്. ഞാൻ പോക്കുലേഴ്സിലെ ക്യാപ്റ്റനാണ്. രാജകല്പന മാത്രമേ കേൾക്കു.

ജോ. ക്യാപ്റ്റൻ, അതു ശരിയാണ്. എന്റെ കത്താവ് സാക്ഷാൽ രാജാവാണ്.

റോബ. ഈ പെണ്ണിനു കിറുക്കാണെന്നു തോന്നുന്നല്ലൊ. (ഭടന്റെ നേരെ തിരിഞ്ഞ്) കഴുതേ നീ എന്തുകൊണ്ടിക്കായ്യം പറഞ്ഞില്ല.

ഭടൻ. സർ, എന്തിനവളോട് കോപിക്കുന്നു. അവൾ ആവശ്യപ്പെട്ടതു കൊടുത്തേക്കണം.

ജോ. (അതുപോയോടെ എന്നാൽ സ്നേഹഭാവത്തിൽ) നിങ്ങൾ എന്നെ ഭ്രാന്തയെന്നു വിളിക്കുന്നു. എന്നാൽ ദൈവം എനിക്കു വെളിപ്പെടുത്തിയ കായ്യം അങ്ങു ചെയ്യണം. അതു ദൈവതിരുമനസ്സാണ്.

റോബ. നിന്നെ പൂട്ടിയിട്ടന്നതിനും അടിച്ചു നിന്റെ കിറുക്കു തെറിപ്പിക്കുന്നതിനും ഉത്തരവിടണം. നിന്റെ അപ്പന്റെ അടുക്കലേയ്ക്കു നിന്നെ തിരിച്ചയയ്ക്കണം. അതാണു ദൈവതിരുമനസ്സ്. നീ എന്തു പറയുന്നു.

ജോ. അങ്ങ്, അപ്രകാരം ചെയ്യുമെന്നു പറയുന്നു. പക്ഷേ മറിച്ചായിരിക്കും ഫലം. രണ്ടു ദിവസം മുമ്പ് അങ്ങ് എന്നെ കാണുകയില്ലെന്നു പറഞ്ഞില്ലേ. പക്ഷേ ഇപ്പോൾ ഞാൻ അങ്ങേ മുമ്പിൽ നിൽക്കുന്നു.

ഭടൻ. സാർ അതു നേരല്ലേ.

റോബ. മിണ്ടാതിരിക്കടോ.

ഭടൻ. ഉത്തരവ്.

റോബ. അപ്പോൾ നിന്നെ ഞാൻ വീണ്ടും കണ്ടതുകൊണ്ട് നിന്റെ ഉദ്ദേശ്യംപോലെ നടക്കുമെന്നോ. അങ്ങനെയോ നീ കരുതുന്നത്.

ജോ. അതെ, അങ്ങനെതന്നെ. അങ്ങേപ്പക്കൽ വന്നാൽ രാജകുമാരന്റെ പക്കൽ അങ്ങു് എന്നെ അയയ്ക്കുമെന്നാണു് എനിക്കു ലഭിച്ചിരിക്കുന്ന സന്ദേശം.

റോബ. നീ എന്തിനാണു രാജകുമാരന്റെ പക്കൽ പോകുന്നതു്.

ജോ. ഓർളിയൻസിനെ ഇംഗ്ലിഷ്കാരുടെ പിടിയിൽനിന്നു വിമുക്തമാക്കുന്നതിനു്, ഞാൻ അവിടെച്ചെന്നാൽ രാജകുമാരൻ എനിക്കുവേണ്ടതൊക്കെ തരും.

റോ. ഭോഷ്കീ, രണശൂരന്മാരായ വീരസേനാനികൾ മനസ്സുമുട്ടി ഉഴലുകയാണു്. നീയാണു ജയിച്ചടക്കാൻ പോകുന്നതു്. കിറുക്കിനുമില്ലെ ഒരതിരു്.

ജോ. ഞാൻ അങ്ങയുടെ മുമ്പിൽ കർത്താവിന്റെ പേർക്കാണു വന്നിരിക്കുന്നതു്. നാലഞ്ചു കൊല്ലമായി എനിക്കു ദൈവത്തിന്റെ അരുളപ്പാടുണ്ടാകുവാൻ തുടങ്ങിയിട്ടു്. പോക്കളത്തിൽ ഇറങ്ങണം. സേനകളെ നയിക്കണം. യുദ്ധം ചെയ്യു ഇംഗ്ലീഷ്കാരെ കീഴടക്കി രാജകുമാരനെ റീംസിൽവെച്ചു കിരീടം അണിയിക്കണം. ഇങ്ങനെയെല്ലാമാണു് ആ സ്വരം നിർദ്ദേശിക്കുന്നതു്. അങ്ങയുടെ സഹായം തേടുവാനാണു് എന്നോടു കല്പിച്ചിരിക്കുന്നതു്.

റോബ. നിന്റെ ദിവാസ്വപ്നങ്ങൾക്കു് ഒരതിരുമില്ലേ. ഇതുവെറും രക്തക്കോളാണു്. നിന്റെ ചെവിക്കുപിടിച്ചു് നിന്റെ തള്ളയുടെ പക്കലയയ്ക്കാൻ ഞാൻ ഉത്തരവിടാം.

ജോ. ദൈവികമായ ഒരു ദിവ്യസ്വരമാണെന്നെ നയിക്കുന്നതു്. അങ്ങു വിചാരിക്കുന്നതുപോലെ ഒരു പെൺകുട്ടിയുടെ ചാപല്യങ്ങളല്ല. എനിക്കു ബുദ്ധിഭ്രമമൊന്നുമില്ല. സത്യമാണു ഞാൻ പറയുന്നതു്. അടുത്ത നോമ്പുകാലം പകുതിയാകുന്നതിനുമുമ്പു് രാജകുമാരനു വേണ്ട സഹായം ദൈവം നല്കും. ഫ്റാൻസുരാജ്യം ദൈവത്തിനേറ്റതാണു്. ശത്രുശക്തി എത്ര ഭീമമായിരുന്നാലും ഞാൻ അദ്ദേഹത്തെ കിരീടധാരണത്തിനായി റീംസിലേക്കു നയിക്കും.

റോബ. ഈ താന്തോന്നി. ഇവളെ ചാട്ടകൊണ്ടടിക്കണം. പെൺകുട്ടികൾക്കു വിനയം ഒരു ഭൂഷണമാണു്. അനുസരണം ആഭരണവും. എന്തിനുമില്ലേ ഒരതിരു്. കുറേക്കഴിയുമ്പോൾ ചക്രവത്തിനി ആകുവാൻ മോഹിക്കുമായിരിക്കും. നിന്റെ

ന്നത്തിനൊത്തു താളം പിടിക്കുവാൻ ഇവിടെ ആരു കിടക്കുന്നു.

ജോ. അങ്ങേയ്ക്ക് ഇഷ്ടമുള്ളതൊക്കെ പറഞ്ഞുകൊൾക. എങ്കിലും ഒരു കൊല്ലത്തിനകം രാജകുമാരന്റെ കിരീടധാരണത്തിനു ഞാൻ കാരണമാകും. എന്നെ രാജകുമാരന്റെ പക്കൽ അയയ്ക്കുന്നതുകൊണ്ട് പ്രത്യേക വൈഷമ്യമൊന്നും ഉണ്ടാവാനില്ല. ഒരു മുന്നുപേരെ എന്റെ ക്രൂത്തിൽ അയച്ചാൽ മതി. അവർ അതിനു സമ്മതിച്ചിട്ടുണ്ട്.

റോബ. ആവട്ടെ, നീ ഇപ്പോൾ പുറത്തേയ്ക്കു പോവുക. കുറച്ചു കഴിഞ്ഞു വിളിക്കാം.

ജോ. കൊള്ളാം, അങ്ങ് ഒരു കാര്യം സ്മരിക്കണം. മുട്ടിന്മേൽ ഇഴഞ്ഞുപോകേണ്ടതായി വന്നാൽതന്നെയും നോമ്പുകാലം പകുതിയാകുന്നതിനു മുമ്പ് എനിക്കു രാജകുമാരന്റെ പക്കൽ എത്തണം. അതു ദൈവേഷ്ടമാണ്. (പോകുന്നു)

റോബ. (ഭടന്റെ നേരെ തിരിഞ്ഞു്) താൻക്രൂടെ അവളോടൊന്നിച്ചു പോവുക. അവളെ സൂക്ഷിച്ചുകൊള്ളണം. ദൂരെയെങ്ങും പോകരുതു്. മി. ജിയാനെ ഇങ്ങോട്ടു പറഞ്ഞയക്കുക.

റോബ. (ആത്മഗതം) ദൈവികമായ ഏതോ ഒരു ശക്തിവിശേഷം അവളെ നയിക്കുന്നുണ്ടെന്നു കരുതണം. അവളുടെ വാക്കുകളിൽ ഒരു സ്ഥിരനിശ്ചയാത്മകത്വം സ്ഫുരിക്കുന്നുണ്ട്. ഒരുപക്ഷേ അവൾ വഴിയായിരിക്കാം ദൈവം ഫ്റാൻസിനെ അനുഗ്രഹിക്കുവാൻ പോകുന്നതു്. ഏതായാലും മി. ജിയാന്റെ അഭിപ്രായംകൂടെ അറിഞ്ഞിട്ടാവാം. (ജിയാൻ പ്രവേശിക്കുന്നു.)

റോബ. (എഴുന്നേറ്റു സ്വാഗതം ചെയ്തുകൊണ്ടു്) മി. ജിയാൻ ഇരിക്കു. ചില കാര്യങ്ങളെപ്പറ്റി സംസാരിക്കുവാനുണ്ടു്. സൗകര്യക്കുറവൊന്നുമില്ലല്ലൊ.

ജിയാൻ. ഒന്നുമില്ല. (രണ്ടുപേരും ഇരിക്കുന്നു.)

റോബ. ഇവിടെ വന്നിരിക്കുന്ന ആ പെൺകുട്ടിയുടെ കാര്യത്തിൽ നിങ്ങൾക്കു വലിയ താല്പര്യമുള്ളതായി അറിയുന്നു. ഞാൻ അവളെക്കുറ്റം സംസാരിക്കുകയും ചെയ്തു. അവൾക്കു ബുദ്ധിഭ്രമമുണ്ടെന്നാണെനിക്കു തോന്നുന്നതു്. അതുപോവട്ടെ, അവളുടെ പിതാവിനു വലിയ നിലയൊന്നുമില്ലെങ്കിലും

നമുക്ക പ്രയാസങ്ങളുണ്ടാക്കുവാൻ കഴിയും. നിങ്ങൾ അവളെ രാജകുമാരന്റെ പക്കൽ കൊണ്ടുപോകാമെന്ന് ഏറ്റിട്ടുണ്ടോ? അതെളുപ്പമാണെന്നായിരിക്കും കരുതൽ. പക്ഷേ, വല്ല കുഴപ്പവുമുണ്ടായെങ്കിൽ ആരു സമാധാനം പറയും?

ജിയാൻ. അവൾക്ക് ബുദ്ധിഭ്രമമുണ്ടെന്ന് എനിക്കഭിപ്രായമില്ല. മഹനീയമായ ഏതോ ചൈതന്യവിശേഷം അവളെ നയിക്കുന്നതായിട്ടാണ് എനിക്കു തോന്നുന്നത്. അവളെ രാജകുമാരന്റെ സന്നിധിയിൽ കൊണ്ടുപോകാമെന്നു ഞാൻ സമ്മതിച്ചിട്ടുണ്ട്.

റോബ. എന്തബദ്ധമാണു നിങ്ങൾ കാണിച്ചിരിക്കുന്നത്. നിങ്ങൾ ഇതു വിചാരിച്ചുനോക്കിയോ?

ജിയാ. അങ്ങനെ സമ്മതിച്ചതു എനിക്കു വലിയ ചിന്തയുള്ളതുകൊണ്ടുതന്നെ. നമ്മുടെ മാതൃരാജ്യത്തിന്റെ പകുതിയിലധികം ഇംഗ്ലീഷുകാർക്കധീനമായിക്കഴിഞ്ഞു. രാജകുമാരൻ ചിനോണിൽ ഒരു മൂഷികനേപ്പോലെ ഒളിച്ചിരിക്കുകയാണ്. ഇങ്ങനെ മുന്നോട്ടുപോയാൽ എങ്ങനെ കലാശിക്കും. അവർ ഓർളിയൻസുകൂടെ കീഴടക്കിയാൽ എല്ലാം തീർന്നു.

റോബ. ഡുനോയിയുടെ നേതൃത്വത്തിൽ പ്രതിരോധം നടക്കുന്നുണ്ടല്ലോ.

ജിയാ. അദ്ദേഹത്തിന്റെ കീഴിലുള്ള സൈന്യം നിരാശയിലാണ്ടിരിക്കുകയാണ്. ഒരു വലിയ അത്ഭുതം കൊണ്ടല്ലാതെ നമുക്കു വിജയമുണ്ടാകുമെന്ന് എനിക്കു പ്രതീക്ഷയില്ല. ഏതായാലും അടങ്ങിയിരിക്കേണ്ട സമയമല്ല ഇതു്.

റോബ. അപ്പോൾ ആ പെൺകുട്ടിക്ക് അത്ഭുതശക്തിയുണ്ടെന്നോ നിങ്ങൾ വിചാരിക്കുന്നത്.

ജിയാ. അവൾതന്നെ ഒരത്ഭുതമാണെന്നത്രേ ഞാൻ കരുതുന്നത്. നമ്മുടെ പക്കലുള്ള അവസാനത്തെ തുറുപ്പുചീട്ടാണവൾ.

റോബ. അങ്ങനെ തന്നെയോ നിങ്ങൾ വിചാരിക്കുന്നത്!

ജിയാ. സംശയമുണ്ടോ. വേറെ എന്താണു വിചാരിക്കാനുള്ളതു്?

റോബ. മി. ജിയാൻ, നിങ്ങൾ ഇങ്ങോട്ടു നോക്കൂ. നിങ്ങൾ എന്റെ സ്ഥാനത്തായിരുന്നെങ്കിൽ ഇതനുവദിക്കുമായിരുന്നോ?

ജിയാ. തീർച്ചയായും. അവളുടെ വാക്കുകളും അവളുടെ ഉറച്ച ദൈവവിശ്വാസവും എന്നെ അത്രമാനം ഇളക്കിയിട്ടുണ്ട്.

റോബ. കഷ്ടം! നിങ്ങളും അവളേപ്പോലെ ബുദ്ധിഭ്രമം പിടി പെട്ടവനായിപ്പോയോ?

ജിയാ. (ദൃഢനിശ്ചയത്തോടെ) ഇപ്പോൾ നമുക്ക് ഇതുപോലെ കുറെ കിറുക്കന്മാരേയാണാവശ്യം. ഇങ്ങനെയുള്ള കിറുക്കന്മാരേക്കൊണ്ടേ എവിടെയും നന്മ കൈവന്നിട്ടുള്ളു. ബുദ്ധിമാന്മാർ നമ്മേ ഏതു പതനത്തിലാക്കിയിരിക്കുന്നുവെന്നു നാം കാണുന്നില്ലേ?

റോബ. (സംശയത്തോടെ) ഭോഷത്തമാണെന്നാണ് എനിക്കു തോന്നുന്നത്. എങ്കിലും നിങ്ങൾക്കുറപ്പുണ്ടെങ്കിൽ.

ജിയാ. നിങ്ങൾ തടയുന്നില്ലെങ്കിൽ അവളെ ചിനോണിൽ കൊണ്ടുപോകാമെന്ന് എനിക്കു ധൈര്യമുണ്ട്.

റോബ. നിങ്ങൾ എന്നിലാണു കുറ്റം ആരോപിക്കുന്നത്. അതു ശരിയല്ല.

ജിയാ. അതങ്ങനെതന്നെ. നിങ്ങളുടെ തീരുമാനത്തെ ആശ്രയിച്ചല്ലേ കാര്യം മുന്നോട്ടു പോകുന്നത്.

റോബ. ഉവ്വ്, അതു ശരിയാണ്, ഞാൻ എന്താണു തീരുമാനിക്കേണ്ടത്. അവളെ ഒന്നുകൂടെ വിളിച്ചു ചോദിക്കാം.

ജിയാ. (ഒരരികിലേയ്ക്കു മാറി ജോവാനേ വിളിക്കുന്നു) ജോവാൻ. (ജോവാന്റെ സ്വരം) മി. ജിയാൻ, അല്പനേരം നമ്മേ അനുവദിക്കുമോ.

ജിയാ. കയറിവരൂ. അകത്തേയ്ക്കുവരൂ. (റോബർട്ടിന്റെ നേരേ തിരിഞ്ഞ്) അവളെ ഇവിടെ നിർത്തിയിട്ടു ഞാൻ പോവട്ടെ.

റോബ. വേണ്ടാ, ഇവിടെനിന്ന് എന്നെ സഹായിക്കൂ.

(റോബർട്ടും ജിയാനും ഇരിക്കുന്നു)

(ജോവാൻ പ്രവേശിക്കുന്നു.)

ജിയാ. ഇരിക്കൂ, ജോവാൻ.

ജോവാ. (സംശയിച്ചു റോബർട്ടിനെ നോക്കി) ഇരുന്നുകൊള്ളട്ടെ.

റോബ. നിന്നോടു പറഞ്ഞതുപോലെ ചെയ്തുകൊള്ളൂ.

(ജോവാൻ ഇരിക്കുന്നു.)

റോബ. ആവട്ടെ, നിന്റെ പേരെന്ത്?

ജോവാ. ലൊറെയിനിലുള്ളവർ എന്നെ ജെന്നി എന്നു വിളിക്കു

ന്നു. ഇവിടെയെല്ലാവരും ജോവാൻ എന്നും പടയാളികൾ കന്യക എന്നും വിളിക്കുന്നു.

റോബ. വി. കാതറൈനും, വി. മാർഗററും നിന്നോടെല്ലാ ദിവസവും സംസാരിക്കുന്നു എന്നു നീ പറഞ്ഞതിൽനിന്ന് എന്താണു മനസ്സിലാക്കേണ്ടതു്?

ജോവാ. അവർ അങ്ങനെ ചെയ്യുന്നുവെന്ന്.

റോബ. അവർ എന്താണു പറയുന്നതു്.

ജോവാ. അതേപ്പററി ഒന്നും പറയുകയില്ല. എനിക്കനുവാദമില്ല.

റോബ. ഒരാക്രമണം നടത്തുന്നതു് പുൽത്തകിടികളിൽനിന്നു പശുക്കളെ അടിച്ചുകൊണ്ടുപോകുന്നതുപോലെ അത്ര എളുപ്പമുള്ള ഒരു കായ്മാണെന്നാണോ നീ വിചാരിക്കുന്നതു്? യുദ്ധം എല്ലാവക്കും പററിയ ഒരു തൊഴിലാണെന്നാണോ നീ കരുതുന്നതു്?

ജോവാ. ദൈവം സഹായത്തിനുണ്ടെങ്കിൽ ഒരു പ്രയാസവുമില്ലെന്നാണെന്റെ പക്ഷം.

റോബ. ഇംഗ്ലീഷ് സൈന്യം യുദ്ധംചെയ്യുന്നതു നീ കണ്ടിട്ടുണ്ടോ?

ജോവാ. അവരും നമ്മേപ്പോലെ മനുഷ്യരാണു്. അങ്ങു ഭയപ്പെടണ്ടാ. തങ്ങളുടെ രക്ഷമാത്രം കരുതുന്നതുകൊണ്ടാണു് നമ്മുടെ പടയാളികൾ തോൽവി അടയുന്നതു്. അവർ പണം മാത്രമാണാഗ്രഹിക്കുന്നതു്. ദൈവതിരുമനസ്സു നിറവേറുന്നതിനാണു യുദ്ധം ചെയ്യുന്നതെന്നു ഞാൻ അവരെ പഠിപ്പിക്കും. ഒരൊറ്റ ഇംഗ്ലീഷ് പടയാളി നമ്മുടെ മണ്ണിൽ ഇല്ലാതാകുന്നതു കാണാൻ നിങ്ങൾക്കിടയാകും.

റോബ. മി. ജിയാൻ പടയാളികളെ ഒരു പക്ഷേ സമ്മതിപ്പിക്കാം. എന്നാൽ രാജകുമാരനെ സമ്മതിപ്പിക്കുവാൻ ആർക്കു കഴിയും?

ജിയാ. ഒന്നു പരീക്ഷിച്ചുനോക്കുന്നതിൽ തെററില്ലെന്നാണു് എനിക്കു പറവാനുള്ളതു്.

റോബ. കൊള്ളാം ജോവാൻ, നിന്നെ ഞാൻ ചിനോണിലേയ്ക്കു് അയയ്ക്കുണമെന്നാണു കല്പന അല്ലേ?

ജോവാ. അതേ.

റോബ. ഞാൻ നിന്നെ അയയ്ക്കാം. ഞാൻ നിന്നെ അയച്ചു എന്നു നിനക്കു പറയുകയും ചെയ്യാം. മറെറാന്നും ചെയ്യാൻ എനിക്കു കഴിവില്ല.

ജോവാ. അതുമതി. എനിക്കൊരു പടച്ചട്ടവേണം.

റോബ. കൊള്ളാം നിന്റെ ഇഷ്ടംപോലെയാകട്ടെ. (ജിയാന്റെ നേരേതിരിഞ്ഞ്.) മി. ജിയാൻ, മറ്റാരും ഇങ്ങനെ അനുവദിക്കുമെന്ന് എനിക്കു വിചാരമില്ല. എങ്കിലും നിങ്ങൾ പറഞ്ഞതുപോലെ ഇവളിൽ എന്തോ ഒരു പ്രത്യേകതയുണ്ട്. മംഗളം ഭവിക്കട്ടെ.

ജോവാ. മി. ജിയാൻ, വരൂ, നമുക്കു പോകാം. (പോകുന്നു.)

റോബ. (സംശയാധീനനായി തലയും ചൊറിഞ്ഞു സാവകാശത്തിൽ പോകുന്നു)

കർട്ടൻ

രംഗം 5

രാജസദസ്സ്

(രാജകൊട്ടാരം. മനോഹരമായ സന്ദർശനമുറി. 1429 മാർച്ച് 8-ാം തീയതി സായാഹ്നം. റീംസിലെ ആർച്ചുബിഷോപ്പും, ലോർഡ് ചെംബർലൈൻ ട്രമോയിലും രാജകുമാരന്റെ ആഗമനം പ്രതീക്ഷിച്ച് സന്ദർശനമുറിയിൽ ഇരിക്കുന്നു.)

ട്രമോയിൽ. നാം കാത്തിരിക്കുവാൻ തുടങ്ങിയിട്ട് എത്ര നേരമായി. എത്ര മര്യാദയില്ലായ്മയാണ് രാജകുമാരൻ കാണിക്കുന്നത്. ഒന്നിനും ഒരു ചിട്ടയില്ല. ഒരു പ്രതിമപോലെ അങ്ങിരിക്കുന്നു. അങ്ങേക്ക് എങ്ങനെ ക്ഷമയുണ്ടാകും.

ആർച്ചു ബിഷോപ്പ്. നാം ഒരു ആർച്ചുബിഷോപ്പല്ലേ. പല വിഡ്ഢികളിൽനിന്നും പലതും നമുക്കു സഹിക്കാനുണ്ടാവും. സാരമില്ല. എന്നതുതന്നെയല്ല, രാജകുമാരനുള്ള അവകാശമല്ലേ, അദ്ദേഹത്തിന്റെ സൗകര്യംപോലെ സന്ദർശകരെ സ്വീകരിക്കുക.

ട്രമോ. അങ്ങേയ്ക്കറിയാമോ അദ്ദേഹം എത്രമാത്രം ധനം എനിക്കു തരാനുണ്ടെന്ന്.

ആ. ബി. എനിക്കു തരാനുള്ളതിൽ വളരെക്കൂടുതലുണ്ട്, തീർച്ചയാണ്. നിങ്ങൾ ഒരു വലിയ ധനികനല്ലേ? നിങ്ങൾക്കു കൊടുക്കുവാൻ കഴിയുമായിരുന്നിടത്തോളം അദ്ദേഹം പറഞ്ഞിക്കാണും സംശയമില്ല. എങ്ങനെ ഇതെല്ലാം തീർക്കുമോ?

(ഒരെഴുത്തു കൈയിൽ ഒതുക്കിപ്പിടിച്ചുകൊണ്ടു പ്രവേശിക്കുന്നു. ഇരുവരും എഴുന്നേറ്റു ആചരിക്കുന്നു.)

(എല്ലാവരും ഇരിക്കുന്നു.)

ചാറ്റസ്. (ആർച്ചുബിഷോപ്പിനോട്ട്) വോക്കലേഴ്സിൽനിന്നു മി. റോബർട്ട് അറിയിച്ചിരിക്കുന്നതു എന്തെന്ന് അങ്ങേയ്ക്കു അറിയാമോ?

ആ. ബി. അറിയണമെന്ന് എനിക്കു വലിയ താല്പര്യമൊന്നുമില്ല.

ചാറ. അങ്ങേയ്ക്കു വലിയ താല്പര്യമില്ലെങ്കിലും ഞാൻ ഒരുവിധത്തിലൊക്കെ അങ്ങു കഴിഞ്ഞുകൂടിപ്പോകും.

ആ. ബി. അങ്ങ് ഇരുപെട്ടെന്ന് അസുഖഭാവം കാണിക്കുന്നതെന്തിനാണ്.

ടമോ. കൈയിൽ ഇരിക്കുന്നതെന്താണ്?

ചാറ. എന്തായാലെന്താ താങ്കൾക്ക്.

ടമോ. വോക്കലേഴ്സിലെ ക്യാപ്റ്റനും അങ്ങുമായി നടത്തുന്ന ഇടപാടുകൾ അറിയേണ്ട കാര്യം എനിക്കുണ്ട്. (പെട്ടെന്നു എഴുത്തു തട്ടിയെടുക്കുന്നു.)

ചാറ. നിങ്ങൾക്കു കുറെ പണം തരാനുണ്ടെന്നുകരുതി നമ്മോടെങ്ങനെയും പെരുമാറാമെന്നോ. എന്റെ ധമനികളിൽ രാജകീയരക്തമാണൊഴുകുന്നതെന്നു മനസ്സിലാക്കണം.

ആ. ബി. അതും ഇപ്പോൾ സംശയാസ്പദമായിട്ടുണ്ടല്ലോ.

ചാറ. മതി. നമുക്ക് ആ കാര്യമൊന്നും കേൾക്കണ്ടാ.

ആ. ബി. റോബർട്ട് എഴുതിയിരിക്കുന്നതെന്താണ്. (ടമോയിലിന്റെ പക്കൽനിന്ന് എഴുത്തു വാങ്ങി വായിച്ചിട്ട്) കൊള്ളാം ടമോയിലിനു അല്പമെങ്കിലും സാമാന്യബുദ്ധി ഉണ്ടെന്നാണു ഞാൻ വിചാരിച്ചിരുന്നതു. അയാൾ കിറുക്കു പിടിച്ച ഒരു ഗ്രാമീണ ബാലികയേ ഇങ്ങോട്ടയച്ചിരിക്കുന്നു!

ചാറ. അല്ല ഒരു പുണ്യവതിയേയാണയച്ചിരിക്കുന്നതു.

ആ. ബി. അവളെ കാണുന്നതിനുപോലും അനുവദിക്കാൻ പാടില്ല. ആ ജന്തു ഒരു പുണ്യവതിയല്ല. ബഹുമാന്യയായ ഒരു സ്ത്രീപോലുമല്ല. അവൾ സ്ത്രീകളുടെ വസ്ത്രമല്ല, പട്ടാളക്കാരുടെ വേഷമാണണിഞ്ഞിരിക്കുന്നതു. അത്തരത്തിലൊരാളിനെ രാജസന്നിധിയിൽ സ്വീകരിക്കാമെന്നാണോ അങ്ങു വിചാരിക്കുന്നതു.

ചാറ. അവൾ ഒരു മാലാകായാണ്. അവളെ സ്വീകരിക്കുന്നതിൽ തെറ്റില്ല.

ടമോ. ആവട്ടെ അവൾ പുണ്യവതിയോ എന്നു നമുക്കൊന്നു പരീക്ഷിക്കാം. ഞാൻ രാജകുമാരന്റെ വേഷത്തിൽ നില്ക്കാം. അവൾ തിരിച്ചറിയുമോ എന്നറിയട്ടെ.

ചാറ. ഞാൻ ആ അഭിപ്രായത്തോട് യോജിക്കുന്നു. അവൾക്ക് എന്നെ തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ അപ്പോൾത്തന്നെ പറഞ്ഞയച്ചേക്കാം.

ആ. ബി. അവളെ സ്വീകരിക്കരുതെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. എങ്കിലും അങ്ങാഗ്രഹിക്കുന്നതുകൊണ്ട് നാം അനുവദിക്കുന്നു.

(ടമോയിലും രാജകുമാരനും അടുത്ത മുറിയിൽ പോയി വേഷംമാറി വരുന്നു. ചാറസ് ഒളുങ്ങി ഒരു അരികിൽ മാറി നില്ക്കുന്നു.)

(ജോവാൻ പട്ടാളവേഷത്തിൽ പ്രവേശിച്ച് രാജകുമാരനെ തിരയുന്നു. ഒടുവിൽ വേഷംമാറിനിന്ന രാജകുമാരന്റെ പാദത്തുങ്കൽ മുട്ടുകുത്തി ആദരിക്കുന്നു.)

ചാറ. (സന്തോഷത്തോടെ) നീ എന്നെ തിരിച്ചറിഞ്ഞതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. നീ ഇങ്ങോട്ട് എന്തിനു വന്നു?

ജോ. അങ്ങേയും അങ്ങേയുടെ രാജ്യത്തേയും രക്ഷിക്കുന്നതിനു്. ഇംഗ്ലീഷ്കാരെ രാജ്യത്തുനിന്നു തുരത്തുന്നതിനു്. അങ്ങയെ റീംസിൽവെച്ചു കിരീടം ധരിപ്പിക്കുന്നതിനു്.

ചാറ. റീംസിൽവെച്ചു് കിരീടധാരണം നിർവ്വഹിക്കണമെങ്കിൽ എന്നോടല്ല ആർച്ചുബിഷപ്പിനോടു പറയണം. അദ്ദേഹം ഇതാ ഇവിടെയുണ്ട്.

ജോ. (തിരിഞ്ഞുനോക്കി ഭക്തിബഹുമാനത്തോടെ ആർച്ചുബിഷപ്പിന്റെ മുമ്പിൽ മുട്ടുകുത്തുന്നു.) പിതാവെ, അവിടുന്ന് എന്നെ അനുഗ്രഹിക്കണം. എനിക്കു ചില കാര്യങ്ങൾ രാജകുമാരനെ മാത്രം അറിയിക്കുവാനുണ്ട്.

ആ. ബി. കൊള്ളാം. (മറ്റുള്ളവരോടായി) നമുക്കു പോകാം. ഈ കന്യക ദൈവത്തിന്റെ അനുഗ്രഹത്തോടുകൂടെ വരുന്നവൾതന്നെ.

(എല്ലാവരും പോകുന്നു)

ജോ. (ചാറത്സിനോട്ട ശാന്തസ്വരത്തിൽ) അങ്ങു വളരെ ഭയപ്പെട്ടതുപോലെ തോന്നുന്നല്ലോ?

ചാറ. മി. റോബർട്ടിന്റെ എഴുത്തു് എന്നെ സന്തുഷ്ടനാക്കുന്നുണ്ടു്. പക്ഷേ, യുദ്ധം, അതെന്നെ ഭയചകിതനാക്കുന്നു. ജനങ്ങളെ കൊല്ലുവാൻ ഞാനാഗ്രഹിക്കുന്നില്ല. യുദ്ധം ചെയ്യാൻ എനിക്കു മനസ്സുമില്ല.

ജോ. അങ്ങു ഭയപ്പെടേണ്ടാ. ഫ്റാൻസിനെ രക്ഷിക്കുവാൻ യുദ്ധത്തിനിറങ്ങണമെന്നു ദൈവം ആജ്ഞാപിച്ചിട്ടുണ്ടു്. ആ സ്വരം ഇപ്പോഴും എന്നെ നയിച്ചുകൊണ്ടിരിക്കുന്നു.

ചാറ. നീ പറയുന്നതു കണ്ണുമടച്ചു വിശ്വസിക്കുവാൻ ആരാണുള്ളതു്? ഈ രാജ്യത്തു പുരുഷന്മാർ ആരുമില്ലായിരുന്നോ ദൈവത്തിനു തിരഞ്ഞെടുക്കാൻ.

ജോ. ഉണ്ടായിരുന്നിരിക്കാം. എങ്കിലും ദൈവത്തിനിപ്രകാരമാണു പ്രസാദിച്ചതു്.

ചാറ. ഒരു ബാലിക പറയുന്നതു കേട്ടു യുദ്ധത്തിനിറങ്ങാനൊക്കുമോ? എന്നും ആധിയിലും ഭീതിയിലും കിടന്നുഴലുവാൻ എനിക്കു മനസ്സില്ല. എനിക്കു് ഇവിടെയെങ്ങാനും കിടന്നു് സുഖമായി ഉറങ്ങണം.

ജോ. ഞാൻ അറിയിക്കുന്നതു ശ്രദ്ധയോടെ കേൾക്കണം. ദൈവമാണു് ഞാൻമുഖേന സംസാരിക്കുന്നതു്. ഫ്റാൻസിന്റെ യഥാർത്ഥ അവകാശി അങ്ങുതന്നെയോ എന്നു സംശയിക്കുന്നതിനാൽ അങ്ങേ ഹൃദയം അസ്വസ്ഥമായിരിക്കുന്നു. ആ ഭയം അസ്ഥാനസ്ഥിതമാണു്. അങ്ങേയ്ക്കു കിരീടം നല്കുവാൻ ദൈവം തിരുമനസ്സായിരിക്കുന്നു. ആ കൃത്യനിർവ്വഹണത്തിനാണു് ഞാൻ നിയുക്തയായിരിക്കുന്നതു്. എനിക്കുണ്ടാകുന്ന ദർശനത്തിന്റെ സൗകുമാര്യം, എന്നെ നയിക്കുന്ന സ്വരത്തിന്റെ മാധുര്യം അവാച്യമത്രെ.

ചാറ. ഒരു സമാധാനസന്ധിയുണ്ടാക്കുന്നതാണു് യുദ്ധത്തേക്കാൾ നല്ലതെന്നു് എനിക്കു തോന്നുന്നു.

ജോവാ. ഇംഗ്ലീഷുകാർ ജയിച്ചാൽ അവരല്ലേ വ്യവസ്ഥകൾ നിർദ്ദേശിക്കുന്നതു്. അതു നമുക്കനുകൂലമായിരിക്കുമോ? അങ്ങു യുദ്ധം ചെയ്യാൻ മടിക്കരുതു്. ദൈവഹിതം അതാണു്. അതാണു നാം നിറവേറ്റേണ്ടതു് നമ്മുടേതല്ല. അങ്ങു റീം

സിൽവെച്ചു് അഭിഷേകം ചെയ്യപ്പെട്ടന്നതുവരെ ഫ്റാൻസിന്റെ ന്യായമായ അവകാശിയാകുന്നതല്ല.

ചാറ. അഭിഷിക്തനായാൽത്തന്നെയും ഞാൻ ന്യായമായ അവകാശിയാവാൻ പോകുന്നില്ല. മുഴുവനും ഞാൻ കടത്തിനായി ട്രമോയിലിനും മറ്റും പണയപ്പെടുത്തിക്കഴിഞ്ഞു.

ജോവാ. രാജ്യം അങ്ങയുടേതാണു്, നീതിപൂർവ്വം ഭരിക്കുന്നതിനും ദൈവത്തിന്റെ സമാധാനം നിലനിർത്തുന്നതിനും. അഭിഷിക്തനായശേഷം രാജ്യത്തെ മുഴുവൻ ദൈവത്തിനു സമർപ്പിക്കുക. തദനന്തരം അതേറ്റുവാങ്ങിക്കൊണ്ടു് ദൈവത്തിന്റെ വിശ്വസ്ത ദാസനായിരിക്കുക. അപ്പോൾ ഫ്റാൻസിലെ കളിമൺകട്ടപോലും പരിശുദ്ധമാകും. ഇംഗ്ലീഷുകാർ അങ്ങേ മുമ്പിൽ അടിപണിയും.

ചാറ. ഏതു കായ്ത്തിലും തിട്ടക്കം കൊള്ളുകയില്ലല്ലോ. ഞാൻ ആലോചിക്കട്ടെ.

ജോവാ. അങ്ങു് ആരോടാണു് ആലോചിക്കുവാൻ പോകുന്നതു്. ആ ദുരാഗ്രഹി, ആ കടിലഹൃദയൻ ട്രമോയിലിനോടല്ലേ? അയാൾ കപടഭക്തനും കൃതഘ്നനും രാജ്യദ്രോഹിയുമാണു്. അയാളുടെ സ്വാധീനശക്തിയാണു് അങ്ങേ അപകടത്തിലാക്കുന്നതെന്നു് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. അങ്ങു ദീർഘവീക്ഷണമില്ലായ്മയിൽ അയാളുടെ മുമ്പിൽ.

ചാറ. ആലോചിക്കാതെ എന്തെങ്കിലും ചെയ്യാൽ അവരുടെ പിൻതുണ നഷ്ടപ്പെടുകയില്ലേ?

ജോവാ. അങ്ങു വിശാലഹൃദയനും ആജ്ഞാബുദ്ധിയുമാണു്. പക്ഷേ ഒരു കാര്യം അങ്ങറിയുന്നില്ല. ഏതധികാരസ്ഥാനത്തും ഉള്ളതുപോലെ ഇവിടത്തെ കൊട്ടാരത്തിലും കുറെ ഇത്തിക്കണ്ണികൾ പറ്റിപ്പിടിച്ചിട്ടുണ്ടു്. തന്മൂലം ശുദ്ധഹൃദയനായ അങ്ങു് അവരുടെ വെറും പാവയായിത്തീരുന്നു. അവരെ വേരോടെ പിഴുതുകളയാതെ ഗതിയില്ല. ട്രമോയിൽ, ആ നീചൻ സകലതും കുത്തിവാരിക്കഴിഞ്ഞില്ലേ?

ചാറ. ഞാനെന്തുചെയ്യുന്നു. അയാളിൽനിന്നല്ലാതെ ആവശ്യത്തിനു പണം കിട്ടാൻ മാർഗ്ഗമില്ല.

ജോവാ. ഇങ്ങനെ എത്രനാൾ മുമ്പോട്ടു പോകുമെന്നാണു് അങ്ങു വിചാരിക്കുന്നതു്. രാജ്യത്തിന്റെ സ്ഥിതി എന്തെന്നു്

അങ്ങറിയുന്നുണ്ടോ. അങ്ങേ വഞ്ചിച്ചെടുക്കുന്ന പണം തന്നെ യല്ലേ ടമോയിൽ അങ്ങേയ്ക്കു കടം തന്ന് വസ്തുക്കൾ സമ്പാദിക്കുന്നത്. അയാളെ കൊട്ടാരത്തിൽനിന്നിറക്കിയില്ലെങ്കിൽ നാട്ടു മുടിയും. അങ്ങു പരമാത്മബുദ്ധിയായതുകൊണ്ട് ഈ വക്രഗതിക്കാരുടെ കൂട്ടുകിൽ പെട്ടെന്ന് അകപ്പെടുമോകും.

ചാറ. നീ പറയുന്നതിൽ വളരെ കാര്യമുണ്ട്. എങ്കിലും എല്ലാം ഈ നിലയിലായി. ഏതായാലും കുഴപ്പങ്ങൾ വർദ്ധിക്കാതിരിക്കുന്നതിനുവേണ്ടി പണ്ഡിതന്മാരായ ചില വൈദികന്മാരുടെ അന്വേഷണത്തിനു നീ വിധേയയാകും. ആപത്തിലകപ്പെട്ടിരിക്കുന്ന ഒരു രാജ്യത്തിന്റെ ഭാവി മുഴുവൻ ഒരു സാധുബാലികയിൽ ഏല്പിക്കാനുള്ള ധൈര്യം ആർക്കാണുണ്ടാവുക.

ജോവാ. അങ്ങേ സന്നിധിയിൽ വരുന്നതിനുതന്നെ പ്രതിബന്ധങ്ങൾ വലതും കടന്നു. ഇതിലും കുണ്ഠിതമില്ല. ദൈവേഷ്ടം നിറവേറുകതന്നെ ചെയ്യും സമയം പാഴാക്കരുതേ എന്നു മാത്രം.

കർട്ടൻ

അങ്കം 2

രംഗം 1

(രാജകീയസന്ദർശനമുറി. രാജകുമാരൻ ഒരു കണ്ണു പൊത്തിപ്പിടിച്ചുകൊണ്ടു പ്രവേശിച്ച് ആസനസ്ഥനാകുന്നു. അല്പം ചിന്തിച്ചശേഷം.)

ചാറ. (ആത്മഗതം) അവളെ കൂട്ടിക്കൊണ്ടുവരുവാൻ ആളയച്ചിട്ട് ഇത്ര താമസമെന്ത്. ഭാവി എങ്ങനെ ആയിരിക്കുമോ. ദൈവഹിതംപോലെ സംഭവിക്കട്ടെ. (വാതിലിൽ മുട്ടുന്ന സ്വരംകേട്ട്) അതാരു, കൊള്ളാം, കടന്നുവരാം. (ക്രിസ്തു ഭൂഗോളം കരത്തിൽ വഹിച്ചിരിക്കുന്ന ചിത്രം ലേഖനം ചെയ്ത ഒരു വലിയ വെള്ളക്കൊടിയും പിടിച്ചുകൊണ്ടു പ്രവേശിക്കുന്നു.)

ചാറ. കന്യകെ, ഇത്ര താമസിച്ചതെന്ത്. പരിശോധകസംഘത്തിന്റെ തീരുമാനം അറിഞ്ഞോ?

ജോവാ. അനേകം ക്രിത്രിമചോദ്യങ്ങൾ ആ സന്ന്യാസികൾ എന്നോട് ചോദിച്ചു. അവർ എന്നെ വളരെ വിഷമിപ്പിച്ചു. എങ്കിലും അനുകൂലമായ തീരുമാനം പ്രതീക്ഷിച്ചുകൊണ്ടുതന്നെയാണ് ഞാൻ പോയത്.

ചാറ. കൊള്ളാം നീ സന്തോഷിക്കുക. തീരുമാനം അനുകൂലം തന്നെ. അവരുടെ തീരുമാനം ഇങ്ങനെയാണ്. (ഒരു കടലാസെടുത്തു വായിക്കുന്നു.) വിസമ്മതത്തോടെയെങ്കിലും ഞങ്ങൾ ഇങ്ങനെ തീരുമാനിക്കുന്നു. പരിശോധനയിൽ അവൾ ഭക്തയും വിശ്വസ്തയുമെന്നു കാണുന്നു. ഓർളിയൻസിനെ രക്ഷിക്കുന്നതിനും, റീംസിൽവച്ചു രാജകുമാരന്റെ കിരീടധാരണം നിവ്വഹിക്കുന്നതിനും, പാരിസു കൈവശപ്പെടുത്തുന്നതിനും, ഓർളിയൻസു പ്രഭുവിനെ ബന്ധനവിമുക്തനാക്കുന്നതിനും ഈ കന്യക ദൈവത്താൽ നിയുക്തയാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതിനാൽ സൈന്യങ്ങളുടെ നേതൃത്വം നല്കി അവളെ അയയ്ക്കുവാനുന്നതാണ്. അവൾ ധീരതയോടെ മുമ്പോട്ടു പോകട്ടെ. സുഖ്ഭാവുകങ്ങളും ആശംസിക്കുന്നു."

ജോവാ. ദൈവത്തിനു സ്തുതിയായിരിക്കട്ടെ. എന്റെ പ്രാർത്ഥനകൾ നിറഞ്ഞതാണ്. ശത്രുസേനയുടെ പിടിമുറുകുന്നതിനു മുമ്പേ മിന്നൽവേഗത്തിൽ ആക്രമണം നടത്തണം.

ചാറ. ജോവാൻ, നീ ധീരതയോടെ മുന്നേറുക, സൈന്യങ്ങളെ നയിക്കുക. ഇതു ദൈവേഷ്ടമാണെന്നു ഞാൻ വിശ്വസിക്കുന്നു. ചതുരതയോടെ പോരാടുക. ശത്രുസൈന്യത്തെ കീഴടക്കുക. വിജയം വരിക്കുക. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. ശത്രുസേനകളാൽ നിറയപ്പെട്ട റോഡുകളിൽക്കൂടെ യാത്രചെയ്യുന്നതും, നദികൾ തരണം ചെയ്യുന്നതും അപകടകരമാണെന്നു നീ സ്മരിക്കണം. ഓർളിയൻസിലേയ്ക്കുള്ള മാർഗ്ഗത്തിൽ മൂന്നു കോട്ടകളുണ്ട്. കരുതലോടെ മുമ്പോട്ടു പൊയ്ക്കൊള്ളണം. ഇതാ സൈന്യങ്ങൾ തയ്യാറായി നില്പുണ്ട്. സംരക്ഷണത്തിന്റെ കുറവുകൊണ്ടും, തുടരെയുള്ള പരാജയങ്ങൾ ഹേതുവാലും അവർ നഷ്ടധൈര്യരും, ഉത്സാഹശൂന്യരും നിയന്ത്രണമില്ലാത്ത വരുമായിരുന്നു. എങ്കിലും ദൈവാനുഗ്രഹത്താൽ ഭവതിയുടെ നേതൃത്വത്തിൽ അവർക്ക് അചഞ്ചലമായ വിശ്വാ

സമുണ്ട്. ഒരു നവോന്മേഷം അവക്കു പുളകം ചാർത്തുന്നു. അവർ ഭവതിയുടെ ആജ്ഞകൾ അക്ഷരംപ്രതി അനുവ ർത്തിച്ചുകൊള്ളും. വല ആശങ്കകളും എന്നെ വലയം ചെ യ്യുന്നുണ്ടെങ്കിലും എല്ലാം ഞാൻ ദൈവസന്നിധിയിൽ സമ ർപ്പിക്കുന്നു. വിജയശ്രീയോടെ തിരിച്ചുവരുക. എന്റെ ഹൃദയംഗമമായ ആശംസകൾ.

ജോവാ. മഹാനുഭാവനായ രാജകുമാരാ അവിടുന്നു ധൈര്യവാ നായിരിക്കുക. ഒന്നും ഭയപ്പെടാനില്ല. വിജയം നിശ്ചയം. ഇതു ദൈവഹിതമാണ്. ദൈവനിർദ്ദേശപ്രകാരം ഫയർ ബോയിയിലെ ഒരു ദൈവാലയത്തിൽനിന്നെടുത്തതാണീ വാൾ. (വാൾ കാണിക്കുന്നു.) ഇതുപയോഗിച്ചു യുദ്ധം ചെയ്യാനാണ് എന്റെ സ്വരം നിർദ്ദേശിക്കുന്നതു്. വിജ യം വരിക്കുന്നതിനു് അങ്ങു പ്രാർത്ഥിക്കുക. സൈന്യങ്ങൾ വി. ക്രുദാശകൾ സ്വീകരിച്ചു് ആത്മവിശുദ്ധി വരുത്തി ഉടനെ പുറപ്പെടുന്നതാണ്. അടുത്തുതന്നെ ഒരസ്സമേറ്റു ഞാൻ നിലംപതിക്കും. അതറിഞ്ഞു് അവിടുന്നു പരിഭ്രാ ന്തനാകരുതു്. അതു് അപായകരമായിരിക്കയില്ല. എന്റെ സ്വരം നിർദ്ദേശിച്ചതനുസരിച്ചാണ് ഈ കൊടി നിർമ്മി ച്ചിരിക്കുന്നതു്. ഓർളിയൻസിന്റെ മദ്ധ്യത്തിൽ ഇതു് ജയഭേരിയോടെ ഞാൻ നാട്ടും.

ചാറ. കരുതലോടും ക്രമവൽകൃതമായ യുദ്ധതന്ത്രത്തോടുംകൂടെ ഓരോ അടിയും മുമ്പോട്ടുവെയ്ക്കേണ്ടിയിരിക്കുന്നു. നമ്മുടെ ധീരസേനാനി ഡ്യൂണോയി ഒരു വമ്പിച്ച സൈന്യത്തോടു കൂടെ പട്ടണത്തിനുള്ളിൽ കടുങ്ങിയിരിക്കുന്നു എന്നുവേണം പറയുവാൻ. ഭക്ഷണവും യുദ്ധസാമഗ്രികളും മിക്കവാറും തടയപ്പെട്ടിരിക്കുന്നുവെന്നുവേണം പറവാൻ. അതിനാൽ മിന്നൽവേഗത്തിൽ സേനാനീക്കം ആരംഭിക്കണം. അന്തിമ സമരത്തിനു ശത്രുസൈന്യം സന്നദ്ധമായിരിക്കുകയാണ്. ഒരിക്കൽക്കൂടെ എന്റെ മംഗളാശംസകൾ. (ചാറൽസ് നി ഷ്ക്രമിക്കുന്നു.)

ജോ. (ഒരരികിലേക്കു മാറി സൈന്യവ്യൂഹങ്ങളെ നോക്കിക്കൊ ണ്ടെന്നപോലെ) സപ്തരാജന്റെ സ്വന്തമായ ഫ്റാൻസി ന്റെ വീരസന്താനങ്ങളെ, ധീരയോദ്ധാക്കളെ, നിങ്ങൾ തന്നെ നിശ്ചയിക്കണം. എന്തു്? പോരാടി വിജയം നേട

ണോ, അതോ പിൻവാങ്ങി അടിമകളാകണോ എന്ന്. അതിനുള്ള സമയം ഇതാണ്. ഒരു വിനാഴിക കളയാനില്ല. മിത്രങ്ങളോടോ നാം പോരാടുന്നത്. അല്ല, ഒരിക്കലുമല്ല. അങ്ങനെ ഒരുകാലത്തും നാം ചെയ്തിട്ടില്ല. ചെയ്തിയുമില്ല. ലോകമേധാവിത്വം സംസ്ഥാപിക്കുവാൻ വെമ്പൽകൊള്ളുന്ന ദുർമ്മോഹികളോട്, അതെ ഇംഗ്ലീഷ് ജനതയോടാണ് നാം യുദ്ധത്തിനു പുറപ്പെടുന്നത്. അതു ചെയ്യാതിരിക്കുവാൻ, അതു ഭീരുക്കളോ നാം. അവക്കു നാം അടിപണിയുകയോ? അടിമകളാവുകയോ? ച്ഛീ അതുമാത്രം നമ്മുടെ ആത്മാഭിമാനം, നമ്മുടെ ദേശീയബോധം അധഃപതിച്ചുവോ? എയ് ഒരിക്കലുമില്ല. നമ്മുടെ മാതൃഭൂമിയുടെ സ്ഥിതി, ഓ, തികച്ചും പരിതാപകരം. അതു നിങ്ങൾക്കറിയാം. സ്വരാജ്യത്തെ ഒറ്റിക്കൊടുക്കുവാൻ മുതിരുന്ന ദുർബുദ്ധികളും സ്വാർത്ഥപ്രേമികളും ഇല്ലാതില്ല. എത്രനാൾ ഇതു നാം കണ്ടുകൊണ്ടിരിക്കും? അക്കണ്ണടച്ചുകളവാൻ കഴിയും? ഇവയ്ക്കൊരന്തം വരുത്താതെ നിങ്ങളുടെ ആത്മവീര്യം അടങ്ങുമോ?

ഞാൻ വെറും ഒരു സ്ത്രീമാത്രം—നിങ്ങൾ എന്റെ നേതൃത്വത്തിൽ വിശ്വാസം അർപ്പിക്കുമോ? അർപ്പിക്കുതന്നെവേണം. എന്തുകൊണ്ട്? ശക്തനായവൻ— ദൈവം—ബലഹീനമായ ഈ കരങ്ങൾവഴി നമ്മുടെ മാതൃഭൂമിയുടെ പുനരുദ്ധാരണം സാധിക്കുവാൻ തീരുമനസ്സായിരിക്കുന്നു. ദൈവത്തിന്റെ അതുലശക്തിയിൽ അചഞ്ചലമായ അഭയംതേടിക്കൊണ്ട് അണിനിരക്കുവിൻ. നമ്മുടെ രാജ്യത്തെ അരാജകത്വത്തിലും അടിമത്തത്തിലുംനിന്നു സമുദ്ധരിക്കുവിൻ. നമ്മുടെ ധീരനായകനായ ചാറത്സുരാജകുമാരനെ റീംസിൽവെച്ച് കിരീടം ധരിപ്പിക്കുവാൻ ഇരമ്പിക്കയറുവിൻ. വിജയം നിശ്ചയം. ദൈവം നമ്മോടുകൂടെയുണ്ട്. ഒരടി മുമ്പോട്ടുവെച്ചാൽ അതു പിൻവലിക്കരുത്. വിജയം അല്ലെങ്കിൽ മരണം. അതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം. ആകയാൽ, കരുത്തുള്ളവർ — സ്വരാജ്യത്തിനുവേണ്ടി — സ്വന്തം രാജാവിനുവേണ്ടി നമ്മുടേയും അനന്തരതലമുറയുടേയും ആത്മാഭിമാനം—ആത്മവീര്യം പരിരക്ഷിക്കുവാൻവേണ്ടി— ഇംഗ്ലീഷുകാരുടെ ക്രൂരമർദ്ദനത്തിൽനിന്നു മുക്തിനേടുവാൻവേണ്ടി—

അണിനിരക്കുവിൻ. മുന്നേറുവിൻ. ദേശാഭിമാനികളെ, ധീരയോദ്ധാക്കളെ, കഠിനകഠിനങ്ങളായ പലതും നമ്മേ അഭിമുഖീകരിക്കും. ഏതിലും ചെറുത്തുനില്പുവിൻ. വിജയം, അതേപ്പറ്റി സംശയിക്കണ്ടാ. അതാകുന്നു ദൈവതിരു മനസ്സ്.

ക്രിസ്തുരാജൻ–ജെയ്, പോപ്പുരാജൻ–ജെയ്, ഫ്റാൻസു രാജ്യം–ജെയ്, ചാറത്സു രാജകുമാരൻ–ജെയ്.

കർട്ടൻ.

രംഗം 2

(ബർഗണ്ടികൊട്ടാരം. ഒരു മനോഹരമായ മുറി. ബർഗണ്ടിപ്രഭു ബെഡ്ഫോർഡും – സർ വില്യവും സംസാരിച്ചു കൊണ്ടിരിക്കുന്നു.)

ബെഡ്ഫോർഡ്. മി. വില്യം, ഫ്റാൻസു മിക്കവാറും അടിപെട്ടു കഴിഞ്ഞു. ഓർളിയൻസുകൂടെ ഇംഗ്ലീഷുകാക്ക് അധീനമായിക്കഴിഞ്ഞാൽ എല്ലാമായി. ഇനി ഒരു കാലത്തും ഫ്റാൻസു തല പൊക്കുകയില്ല.

വില്യം. ഓർളിയൻസു് ഏറെനാൾ പിടിച്ചു നില്ക്കയില്ല. ഫ്റാൻസിലെ പ്രഭുക്കന്മാക്ക് തമ്മിൽ ഐക്യമില്ല. അതു നമുക്ക് അനുകൂലമായ ഒരു പരിതസ്ഥിതിയല്ലേ? അവരുടെ ശത്രുത ഇപ്പോൾ ആളിക്കത്തുകയാണ്. നമ്മുടെ തിരിച്ചുണ്ടൽ കുറിക്കുകൊള്ളും.

ബെഡ്. പ്രസിദ്ധ രാജ്യതന്ത്രജ്ഞന്മാർ എന്നും സ്വീകരിക്കുന്ന നയമല്ലേ ഭിന്നിപ്പിച്ചു ഭരിക്കുകയെന്നതു്. കായ്പും കാണാൻ അതിനെക്കാൾ പറ്റിയ മാർഗ്ഗമില്ല.

വില്യം. ഉദ്ദേശിക്കുന്നതുപോലെ കായ്പും നടക്കും. പക്ഷേ ഒരു തീരാക്കളങ്കം ലോകചരിത്രത്തിൽ ശേഷിക്കും. ലോകം എന്നും ഈ നിലയിൽക്കിടക്കുമോ? ഒരുകാലത്തു് ഈ നയം പരിഹാസ്യമായിത്തീരുകില്ലേ?

ബെഡ്. അതു് അന്നല്ലേ. അതു കാണുവാൻ നമ്മളാരും കാണുകയില്ല. കാലാനുസൃതം നയംമാറിക്കൊള്ളണം. അതല്ലേ ശരിയായ തന്ത്രം.

വില്യം. രാജകുമാരന്റെ പക്ഷത്തു് ലോയർനദിയുടെ ദക്ഷിണ ഭാഗത്തുള്ളവർ മാത്രമേയുള്ളു എന്നതു ശരിയാണു്. ഗത്യന്തരമില്ലാഞ്ഞല്ലേ അങ്ങനെ സംഭവിച്ചിരിക്കുന്നതു്. ഫ്രഞ്ചു ജനത ദേശീയബോധമോ ആത്മാഭിമാനമോ ഇല്ലാത്ത വരാണോ? അവസരം വരുമ്പോൾ അവർ ഒത്തുചേരും. ഈയിടെ കേട്ട-രഹസ്യമായ ഒരറിവാണു്– ഡോം റെമിയിൽനിന്നു് ഒരു കന്യക അത്യത്ഭുതകരമായ വീര്യത്തോടെ സൈന്യനേതൃത്വം സ്വീകരിച്ചു് നമ്മോടു യുദ്ധത്തിനിറങ്ങുവാൻപോകുന്നെന്നു്.

ബെഡ്. വില്യം, നിങ്ങൾ ഇതു ഭീരുവോ? ഒരു സ്ത്രീയോ ഇംഗ്ലീഷ് സൈന്യത്തെ തോല്പിക്കുവാൻ പോകുന്നതു്?

വാതിൽ കാവൽക്കാരൻ. (പ്രവേശിച്ചു്) ഒരു ദൂതൻ പുറത്തുനില്പുണ്ടു്. ടൂർസിൽനിന്നു് ഒരു സന്ദേശമാണിതു്. (സന്ദേശം കൊടുക്കുന്നു.)

ബെഡ്. കൊള്ളാം പൊയ്ക്കോൾക. (എഴുത്തുപൊട്ടിക്കുന്നതിനിടയിൽ) ഓർളിയൻസു കീഴടങ്ങിയിരിക്കും. സന്ധിയാലോചനയ്ക്കുള്ള ശ്രമമായിരിക്കും. പക്ഷേ ഇത്തവണ അതു എളുപ്പമല്ല. (എഴുത്തുനോക്കി ഭാവഭേദത്തോടെ) വില്യം, ഇതു നിങ്ങൾ പറഞ്ഞ കന്യകയുടേതാണു്. അവൾ യുദ്ധത്തിനിറങ്ങിയിരിക്കുന്നു.

വില്യം. എന്താണു്, കേൾക്കട്ടെ.

ബെഡ്. (വായിക്കുന്നു) ഇംഗ്ലണ്ടിന്റെ രാജാവേ, ഫ്രാൻസിന്റെ റീജന്റു് എന്നു വിളിക്കപ്പെടുന്ന പ്രഭുവേ, നിങ്ങൾ സ്വർഗ്ഗരാജന്റെ കല്പന കേട്ടാലും: അക്രമം പ്രവർത്തിച്ചു നിങ്ങൾ കൈവശപ്പെടുത്തിയിട്ടുള്ള എല്ലാ പട്ടണങ്ങളിൽനിന്നും താക്കോലുകൾ, ദൈവത്തിന്റെ നാമത്തിൽ വരുന്ന ഈ കന്യകയെ ഏല്പിക്കുക. ഫ്രാൻസിലെ രാജാവിന്റെ അധികാരാവകാശങ്ങൾ സംരക്ഷിച്ചു നിലനിർത്തുന്നതിനു് അയയ്ക്കപ്പെട്ടവളാണു ഞാൻ. നിങ്ങൾ സത്യവും നീതിയും പാലിക്കുന്നതിനൊരുക്കമുള്ളവരെങ്കിൽ സമാധാനമായി വർത്തിക്കുവാൻ ഞാൻ ഒരുക്കമാണു്, നിങ്ങൾ സമാധാനമായിരിൻവാങ്ങുക. അല്ലെങ്കിൽ എന്റെ ആഗമനം നിങ്ങൾക്കു വലിയ നാശമുണ്ടാക്കും. സമാധാനംകൊണ്ടു് ഒരു നഷ്ടവു

മില്ല. യുദ്ധംകൊണ്ടു വിചാരിക്കാത്ത പല വലിയ നഷ്ടവു മുണ്ടാകും.

ഇംഗ്ലണ്ടിലെ രാജാവെ, അങ്ങ് ഇപ്രകാരം പ്രവ ത്തിക്കുന്നില്ലെങ്കിൽ ഞാൻ യുദ്ധത്തിനിറങ്ങും. അങ്ങെയുടെ സൈന്യങ്ങളെ ഫ്റാൻസിലെ മണ്ണിൽനിന്നു തുരത്തും. ഞാൻ നിയുക്തയായിരിക്കുന്നതു് അതിനാണ്. എന്നെ ശ്രവിക്കുന്നെങ്കിൽ എന്റെ ഭാഗത്തുനിന്നു കരുണ കാണും. സ്വാർത്ഥതയെ അവലംബിക്കരുതു്. ദൈവത്തിൽനിന്നു് ഈ രാജ്യം നിങ്ങൾക്കു ലഭിച്ചിട്ടില്ല. സാക്ഷാൽ കിരീടാവ കാശിയായ ചാറൽസുരാജകുമാരനാണ് രാജ്യം സിദ്ധിച്ചി രിക്കുന്നതു്. അദ്ദേഹംതന്നെ രാജാവാകണം എന്നു ദൈവം നിശ്ചയിച്ചിരിക്കുന്നു. ഈ വിവരം അറിയിക്കുന്ന കന്യക യായ ഞാൻ പാരീസിൽ പ്രവേശിക്കുന്നതാണ്. ദൈവ നാമത്തിൽ അറിയിക്കുന്ന ഇക്കാര്യം നിങ്ങൾ വിശ്വസിക്കു ന്നില്ലെങ്കിൽ, കഴിഞ്ഞ ഒരായിരം വർഷങ്ങൾക്കുള്ളിൽ ഉണ്ടാ യിട്ടില്ലാത്ത മഹാ ക്ഷോഭം നിങ്ങൾ കാണും. നിങ്ങൾ സജ്ജമാക്കിയിരിക്കുന്ന ഏതു വൻശക്തിയേയും വെല്ലുന്ന ബലം ദൈവം എനിക്കു തന്നിട്ടുണ്ട്. സമയം പോയിട്ടില്ല. നിങ്ങളുടെയാക്രമങ്ങൾക്കൊരു പൂർണ്ണവിരാമമിടുക; മാന മായിപ്പിരിയുക എന്നു ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ എന്നോടു ചേരുന്നെങ്കിൽ സഭയ്ക്കു് ഇതുവരേയും സിദ്ധിച്ചി ട്ടില്ലാത്ത മഹത്തരങ്ങളായ നേട്ടങ്ങൾ സ്വായത്തമാക്കാ വുന്നതാണ്. ഇനിയും ഓർളിയൻസിനെതിരായി ആക്രമ ണം അഴിച്ചുവിടാനാണൊരുക്കമെങ്കിൽ വിവരം അറിയി ക്കുക. വീണ്ടും ഞാൻ ഓമ്മിപ്പിക്കുന്നു; സമാധാനം ഒരു നഷ്ടവും വരുത്തുകയില്ല. എന്നാൽ യുദ്ധം അചിന്ത്യമായ നാശങ്ങൾ ഉളവാക്കും എന്നു്. നിങ്ങൾ ഒട്ടവിൽ ഭീമമായ നഷ്ടത്തോടെ പിൻവാങ്ങുകതന്നെ ചെയ്യും.

കന്യകയായ ജോവാൻ.

വില്യം. ങ്ങ് ആഹാ? അവൾ പെണ്ണു കേമിയാണല്ലോ. അ വൾക്കു് ഒരു ബോധവുമില്ല, ആക്കാണെഴുതുന്നതെന്നു്. അവളെ ഒന്നു കാണുകതന്നെവേണം.

ബെഡ്. അവൾ എവിടെക്കിടന്ന തെണ്ടിയോ? ധിക്കാരത്തിനു മില്ലേ ഒരതിര്. ആരാണവളുടെ പുറകേ തുള്ളാൻ. പ്രൊട്ടക്ടന്മാർ എല്ലാവരും നമ്മുടെ പക്ഷത്താണ്. ദൈവദൃഷ്ടണമല്ലാതെ അവളുടെ എഴുത്തിൽ എന്തുണ്ട്. അവളെ പിടിച്ചുകെട്ടി എണ്ണയൊഴിച്ചു ദഹിപ്പിക്കണം. അല്ലെങ്കിൽ ദൈവശാപമുണ്ടാകും.

വില്യം. അവളെപ്പറ്റി പുറത്തുവന്നിരിക്കുന്ന അറിവു ശരിയാണെങ്കിൽ കുറെ ഭയത്തിനവകാശമുണ്ട്. അവൾ പറഞ്ഞിരിക്കുന്നതു ശരിയല്ലേ? നമുക്കു ഫ്റാൻസുരാജ്യത്തിന് എന്തവകാശമാണുള്ളതു്?

ബെഡ്. അവൾ കന്യകയാണെന്നു കേട്ടതുകൊണ്ടായിരിക്കും ഈ അനുഭാവമനോഭാവം. എന്നാൽ അവളുടെ പക്ഷത്തു ചേർന്കൊൾക. അവളെ ചുടാതെ അഭിമാനമുള്ള ഒരൊറ ഇംഗ്ലീഷുകാരൻ അടങ്ങുകയില്ല.

വില്യം. ഞാൻ അങ്ങനെ ഒന്നു പറഞ്ഞുവെന്നേയുള്ളു. സ്വാർത്ഥതയുടെ ഈ കട്ടംകൈകളൊക്കെ ഓർക്കുമ്പോൾ അല്പം ഒരു മനശ്ശല്യം എനിക്കുണ്ടാകാറുണ്ട്. ഞാൻ അതു കാര്യമാക്കുന്നില്ല. ഒരു മറുപടിയും കൊടുക്കണ്ടാ. അവഗണിച്ചുകളഞ്ഞാൽ മതി എന്നാണെന്റെ പക്ഷം.

ബെഡ്. കൊള്ളാം മി. വില്യം, നിങ്ങൾ ചിന്താശീലനാണ്. മറുപടി കൊടുക്കുന്നില്ലെന്നു മാത്രമല്ല, ഉടനെ തടങ്കലിൽ വെയ്ക്കുകയും ചെയ്യാം. അവളുടെ ധിക്കാരത്തെ നാം തുണവൽഗണിച്ചിരിക്കുന്നുവെന്ന് അവൾ മനസ്സിലാക്കട്ടെ. നമ്മേപ്പറ്റി അവൾക്ക് യാതൊന്നും അറിയാൻ ഇടയാവുകയുമില്ല.

കർട്ടൻ.

രംഗം 3

(26 വയസ്സുള്ള ഡുണോയിഡു്. ലോയർ നദീതീരം. അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുന്നു. കുന്തം ചാരിവെച്ചിരിക്കുന്നു. പരിച സമീപത്തുവെച്ചിരിക്കുന്നു. ബാറൻതടി കൈയിലുണ്ടു്. തല ഉയത്തിനോക്കുന്നു. സൈനികവേഷത്തിൽ ഒരാൾ അല്പം അകലെക്കൂടി കടന്നുപോകുന്നു.)

ഡുണോയിഡു്. നില്ക്കുണം. ആരതു്?

(ജോവാന്റെ സ്വരം) ഒരു കന്യക.

ഡുണോ. കന്യകേ, ഇങ്ങോട്ടു്, എന്റെ അടുക്കലേയ്ക്കു വന്നാലും.

(തിളങ്ങുന്ന പടച്ചട്ട ധരിച്ച ജോവാൻ പ്രവേശിക്കുന്നു.)

ജോ. ഓർളിയൻസിൽ, രാജകുമാരന്റെ പക്ഷത്തെ സേനാനായകൻ ഡുണോയിഡു് നിങ്ങൾതന്നെയോ?

ഡുണോ. അതേ, നിങ്ങൾതന്നെയോ കന്യക ജോവാൻ?

ജോ. അതെ.

ഡുണോ. സൈന്യങ്ങളെവിടെ?

ജോ. അവർ വളരെ പുറകിലാണു്. അവർ എന്നെ കളിപ്പിച്ചു. നദിയുടെ മറുകരയിൽക്കൂടെയാണെ പോന്നതു്.

ഡുണോ. അതു് എന്റെ നിർദ്ദേശം അനുസരിച്ചാണു്. നിങ്ങളുടെ ആഗമനത്തിൽ പട്ടണവാസികൾക്കും എനിക്കും അവാച്യമായ ആനന്ദമുണ്ടു്. അപകടനിലയിലായിരുന്നു. ഇപ്പോൾ രക്ഷപെടാമെന്ന ആശ വർദ്ധിച്ചിട്ടുണ്ടു്. ശത്രുക്കളോടു് ഏറ്റു മുട്ടുവാൻ സന്നദ്ധതയും തന്റേടവും സൈന്യങ്ങൾക്കു സിദ്ധിച്ചിരിക്കുന്നു.

ജോ. എല്ലാം ശരിയാണു്. എന്നാൽ ഇംഗ്ലീഷുകാരെ നേരിട്ടെതിർക്കാതെ മറുകരയിൽക്കൂടെ ഓർളിയൻസിനെ സമീപിക്കണമെന്നുപദേശിച്ചതെന്തിനാണു്.

ഡുണോ. ഞാനും, എന്നേക്കാൾ ബുദ്ധിമാന്മാരും നയതന്ത്രശാലികളുമായ മറ്റു ചിലരുംകൂടെ അങ്ങനെ തീരുമാനിച്ചു. ഏറ്റവും അപത്തൊഴിഞ്ഞ മാർഗ്ഗം അതെന്നു തോന്നി. ഇംഗ്ലീഷുസൈന്യം ഇരുകരകളിലുമുണ്ടല്ലോ.

ജോ. ശരിതന്നെ. എന്നാൽ ദൈവനിർദ്ദേശം ഏതിനേക്കാളും ബുദ്ധിപൂർവ്വകവും വിശ്വസനീയവും ശക്തിയേറിയതുമാണെന്നു ധരിക്കണം. ഓർളിയൻസുപട്ടണം മറുകരയിലല്ലേ? എങ്ങനെ നദി കടക്കും?

ഡുണോ. ഒരു പാലമുണ്ട്.

ജോ. എന്നാൽ പാലം കടന്ന് നമുക്ക് അവരെ ആക്രമിക്കാം.

ഡുണോ. പറയാനെളുപ്പമുണ്ട്. പക്ഷേ, അതു പെട്ടെന്നു നിറ്റ്വഹിക്കാവുന്ന കാര്യമല്ല.

ജോ. എനിക്കു തോന്നിപ്പോകുന്നു, നിങ്ങൾ എന്നെ ചതിക്കയാണെന്ന്. അങ്ങനെയെങ്കിൽ നിങ്ങൾ സ്വയം വഞ്ചിതരാവുകയാണ്, സംശയമില്ല. കാരണം നമ്മുടെ പ്രിയപ്പെട്ട മാതൃരാജ്യത്തിന് ഇതുവരെ ലഭിച്ചിട്ടുള്ളതിലും ഏറ്റവും വലിയ സഹായം – ദൈവത്തിൽനിന്നുള്ള സഹായം – ആണ് ഞാൻവഴി ലഭിക്കുവാൻ പോകുന്നതെന്ന് ഓർമ്മിക്കണം. അതു നഷ്ടപ്പെടുത്തിക്കൂടാ. പാലത്തിലേയ്ക്കുള്ള വഴി ഏതാണ്?

ഡുണോ. കന്യകേ, ഇതു തിടുക്കം കൂട്ടുന്നതെന്തിന്?

ജോ. ഇതോ ക്ഷമിച്ചിരിക്കുന്നതിനുള്ള സമയം? ശത്രു പടിവാതിൽക്കൽ എത്തിയിരിക്കുന്നു. നാം ഒന്നും ചെയ്യുന്നില്ല. എന്തുകൊണ്ടു പ്രത്യാക്രമണം നടത്തുന്നില്ല. നിങ്ങളുടെ ഭയം ഞാൻ നീക്കാം.

ഡുണോ. (ചിരിച്ചുകൊണ്ട്) കന്യകെ, വരൂ, ഞാൻ കാണിച്ചുതരാം. അതാ ആ രണ്ടു കോട്ടകൾ കാണുന്നുണ്ടോ? (ചൂണ്ടിക്കാണിക്കുന്നു) പത്തു പടയാളികൾ എന്നോടൊപ്പമുണ്ടെങ്കിൽ അതിൽനിന്നുകൊണ്ട് ഒരു സൈന്യത്തെ ഞാൻ തടഞ്ഞുനിറ്ത്താം. ഇംഗ്ലീഷുപക്ഷത്തു് എത്ര ആയിരം പടയാളികൾ ഉണ്ടെന്നറിയാമോ, നമുക്കെതിരായി യുദ്ധം ചെയ്യാൻ. അതുകൊണ്ട് ആക്രമണത്തേക്കാൾ പ്രതിരോധമാണു നല്ലതു്.

ജോ. ദൈവത്തിനെതിരായി ആ കോട്ടകൾ പിടിച്ചുകൊണ്ടിരിക്കുവാൻ അവക്കു കഴിവില്ല, നിശ്ചയം. ദൈവം ആ കോട്ടകൾ അവക്കു കൊടുത്തിട്ടില്ല. അവ നമ്മുടേതാണ്. ഞാൻ പിടിച്ചടക്കും.

ഡുണോ. തനിയേയോ.

ജോ. നമ്മുടെ സൈന്യം. അവരെ ഞാൻ നയിക്കും.

ഡുണോ. ഒറ്റ ഒരാൾ അനുഗമിക്കയില്ല.

ജോ. ആരെങ്കിലും വരുന്നുണ്ടോ എന്നു പുറകോട്ടു നോക്കിയെങ്കിൽ പോരേ.

ഡുണോ. (സ്വഭാവം മനസ്സിലാക്കി തോളിൽ കൊട്ടിക്കൊണ്ട്) കന്യകെ, കൊള്ളാം. നിന്നിൽ ഒരു പടയാളിയുടെ വീര്യമുണ്ട്.

ജോ. ഞാൻ ദൈവത്തിന്റെ ഒരു മാസിമാത്രം. എന്റെ വാൾ പൂജ്യമാണ്. വി. കത്തറീനായുടെ പള്ളിയിൽനിന്നു കിട്ടി. അതു് എനിക്കായി ദൈവം അവിടെ വെച്ചിരുന്നതാണ്. എന്നിലുള്ളതു കോപമല്ല, ധൈര്യംമാത്രം— ഞാൻ സേനകളെ നയിക്കും. എന്റെ പിന്നാലെ നിങ്ങളുടെ സൈന്യം വരും. നിങ്ങൾ എന്നെത്തടയരുതു്. ഞാൻ അതു ചെയ്യേണ്ടതാണ്.

ഡുണോ. എല്ലാം അവസരം നോക്കിച്ചെയ്യാം. പാലം കടന്നതുകൊണ്ടു് ആ കോട്ടകൾ കൈവശപ്പെടുത്താൻ പറ്റുകയില്ല. ജലമാർഗ്ഗേണ വരണം. എന്നിട്ടു് ഇംഗ്ലീഷുകാരെ പിന്നിൽനിന്നാക്രമിക്കണം.

ജോ. എന്നാൽ ഉടനെ ചെങ്ങാടങ്ങൾ ഉണ്ടാക്കി വലിയ തോക്കുകൾ ഇണക്കി നദീതരണം ചെയ്യട്ടെ.

ഡുണോ. എല്ലാം തയ്യാറായിട്ടുണ്ട്. അവർ ദൈവത്തെ പ്രതീക്ഷിച്ചിരിക്കയാണ്.

ജോ. നിങ്ങൾ പറഞ്ഞതിന്റെ അർത്ഥമെന്തു്? ദൈവം അവരെ പ്രതീക്ഷിച്ചിരിക്കയാണല്ലൊ.

ഡുണോ. കാറ്റനുകൂലമല്ല. പ്രതികൂലമാണ്. ദൈവം അതനുകൂലമാക്കിത്തരുന്നതുവരെ കാത്തിരിക്കാതെ തരമില്ല. നമുക്കു പ്രാർത്ഥിക്കാം. കാറ്റനുകൂലമാകുന്നതിനു ഞാൻ പ്രാർത്ഥിച്ചു. ഫലമുണ്ടായില്ല. നീ ചെറുപ്പമല്ലേ, കളങ്കമില്ലാത്തവളുമല്ലേ. നിന്റെ പ്രാർത്ഥന ഫലിച്ചേക്കും.

ജോ. ഞാൻ പ്രാർത്ഥിക്കാം. വി. കത്തറീനായോടു ഞാൻ യാചിക്കും. അവൾ അതു ദൈവത്തിൽനിന്നു വാങ്ങിത്തരും. (സ്ഫടികത്തിലേയ്ക്കു ദൃഷ്ടി തിരിക്കുന്നു.)

(അല്പം കഴിഞ്ഞു ഡുണോയി സൂക്ഷിച്ചുനോക്കിയശേഷം)

ഡുണോ. ഹാ, കാറ്റനുകൂലമായല്ലോ. (അവളുടെ മുമ്പിൽ മുട്ടുകുത്തി) കന്യകെ, ക്ഷമിക്കണം. (ബാറ്റൻതടി അവളെ

ഏല്പിക്കുന്നു.) അങ്ങു സൈന്യത്തെ നയിക്കുക. ഞാൻ ഒരു പടയാളിയേപ്പോലെ യുദ്ധം ചെയ്യുകൊള്ളാം. ഞങ്ങൾക്കു തെറ്റിപ്പോയി. ഏതു നിർദ്ദേശവും ഞങ്ങൾ ശിരസാ വഹിക്കുന്നുണ്ട്. (ഡുണോയി എഴുന്നേൽക്കുന്നു.) ഇനി ഞാനല്ല നയിക്കുന്നതു്. എന്നെ നയിക്കുക. ദൈവം അങ്ങയോടുകൂടെയുണ്ട്.

ജോ. ഡുണോയിഡ്, നിങ്ങൾ എന്റെ സഹപ്രവർത്തകനാണു്, വലംകൈയാണു്. എന്നെ സഹായിക്കുക. നമുക്കു മുന്നോട്ടു നീങ്ങാം. ദൈവം നമ്മേ സഹായിക്കും. ഭയപ്പെടണ്ടാ.

കർട്ടൻ

രംഗം 4

(രാജകൊട്ടാരത്തിലെ വിശാലമായ ഒരു മുറി. ചാൎത്സു് ചിന്താധീനനായിരിക്കുന്നു. അല്പം അകലെ ടമോയിൽ അനുപ്പനായി പിറുപിറുത്തുകൊണ്ടു് അലക്ഷ്യഭാവത്തിൽ ചില പുസ്തകങ്ങൾ മേശപ്പുറത്തു് അങ്ങുമിങ്ങും എടുത്തിടുന്നു. നിശ്ശബ്ദത ഭേദിച്ചു് രാജകുമാരൻ ടമോയിലിനോടു്.)

ചാറത്സു്. ടമോയിൽ, നിങ്ങൾ എന്താണു് അസ്വസ്ഥനും അനുപൂനുമായിരിക്കുന്നതു്. യുദ്ധഗതി എങ്ങനെ എന്നറിഞ്ഞോ. ആ കന്യകയുടെ നേതൃത്വത്തിൽ എനിക്കു ശുഭപ്രതീക്ഷയാണുള്ളതു്.

ടമോ. അങ്ങേയ്ക്കു് അല്പംമതി ശുഭപ്രതീക്ഷയ്ക്കു്. എങ്ങനെ കലാശിക്കുമെന്നു കണ്ടറിയണം. എനിക്കു് ആശങ്കയാണുള്ളതു്. ചിലെടത്തു് വമ്പിച്ച നഷ്ടങ്ങൾ ഉണ്ടായെന്നുകേട്ടു. അവൾ പോർക്കളം കണ്ടിട്ടുള്ളവളാണോ? എന്റെ വാക്കിനു വലിയ വിലയൊന്നും അങ്ങു കല്പിച്ചില്ല.

ചാറ. ഡുണോയിഡ്, ലാഹയർ തുടങ്ങിയ സേനാനായകന്മാരല്ലേ ഉള്ളതു്. ഫ്രഞ്ചുജനത ഒന്നടങ്കം ഇളകിയതു കണ്ടില്ലേ? ദൈവമാണവളെ നയിക്കുന്നതു്, തീർച്ചയായും നമുക്കുതന്നെ വിജയം.

ടമോ. നമ്മുടെ പ്രഭുക്കന്മാർ എല്ലാവരുംതന്നെ ഇംഗ്ലീഷുകാരുമായി സഖ്യത്തിലേപ്പെട്ടുകഴിഞ്ഞു. പണമുള്ളതു മുഴുവൻ നഷ്ടപ്പെടുത്താമെന്നുമാത്രം. ഇതു ബുദ്ധിപൂർവ്വകമല്ലെന്നേ

എനിക്കു പറവാനുള്ളൂ. ഇങ്ങനെപോയാൽ എന്നിൽനിന്നു് ഇനി സഹായം പ്രതീക്ഷിക്കണ്ടാ.

ചാറ. നിങ്ങൾ പരിഭവിക്കണ്ടാ അവൾ വിജയംവരിച്ചുവന്നാലും നിങ്ങളുടെ നിലയ്ക്കു ഒരു കുറവും വരുകയില്ല.

(ഒരു ദൂതൻ പ്രവേശിക്കുന്നു.)

ചാറ. വിശേഷം എന്തുണ്ടു്. യുദ്ധഗതി എങ്ങനെ?

ദൂതൻ. അങ്ങു സന്തോഷിച്ചാലും. എല്ലാ രംഗങ്ങളിലും ഇംഗ്ലീഷുകാർ തോല്പിക്കപ്പെട്ടു. ഓർലിയൻസിൽ നമ്മുടെ പതാക പാറിപ്പറക്കുന്നു.

ചാറ. സംഭവങ്ങൾ വിശദമായിപ്പറയൂ.

ദൂതൻ. കന്യകയുടെ ധീരത ഏതൊരു സേനാനായകനേയും അതിശയിക്കുന്നു. അവളുടെ പതാക കോട്ടമതിലുകളെ സ്പർശിച്ചു. സേനയോടു മുമ്പോട്ടുനീങ്ങുവാൻ അവൾ ആജ്ഞാപിച്ചു. അവരുടെ മാർഗ്ഗം തുറക്കപ്പെട്ടു. തുടർന്നു് എല്ലാ രംഗങ്ങളിലും നമുക്കു വിജയമായിരുന്നു.

ചാറ. കന്യകയ്ക്കു് അസ്ത്രമേറ്റില്ലെ? ആപൽക്കരമായിരുന്നോ?

ദൂതൻ. അസ്ത്രമേറ്റു, മുറിവുണ്ടായി. എങ്കിലും അവൾ അപ്പോൾ കാണിച്ച ധൈര്യം സൈന്യങ്ങളെ ഉന്മത്തരാക്കി. അവളുടെ പ്രാർത്ഥന അവൾക്കു ശക്തി നല്കി. അവളെ ജീവനോടെ ദഹിപ്പിക്കുമെന്നു വീരവാദം മുഴക്കിയ ഗ്ലാസ്ഡെയിൽ ദഹിച്ചുകൊണ്ടിരുന്ന ഒരു പാലത്തിലകപ്പെട്ടു വെന്തുവെണ്ണീറായി. അതു കണ്ടുകൊണ്ടുനിന്ന അവൾ അശ്രുധാരയോടെ അയാൾക്കുവേണ്ടി ദീർഘനേരം പ്രാർത്ഥിച്ചു.

ചാറ. പിന്നെ എന്തെങ്കിലും സംഭവിച്ചോ?

ദൂതൻ. ശത്രുക്കളിൽ ഒരു നല്ല പങ്കു് ലോയർ നദിയിൽ മുങ്ങിച്ചത്തു. അനേകർ തടവുകാരായിപ്പിടിക്കപ്പെട്ടു. അടിക്കടി തോൽവിയുണ്ടായതുകൊണ്ടു് അവർ അന്ധാളിച്ചു പോയി. അവരുടെ ആശയറ്റു നാലുപാടും ചിതറി. ഓർലിയൻസ് നിവാസികൾ ആനന്ദപുളകംപൂണ്ടു് ആർത്തുവിളിച്ചു. എല്ലാവരും ദൈവാലയത്തിൽ പ്രവേശിച്ചു സ്തോത്രഗീതം പാടി. മൃതർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

ചാറ. കന്യകയും സൈന്യവും ഇപ്പോൾ എന്തു ചെയ്യുന്നു?

ദൂതൻ. അങ്ങയുടെ കിരീടധാരണം താമസംവിനാ റീംസിൽ വെച്ചു നടത്തണമെന്നു് അവൾ ആഗ്രഹിക്കുന്നു. അങ്ങോട്ടുള്ള യാത്ര സുരക്ഷിതമാക്കുന്നതിനു ശത്രുക്കളെ മുഴുവൻ തുരത്തുന്നതിനു് സമരം തുടർന്നുകൊണ്ടിരിക്കുന്നു. എല്ലായിടത്തും വിജയംതന്നെ. വിവരം അറിയിക്കുവാൻ പറഞ്ഞയച്ചതാണു്. പോവട്ടെ. (പോകുന്നു.)

ചാറ. അവൾ ധീരയായിരിക്കുന്നതുപോലെ ബുദ്ധിമതിയുമാണു്. മതിപ്രകൃഷ്ടം നിറഞ്ഞവളെങ്കിലും വിനയശീലയുമത്രേ. യുദ്ധം ചെയ്യുന്നതിലുള്ള സന്തോഷംകൊണ്ടല്ല അവൾ രണാങ്കണത്തിലേയ്ക്കിറങ്ങിയതു്. നിവൃത്തിയുണ്ടെങ്കിൽ അതൊഴിച്ചുചെയ്യുണമെന്നുണ്ടായിരുന്നു. അതിനു ശ്രമിക്കയും ചെയ്തു. നമ്മേയും രാജ്യത്തേയും അവൾ പ്രാണതുല്യം സ്നേഹിക്കുന്നു. രണവീരന്മാരായ സേനാധിപന്മാരെ അതിശയിക്കുന്ന മഹാ വിജയങ്ങൾ ലഭിച്ചതുകൊണ്ടു് അവൾക്കു ഗർവ്വില്ല. മതിമറന്നു പ്രവർത്തിക്കുന്നുമില്ല.

ട്രമോ. അങ്ങു് അഹ്ലാദംകൊണ്ടു മതിമറന്നുപോകുന്നോ. ഡ്യൂണോയിസ്, ഡിലാവൽ, അലൺകോൺ തുടങ്ങിയ വീര സേനാനികളല്ലേ യുദ്ധം ചെയ്തതും വിജയം വരിച്ചതും. അതിനു് ആ ഭോഷ്കിയെ അതിവർണ്ണനംചെയ്തു പ്രശംസിക്കാനുണ്ടോ? പൂർണ്ണവിജയം ഉണ്ടാകുമോ എന്നു് ആർക്കറിയാം. ഉണ്ടായാൽ അപ്പോൾ അവൾ തിരിയുന്നതു് ഏതു വഴിക്കെന്നു് കണ്ടറിയേണ്ടതല്ലേ.

ചാറ. ട്രമോയിൽ, നിങ്ങൾ എപ്പോഴും സംശയാലുവാണു്. ആരിലും നന്മയായി ഒന്നും നിങ്ങൾ കാണുകയില്ല. മറ്റുള്ളവരുടെ മുഖത്തു കരിതേച്ചെങ്കിലെ നിങ്ങൾ വലുതാകൂ എന്നുണ്ടോ. അന്യർക്കു കുറവുകൾ ഉണ്ടായിരുന്നാൽത്തന്നെ അതു മറന്നുകളയണം – ഉള്ള നന്മ കാണണം. അതാണു മഹാ മനസ്കത.

ട്രമോ. ഞാൻ അങ്ങനെയൊന്നും കരുതിയില്ല. എന്നെ തെറ്റിദ്ധരിക്കണ്ടാ.

ചാറ. ജോവാൻ വിജയം വരിക്കും. അവൾ ജയക്കൊടിനാട്ടും. സംശയമില്ല. അവളോടൊക്കെ ദൈവാനുഗ്രഹമുണ്ടു്. എത്രയെത്ര അത്ഭുതകൃത്യങ്ങളാണു് അവൾ ചെയ്യുന്നതു്. അവളുടെ യുദ്ധതന്ത്രം അനിതരസാധാരണമാണു്. വീരപരാക്രമ

ങ്ങൾ അത്ഭുതാവഹമാണ് എന്നത്രേ സൈനികരിൽനിന്നുള്ള അറിവ്. അവളുടെ വിജയം നമ്മുടെ വിജയം. നമുക്ക് സന്തോഷിക്കാം.

കർട്ടൻ

രംഗം 5

(രാത്രിസമയം ഒരുദ്യാനത്തിലെ മരച്ചുവട്ടിൽ. ഒരു കൽത്തറ. ടമോയിലും ബോവിയറും രഹസ്യാലോചന നടത്തുന്നു)

ടമോ. ആ കന്യകയ്ക്ക് അടിക്കടി വിജയം ഉണ്ടാകുന്നു. അതു നല്ലതുതന്നെ. പക്ഷേ അത് അവളുടെ മാന്ത്രികശക്തികൊണ്ടാണ്. അവൾ രാജകുമാരനെ വശീകരിച്ചുകളയും സംശയമില്ല.

ബോവിയർ. അതുതന്നെ ഞാനും പായുന്നു. ഫ്റാൻസിലെ ജനങ്ങൾ മുഴുവൻ അവളുടെ പിൻപേ പോകുന്നു. അവളെ ഇങ്ങനെ വിട്ടാൽ ജനം മുഴുവൻ അവളുടെ പക്ഷത്താകും. അതാപൽക്കരമാണ്.

ടമോ. നോക്കുക, അവളുടെ മന്ത്രശക്തി എത്ര വലുതെന്ന്. ഇംഗ്ലീഷുകാരുടെ ഒരസ്സമേറ്റ് അവളുടെ തൊണ്ട പിളർന്നു. അതു മരണകരമായ ഒരു മുറിവുമായിരുന്നു. എന്നിട്ടും അവൾ ദിവസം മുഴുവൻ യുദ്ധംചെയ്തു. ഒടുവിൽ അവൾ ഏകാകിയായി കോട്ടയേ സമീപിച്ചു. അവളുടെ പതാക കോട്ടയേ സ്പർശിച്ച ക്ഷണത്തിൽ വീറോടെ യുദ്ധം ചെയ്തിരുന്ന ഇംഗ്ലീഷ് സൈന്യം പിൻവാങ്ങിപ്പോയി. അവർക്ക് ഒന്നിനും കഴിവില്ലാതായി. അവർ പാലത്തിൽ കയറി ഉടനെ അതിനു തീയും പിടിച്ചു. എല്ലാവരും ചത്തൊടുങ്ങി. ആ മന്ത്രവാദിനിയുടെ കുരുക്കുവിദ്യയല്ലേ അത്.

ബോവിയർ. ഡുനോയിഡു് ഒരു നല്ല സേനാനായകനാണ്. അതു നാം സമ്മതിക്കുന്നു. എന്നാൽ ആ മന്ത്രവാദിനി വരുന്നതുവരെ അദ്ദേഹത്തിനൊന്നും ചെയ്യാൻ കഴിഞ്ഞില്ല എന്നതു ചിന്താർഹമാണ്.

ടമോ. (കോപത്തോടെ) എനിക്കൊന്നു കാണണം രാജകുമാരൻ അവളുടെ പിടിയിലാകുന്നത്. എന്റെ വണംകൊണ്ടാ

ണട്ടേഹം ജീവിക്കുന്നതുതന്നെ. എന്നെ വിട്ടെന്തെങ്കിലും ചെയ്യാൻ അട്ടേഹത്തിനു കഴിയുമോ എന്നു കണ്ടതന്നെ അറിയണം.

ബോവിയർ. പണത്തിനു തലകുനിക്കാത്തവരാരുണ്ട്. അതിന്റെ പ്രതാപത്തിൽ എന്തുതന്നെയാണ് ചെയ്യിക്കാൻ പാടില്ലാത്തത്. എങ്കിലും ഒരു കാര്യം – അവൾക്ക് എന്തൊ ദിവ്യശക്തിയുണ്ടെന്നു ജനങ്ങൾ വിശ്വസിക്കുന്നു. ആ വിശ്വാസം ദൃഢതരമായാൽ പിശകാണ്. അവളുടെ പ്രാബല്യം വർദ്ധിക്കും. നമ്മുടെ നില പരുങ്ങലിലാകും.

ടമോ. അതെ അതുതന്നെയാണ് ഞാനീപ്പറയുന്നതിന്റെയെല്ലാം അർത്ഥം. നമ്മുടെ ശത്രു റിഷ്മോണ്ടിനേയും അവൾ പാശ്ചത്തിലാക്കിക്കഴിഞ്ഞു. ഇങ്ങനെ മുമ്പോട്ടവിട്ടുകൂടാ.

ബോവിയർ. അവളുടെ അമാനുഷശക്തിയിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിനടവുതട്ടണം. രഹസ്യപ്രചരണംകൊണ്ടെ അതു പറ്റൂ.

ടമോ. ബോവിയർ, നിങ്ങൾ ബുദ്ധിശാലിതന്നെ. അവൾ ഒരു കന്യകയാണെന്നല്ലേ പറയുന്നതു്. അതപ്രകാരമല്ലെന്നു വരുത്തണം. അതിൽ നമ്മൾ ജയിച്ചാൽ കാര്യം സുമാറായി. ജനങ്ങളുടെ മതിപ്പും വിശ്വാസവും താഴുമാറാകാൻ അതു മതി.

ബോവിയർ. ജനങ്ങൾക്കനുഭവപ്പെടാതെ ആ അടവു ഫലിക്കുമോ? അവളുടെ വിജയങ്ങളുടെ രഹസ്യം മാന്ത്രികശക്തിയാണെന്നു വരുത്തുകയല്ലേ ഒന്നുകൂടെ സുഗമമായ മാർഗ്ഗം. അല്ലെങ്കിൽ അവളിൽ പ്രവർത്തിക്കുന്നതു പിശാചാണെന്നു പറയണം.

ടമോ. അതൊക്കെ ശരിയാണ്. എന്നാൽ ഞാൻ പറഞ്ഞ വിഷയത്തോളം ജനങ്ങളിൽ അറപ്പും വെറുപ്പും വരുത്തുന്ന മറ്റൊന്നില്ല.

ബോവി. വാസ്തവമാണ്. പക്ഷേ പൂച്ചയ്ക്കു മണികെട്ടാനാരാണ്.

ടമോ. അതു സാരമില്ല. പറഞ്ഞുഫലിപ്പിക്കുന്ന രീതിയനുസരിച്ചിരിക്കും വിജയം. ആദ്യം അവളെ സ്നേഹിക്കുന്നവിലമതിക്കുന്നു. അവളുടെ അഭിവൃദ്ധിയിൽ അത്യാകാംക്ഷയുണ്ട് എന്നു വരുത്തണം. എന്നിട്ട് അവളെ വിലമതിക്കുന്നവരോട് രഹസ്യത്തിൽ തട്ടിവിടണം. പിന്നീട് അവളുടെ അധഃപ

തനത്തിൽ നാം ഹൃദയപൂർവ്വം ക്ലേശിക്കുന്നതായി കാണിക്കണം. ഭക്ഷിപ്പാനവശ്യത്തോടും ഉൽക്കണ്ഠയോടും ഉദ്വേഗത്തോടുംകൂടെ സംസാരിക്കണം. അപ്പോൾ അവർ വിശ്വസിച്ചുകൊള്ളും.

ബോവി. ജനങ്ങൾക്ക് ഒരു നേരിയ സംശയത്തിനെങ്കിലും ഇടമില്ലാതെ അതു ഫലപ്രദമാകുമോ.

ടമോ. അതല്ലേ ഞാൻ പറയുന്നതു് മനുഷ്യമനസ്സിന്റെ സ്ഥിതി നിങ്ങൾക്കു ശരിക്കറിഞ്ഞുകൂടാ എന്നു്. അവൾക്കു ചിലരോടു് പ്രത്യേകം അടുപ്പമുണ്ടെന്നും അതു വളരെ രഹസ്യമായി നമുക്കറിവുണ്ടെന്നും ആളും തരവും കണ്ടുപറയണം. അപ്പോൾ ഒരു സംശയദൃഷ്ടി താനെയുണ്ടാകും. പിന്നെ കാണുന്നതെല്ലാം അതാണെന്നു് വ്യാഖ്യാനമുണ്ടായിക്കൊള്ളും. പോരെങ്കിൽ അവൾക്കുവേണ്ടി തപ്പസ്സും പ്രായശ്ചിത്തവും ചെയ്യണമെന്നു് ഭക്തജനങ്ങളോടു പറകയും വേണം. സ്ത്രീകളോടായാൽ ഏറ്റം ഫലപ്രദം. പോരെങ്കിൽ ചില രേഖകൾ നിർമ്മിച്ചു കൈയിൽ വെച്ചേക്കണം. സൗകര്യംപോലെ നമ്മൾ പറയുന്നതിന്റെ തെളിവിനു് അടക്കത്തിൽ ഓരോരുത്തരെ കാണിക്കണം. അവരുടെ സംശയം താനെ വർദ്ധമാനമായിക്കൊള്ളും. സംശയദൃഷ്ടിയോടെ വീക്ഷിച്ചുകൊള്ളുകയും ചെയ്യും.

ബോവി. എളുപ്പവഴി നിങ്ങൾ പറഞ്ഞ കായ്ക്കൽ അവളോടിഷ്ടമുള്ള സ്ത്രീകളെ മനസ്സിലാക്കുകയാണു്. അവളെപ്പറ്റി അങ്ങനെ കേട്ടല്ലോ എന്നു് അവർ പറഞ്ഞു പറഞ്ഞു് ക്ഷണനേന പ്രചരിച്ചുകൊള്ളും.

ടമോ. ഭേഷ്, പ്രചരണത്തിനു പറ്റിയതു് അതുതന്നെ. ഒട്ടവിൽ ജനങ്ങളുടെ ഇടയിൽ അവളെപ്പറ്റി ചീത്തപ്പേരു് വർദ്ധിച്ചിരിക്കുന്നു എന്നു രാജകുമാരനെ അറിയിക്കാം. അദ്ദേഹത്തിനുള്ള മതിപ്പു നഷ്ടപ്പെട്ട നിഷ്കാസിതയാവുകയും ചെയ്യും.

ബോവി. വാസ്തവത്തിൽ അതു വലിയ ഒരു പാതകമല്ലേ. തീർത്താൽ തീരാത്ത ഒരു പാപമല്ലേ, മാനഹാനി വരുത്തുന്നതു്.

ടമോ. അതു ചെയ്തില്ലെങ്കിൽ എന്റെ നില തെറ്റും. എന്റെ പ്ലാൻ അനുസരിച്ചു കാര്യം നടക്കുകയില്ല. ഇതുവരേയും എ

നിക്കുമേൽ ഉയരുവാൻ ഞാൻ ആരേയും അനുവദിച്ചിട്ടില്ല. ഇവളോ ഇനി ജനസമ്മതിനേടി പ്രബലയാകാൻ പോകുന്നതു്. എനിക്കൊന്നു കാണണം അവളുടെ അഭിപ്രായം നടക്കുന്നതു്. എന്നെപ്പറ്റി അവൾക്കു മതിപ്പില്ല. ഞാൻ ഒരു കടിലമതിയാണെന്നാണു് അവളുടെ ഭാവം. ഞാൻ അവളെ ചീത്തയാക്കും. രാജകുമാരന്റെ പക്കൽ എനിക്കു കൂടുതൽ സ്വാധീനശക്തിയുണ്ടെന്നു് അവൾ മനസ്സിലാക്കട്ടെ. ബോവിയർ, വേണമെങ്കിൽ നിങ്ങൾതന്നെ അവളോടു ചെന്നു പറഞ്ഞേക്കൂ.

കർട്ടൻ

രംഗം 6

(വിശാലമായ ഒരു മുറി. ജോവാൻ സൈനികവേഷത്തിൽ ഒരു മേശക്കു സമീപം ഇരിക്കുന്നു. എതിരുവശത്തു് ഡൂണോയി ചിന്താമഗ്നനായും.)

ജോ. മി. ഡൂണോയിഡു്, ശത്രുക്കളെ കീഴടക്കുന്നതിനു് ഇത്രയും പ്രയാസമുണ്ടായില്ല. മിത്രങ്ങളെന്നു ഭാവിക്കുന്നവരിൽനിന്നാണല്ലോ കടുത്ത എതിർപ്പു്. രാജകുമാരനെ കിരീടധാരണത്തിനു റീംസിലേക്കു കൊണ്ടുപോവുക ദുഷ്കരമായിത്തീർന്നിരിക്കുന്നു.

ഡൂണോ. ട്രമോയിൽ, ആ വഞ്ചകനാണു് കാരണം. വീരകന്യകയായ അങ്ങയുടെ വിജയത്തിൽ അയാൾ അസൂയാലുവാണു്. തന്റെ സ്ഥാനം നഷ്ടപ്പെട്ടുമെന്നു് ഒരു വിചാരം. രാജകുമാരനിൽ അങ്ങേയ്ക്കുള്ള സ്വാധീനശക്തിയിൽ അയാൾ അമർഷം കൊള്ളുന്നു. അയാൾ പലതും തെറ്റിദ്ധരിപ്പിച്ചുകഴിഞ്ഞു. രാജകുമാരനു് നിർല്ലോഭം പണവും നല്കുന്നു.

ജോ. പണം. അതു് ഇന്നു ലോകത്തെ വിഴുങ്ങിയിരിക്കയാണു്. ആരേയും നിശ്ശബ്ദരാക്കുന്ന ഒരു കരുവാണതു്. സത്യവും നീതിയും അതിനടിയിൽ ഞെരുങ്ങിപ്പോയി. ദുഷ്പ്രവാദം; അതാണു് മറ്റൊരു കരു, ആരേയും നിഷ്പ്രഭരാക്കുവാൻ. ദൈവാനുഗ്രഹത്താലാണു് ഫ്രാൻസിനു വിജയം സിദ്ധിച്ചതെന്നു് ഇവർ ഇനിയെങ്കിലും ധരിച്ചിരുന്നെങ്കിൽ!

ഡുണോ. ജനങ്ങൾ അങ്ങനെതന്നെ വിശ്വസിക്കുന്നു. അവർക്ക് അങ്ങയോടുള്ള സ്നേഹാദരങ്ങൾ സീമാതീതമാണ്. എന്തിനും അവർ സന്നദ്ധരാണ്. രാജകുമാരനു ചുറ്റും പറ്റിക്കൂടിയിരിക്കുന്ന ചില സ്വാർത്ഥമതികളുണ്ട്. അവരാണ് ദ്രോഹം ചെയ്യുന്നത്.

ജോ. ഞാൻ രാജകുമാരനെക്കണ്ടു. അദ്ദേഹം അനുഭാവം പ്രകടിപ്പിച്ചു. എന്റെ വേദനയിൽ അദ്ദേഹം സഹതപിക്കുന്നുണ്ട്. എന്നാലും സാവകാശത്തിൽ മതിയെന്നാണദ്ദേഹത്തിന്റെ ഭാവം.

ഡുണോ. അദ്ദേഹം ഹൃദയാലുവാണ്. നീതി ചെയ്യാൻ അഭിലഷിക്കുന്നുമുണ്ട്. പക്ഷേ ടമോയിലും ക്രൂരനും അദ്ദേഹത്തെ മറിക്കുന്നു. കന്യകേ അങ്ങയുടെ പ്രവൃത്തികളെ അവർ കറുപ്പുനിറം കലർത്തിക്കാണിക്കുന്നു. എങ്കിലും സാധാരണ ജനങ്ങളുടെ മുമ്പിൽ അതു വിലപ്പോകുന്നില്ല.

ജോ. യഥാർത്ഥ ദേശാഭിമാനിയായ റിഷ്മോണ്ടിനെ— ശത്രുക്കൾ കൈതിരായി വീറോടെ പോരാടിയ ആ ധീരപുരുഷനെ— ആ വിശാലഹൃദയനെ— രാജകുമാരൻ വെറുക്കുന്നു. അതും ടമോയിൽ കാരണം. നിഷ്കളങ്കരും സ്വാർത്ഥരഹിതരുമായവർക്ക് ലോകത്തിൽ സ്ഥാനമില്ല. അവർ അംഗീകൃതരാവുക ദുർല്ലഭമാണ്. തെറ്റിദ്ധരിക്കപ്പെടുക സാധാരണവുമാണ്.

ഡുണോ. ഏതായാലും ഞാൻ ഒന്നുകൂടെ ശ്രമിക്കാം. പ്രാർത്ഥിച്ചുകൊൾക. ദൈവഹിതം നിറവേറുകതന്നെ ചെയ്യും. (പോകുന്നു)

ജോ. (മുട്ടിന്മേൽ നിന്നുകൊണ്ട്) ഹാ ദൈവമേ, ഫ്റാൻസിനെ രക്ഷിക്കുവാൻ അവിടുന്നു പാവപ്പെട്ട എന്നെ ഒരുകരുവാക്കി. ഞാൻ അങ്ങേ സ്വരം ശ്രവിച്ചു, ഇതുവരെ അങ്ങേ ഇഷ്ടം ഞാൻ നിറവേറ്റി. അങ്ങേ അനുഗ്രഹത്താൽ ഇതുവരെ വിജയമല്ലാതെ ഒന്നുമുണ്ടായില്ല. പൊരും പതിനായിരം പടയാളികൾ മാത്രമായിരുന്ന അദ്ദ്യമുണ്ടായിരുന്നതു്. എങ്കിലും ദിനന്തോറും സംഖ്യ വർദ്ധിച്ചുതന്നെ വന്നു. ഇപ്പോൾ ഫ്റഞ്ചുജനത എന്നിൽ വിശ്വാസം അർപ്പിച്ചുകഴിഞ്ഞു. എന്നാൽ രാജകുമാരൻ അസൂയാലുക്കളാൽ വഞ്ചിതനാകുന്നു. അവരിൽനിന്ന് അദ്ദേഹത്തെ അങ്ങു രക്ഷിക്കണമെ.

രാജകുമാരന്റെ കിരീടധാരണത്തിനുള്ള യത്നങ്ങളെ ആ സ്വാർത്ഥമതികൾ തടയുന്നു. അവരുടെ വഞ്ചന വെളിക്കു വരും നിലതെറ്റും എന്നെല്ലാം അവർ ശങ്കിക്കുന്നു. അതിനാൽ എന്നെ വിശ്വാസ്യുഖാധിതയും മന്ത്രവാദിനിയുമാക്കി ചിത്രീകരിക്കുന്നു. കൈക്കൂലിക്കാരനായ ട്രമോയിലിന്റെ കൈണിയിൽ പെടാത്തവർ ചുരുക്കം. ദൈവമേ അങ്ങേ കരുണ ഇവരുടെമേൽ ചൊരിയണമെ. (ചിന്താധീനയായി നിലകൊള്ളുന്നു)

(രാജകുമാരനും ഡുണോയിയും പ്രവേശിക്കുന്നു)

ചാറ. (ജോവാന്റെ തോളിൽ തട്ടിക്കൊണ്ട്) വീരകന്യകേ, ധീരകുമാരി, ജോവാൻ, പ്രാർത്ഥന കഴിഞ്ഞില്ലേ. എഴുന്നേല്ലൂ. (അവൾ ഞെട്ടി എഴുന്നേറ്റ് ആദരപൂർവ്വം വന്ദിക്കുന്നു) എന്താണു നിന്റെ ആഗ്രഹം കേൾക്കട്ടെ.

ജോ. അവിടുന്നു എന്റെ വാക്കുകൾ വിശ്വസിക്കുമോ?

ചാറ. ഇതുവരെ വിശ്വസിച്ചല്ലോ. യുക്തിയുക്തവും ഉപകാരപ്രദവുമെങ്കിൽ ഇനിയും വിശ്വസിക്കും.

ജോ. കിരീടധാരണത്തിനു റീംസിലേക്കു പോകണം. ധന്യനായ രാജകുമാരാ ഭീർഘാലോചനകൾക്കു ഇനിയും സമയം കളയരുതു്. കിരീടം അണിയുന്നതിനു അങ്ങു സർവ്വഥാ അർഹനാണു്. ദൈവേഷ്ടവും അതുതന്നെ.

ചാറ. നിന്റെ ആ സ്വരമാണോ ഇങ്ങനെ നിർദ്ദേശിക്കുന്നതു്.

ജോ. അതേ, ആ സ്വരം നിർബന്ധപൂർവ്വം ഉപദേശിക്കുന്നുണ്ടു്. ആ സ്വരം നിത്യമായിക്കേട്ടുകൊണ്ടിരിക്കുവാൻ ഞാൻ കൊതിക്കുന്നു. ആ നേരത്തു് എനിക്കുണ്ടാകുന്ന ആനന്ദത്തിനുവു് അവാച്യമാണു്.

ചാറ. ആവട്ടെ ഇതുവരെ തിടുക്കംകൂട്ടണമെന്നുണ്ടോ?

ജോ. എനിക്കു കഷ്ടിച്ചു് ഒരു വർഷത്തേയ്ക്കുകൂടയെ ജീവിതമുള്ളു. അതിനിടയിൽ എന്നെ ശരിയായി ഉപയോഗപ്പെടുത്തുക.

ചാറ. ഞാൻ എന്താണു ചെയ്യു. ട്രമോയിൽ തുടങ്ങിയ ഉപദേഷ്ടാക്കൾ, ഞാൻ റീംസിലേക്കു പുറപ്പെടുന്നതു് ആപൽക്കരവും വിവേകശൂന്യവുമെന്നു പറയുന്നു. എനിക്കൊരു തേങ്ങലാണു്.

ഡുണോ. ദൈവനിർദ്ദേശമാണു സീകായ്യും. ആ സ്വാർത്ഥബുദ്ധികളുടേതല്ല. ആരെങ്കിലും അദ്ധ്വാനിച്ചു്, യാതനകൾ

സഹിച്ച് വിജയംവരിക്കുന്നതു കാണുമ്പോൾ ചിലർക്കു കണ്ണുകടിയുണ്ടാകാറുണ്ട്. പൊതുജനാദരം ആരെങ്കിലും സമ്പാദിക്കുന്നതു അവക്കു കണ്ടുകൂടാ. അവക്കു സഹിക്കയില്ലാ. അവർ ഗുണകാംക്ഷികളെന്നഭിനയിക്കും. പ്രതിബന്ധങ്ങൾ വലിച്ചിടും. ഹൃദയമോ അസൂയാകലുഷിതമായിരിക്കും. വിദ്വേഷം നിറഞ്ഞതും. ധീരയായ ജോവാന്റെ ത്യാഗങ്ങൾക്കു ഉജ്ജ്വലസാക്ഷി ഞാനാണ്. ശൂരന്മാരായ രണവീരന്മാരെ അമ്പരപ്പിക്കുന്ന വിജയമാണ് അവൾ വരിച്ചതു്. സ്വശക്തികൊണ്ടല്ല ദൈവശക്തിയാൽ മാത്രമെന്നു് അവൾ തുറന്നു പ്രസ്താവിക്കുകയും ചെയ്യുന്നു. റീംസിലേക്കു പുറപ്പെടണമെന്നു് അവളുടെ ദിവ്യസ്വരം ആജ്ഞാപിക്കുന്നു. അവിടെവെച്ചു കിരീടധാരണം കഴിഞ്ഞാൽ ശത്രുക്കളുടെ പ്രാബല്യം നശിക്കും. രാജ്യത്തേയോ രാജാവിനേയോ ദ്രോഹിക്കുവാൻ അവക്കു കഴിവില്ലാതാകും. അതാണ് അവളുടെ വാദമുഖം. അതിനാൽ ഉടനടി കിരീടധാരണത്തിനു് അങ്ങു പുറപ്പെടുകതന്നെ വേണം.

ജോ. ധന്യനായ രാജകുമാരാ അങ്ങു് ചഞ്ചലപ്പെടണ്ടാ. കുബുദ്ധികളുടെ തന്ത്രങ്ങളിൽ പെടാതിരുന്നാൽ മതി. ഞാൻ ഒന്നും ഭയപ്പെടുന്നില്ല. എന്നാൽ വഞ്ചനമാത്രം അസഹനീയം. ഇനിയും അങ്ങു് എന്നെ അവിശ്വസിക്കയോ?

ചാ. ഇല്ല. ഒരിക്കലുമില്ല. നിന്നെ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. വേണ്ട ഒരുക്കങ്ങൾ ചെയ്യുകൊൾക. ഉടനെ പുറപ്പെടാം.

ജോ. ദൈവത്തിനു സ്തുതി.

കർട്ടൻ.

രംഗം 7

കിരീടധാരണം

(റീംസ് കത്തീഡ്രൽ. സജ്ജീകൃതമായ അറംത്താര. ആർച്ചുബിഷപ്പ് സ്ഥാനവസ്ത്രങ്ങൾ ധരിച്ച് സിംഹാസനത്തിൽ ഇരിക്കുന്നു. പരിവാരങ്ങളും നിശ്ശബ്ദരായി നിലകൊള്ളുന്നു. രണ്ടു സേനാനായകരും രണ്ടു പ്രഭുക്കന്മാരുംകൂടെ വി. തൈലംനിറഞ്ഞ പൊൻപാത്രം പട്ടിട്ടു മൂടി ഒരു പാലികയുടെ കീഴിൽ സാഘോഷം കൊണ്ടുവരുന്നു. ആർച്ചുബിഷപ്പ് വാങ്ങിച്ചു സമീപം നിൽക്കുന്നു. അപ്പോൾ സേനാനായകരിൽ ഒരുവനായ ഡ്യൂണോയിഡ്)

ഡ്യൂണോ. അഭിവന്ദ്യ പിതാവെ, അഭിഷേകകർമ്മത്തിനു സൂക്ഷിക്കപ്പെട്ടിരിക്കുന്ന വി. തൈലമാകുന്നു ഇതു്. കിരീടധാരണവും അഭിഷേകവും കഴിഞ്ഞു് ഉടൻ ആശ്രമശ്രേഷ്ഠനെ തിരിച്ചേൽപ്പിക്കാമെന്നു സത്യപ്രതിജ്ഞ ചെയ്യുശേഷമാണു് ഞങ്ങൾ ഇതു കൊണ്ടുവന്നിരിക്കുന്നതു്.

(ആർച്ചുബിഷപ്പു് അതു പീഠത്തിൽ വെയ്ക്കുന്നു. വൈദികരും പ്രഭുക്കന്മാരും അംഗരക്ഷകരും സ്ഥാനമുറയ്ക്കു നിൽക്കുന്നു. രാജകീയസ്ഥാനവസ്ത്രങ്ങൾ ധരിച്ചു് അകമ്പടിസഹിതം ചാറൽസ് രാജകുമാരൻ പ്രവേശിക്കുന്നു. വെള്ളക്കൊടിയുമേന്തി ജോവാൻ മുൻപിലും. അവൾ ഒരു വശത്തുമാറി മുട്ടിന്മേൽ ഭക്തിപൂർവ്വം നിൽക്കുന്നു. രാജകുമാരൻ പീഠത്തിൽ എഴുന്നള്ളിയിരിക്കുന്ന ആർച്ചുബിഷപ്പിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്യുന്നു.)

ചാറ. ദൈവത്തിന്റെ കൃപയാൽ ഫ്റാൻസിന്റെ രാജാവായ ഞാൻ– ചാറൽസ്– കിരീടം ധരിക്കുന്ന ഈ സമയം ഇതാ ഞാൻ പ്രതിജ്ഞചെയ്യുന്നു. സഭാധികാരികളേയും കാനൻനിയമങ്ങളേയും സവ്വാത്മനാ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുകൊള്ളാം. സഭാധികാരികളോടു മാത്രമല്ല ഭരണീയരായ എല്ലാവരോടും തരഭേദംകൂടാതെ നീതിയായി പ്രവത്തിച്ചുകൊള്ളാം. ദൈവസഹായത്തിൽ ആശ്രയിച്ചു് എനിക്കു കഴിവുള്ളതുപോലെ സംരക്ഷിക്കുകയും ചെയ്യും. ഇപ്രകാരം ചെയ്യുകൊള്ളാമെന്നു് ദൈവത്തിനേറ

യും അങ്ങേ പരിശുദ്ധന്മാരുടേയും മുമ്പിൽ ചാറത്സായ ഞാൻ സത്യംചെയ്യുന്നു.

(ആർച്ചുബിഷപ്പു് എഴുന്നേറ്റു പീഠത്തിലേയ്ക്കു തിരിഞ്ഞു് പ്രത്യേക പ്രാർത്ഥനകൾ നടത്തി രാജാവിന്റെ നേരെ തിരിഞ്ഞു് വി. തൈലം പെരുവിരലിൽ തൊട്ടു് രാജാവിന്റെ നെറ്റിയിൽ പൂശുന്നു. കിരീടം അണിയിക്കുന്നു. ഒരു തിരികത്തിച്ചതു കൈയിൽ കൊടുക്കുന്നു. മേലങ്കി കഴുത്തിനു പുറകിൽ അണിയിക്കുന്നു. ഥന്നാൻ വെള്ളം തളിക്കുന്നു. ആശീർവ്വാദം കൊടുക്കുന്നു. വെടിപടക്കങ്ങൾ വാദ്യഘോഷങ്ങൾ.)

ആ. ബി. അങ്ങേ ദൈവം അനുഗ്രഹിക്കട്ടെ. ഫ്റാൻസിന്റെ രാജാവായി അങ്ങേ വാഴിക്കുവാൻ നമുക്കു ദൈവം തന്ന അനുഗ്രഹത്തിനു നന്ദി. സത്യം നീതി ദയ തുടങ്ങിയ ഗുണങ്ങൾ ഒത്തിണങ്ങി ! ജനങ്ങൾക്കുവേണ്ടി അങ്ങേ ജീവിതം അർപ്പിക്കുവാൻ ജഗദീശ്വരൻ കനിയട്ടെ.

(മുട്ടിന്മേൽ പ്രാർത്ഥനയിൽ ലയിച്ചുനിന്ന ജോവാൻ എഴുന്നേറ്റു ചാറത്സിന്റെ മുമ്പിൽ മുട്ടുകുത്തിനിന്നുകൊണ്ടു്)

ജോ. ധന്യനായ രാജാവേ, ദൈവേഷ്ടം ഇപ്പോൾ ഇതാ നിറവേറിയിരിക്കുന്നു. ഓർലിയൻസിനെ ശത്രുവിമുക്തമാക്കണമെന്നും റീംസിൽവെച്ചു് കിരീടധാരണം നടത്തണമെന്നും ദൈവം എന്നോടാജ്ഞാപിച്ചു. എന്റെ കൃത്യം ഇതാ നിറവേറിക്കഴിഞ്ഞു. അങ്ങു ഫ്റാൻസിന്റെ യഥാർത്ഥ അവകാശിയാണു്. രാജ്യം അങ്ങയുടേതാണു്. സകല ഭാവുകങ്ങളും ഞാൻ ആശംസിക്കുന്നു.

(എല്ലാവരും സ്ഥാനമുറയനുസരിച്ചു പോകുന്നു.)

(കത്തീഡ്രലിനു പുറത്തിറങ്ങിയപ്പോൾ)

ചാറത്സ് രാജാ ജെയ്, വീരകന്യക ജോവാൻ ജെയ്, ഫ്റാൻസ് രാജ്യം ജെയ്.

(കർട്ടൻ)

അങ്കം 3.

രംഗം 1

(ചിന്താവിഷ്ടയായ ജോവാൻ ഒരു കസേരയിൽ മേശയ്ക്കടുത്തിരിക്കുന്നു.)

ജോ. (ആത്മഗതം) എന്റെ മാതാപിതാക്കളുടെ സ്ഥിതി എന്തായിരിക്കുമോ? അവക്ക് എന്നെക്കാണുവാൻ അത്യാശയുണ്ടായിരിക്കണം. ഹാ അവരുടെ സമീപം പറന്നെത്തുവാൻ ഞാൻ കൊതിക്കുന്നു. എന്റെ ഹൃദയം അതിനായി പിടയുന്നു. ദൈവനിർദ്ദിഷ്ടമായ എന്റെ കൃത്യം ഞാൻ നിവ്വഹിച്ചുകഴിഞ്ഞു. ഇതിനായി ഞാൻ പുറപ്പെട്ടപ്പോൾ എന്റെ മാതാപിതാക്കളുടെ ഹൃദയം എത്രയധികം വേദനിച്ചു. എന്റെ പിതാവ് വ്യസനവും കോപവുംനിമിത്തം പറഞ്ഞു ഞാൻ പടയാളികളുടെ ഇടയിൽപ്പെട്ടന്നതിനേക്കാൾ എന്നെ വെള്ളത്തിൽ മുക്കിക്കൊല്ലുന്നതാണു നല്ലതെന്ന്. എങ്കിലും ഇപ്പോൾ അവർ ആനന്ദംകൊള്ളുന്നുണ്ടാവും. ഇനിയും ഇവിടെ ചെയ്യേണ്ടവ ദൈവനിയുക്തമല്ലെന്നപോലും എനിക്കു തോന്നുന്നു. ലൗകികപ്രതാപങ്ങളൊന്നും ഞാനാഗ്രഹിക്കുന്നില്ല.

(ഡുണോയിഡ് പെട്ടെന്നു പ്രവേശിക്കുന്നു)

ഡുണോ. ജോവാൻ, എന്താണ് ഇത്ര ചിന്താമഗ്നയായിക്കാണപ്പെടുന്നത്. ഏതിടെയും ആനന്ദലഹരിമാത്രം. ഭവതി ചിന്താകുലയും. ഇനിയും ഇതെന്തിന്? ജനങ്ങൾ ഭവതിയെക്കാണുവാൻ കാത്തുനിൽക്കുന്നു.

ജോ. സ്തുതിയും ബഹുമാനവും എനിക്കുള്ളതല്ല. രാജാവിനുള്ളതാകുന്നു. അദ്ദേഹത്തെ എല്ലാവരും ആദരിച്ചുകൊള്ളട്ടെ.

ഡുണോ. രാജാവിനെ കിരീടം ധരിപ്പിച്ചയാളിനും അതിനർഹതയില്ലേ?

ജോ. എത്രയോ ക്ലേശങ്ങൾ പേറിയാണ് കിരീടധാരണംവരെ എത്തിയത്. ശേഷിച്ചിരിക്കുന്ന പ്രദേശങ്ങൾക്കുടെ ഉടനെ കീഴടക്കേണ്ടതല്ലേ? രാജാവ് ആലോചിച്ചും സംശയിച്ചും ചഞ്ചലബുദ്ധിയായിക്കഴിയുന്നു. ബർഗണ്ടിയുമായി ഒരു സന്ധിസംസാരം നടക്കുന്നുവെന്നും കേട്ടു. എന്തു ചെയ്യും.

ഡ്യൂണോ. ഭവതി എന്തിനിനിയും ക്ലേശിക്കുന്നു. രാജാവിന്റെ ഇഷ്ടംപോലെ ചെയ്യട്ടെ. അതുമനയിൽ ഭവതിക്ക് സ്നേഹിതർ ഏറെയില്ലെന്നു ധരിക്കണം.

ജോ. അതറിഞ്ഞുതന്നെയാണു ഞാനിവിടെപ്പാക്കുന്നത്. എന്നാൽ എന്തിനവർ എന്നെ വെറുക്കുന്നു. ഞാൻ അവരോടെന്തു ചെയ്തു. ഞാൻ ക്ലേശങ്ങൾ വഹിച്ചില്ലെ? ത്യാഗങ്ങൾ സഹിച്ചില്ലെ? എന്റെ ഗ്രാമത്തിലുള്ളവക്ക് യുദ്ധകാല നികുതി കൊടുക്കാൻ കഴിവില്ല. അതുകൊണ്ട് അവരെ അതിൽനിന്നൊഴിവാക്കണമെന്നു ഞാൻ ആവശ്യപ്പെട്ടു. അതിനുപോലും എനിക്കർഹതയില്ലെ? പിന്നെ എന്തിനു അവർ എന്നെ സ്നേഹിക്കാതിരിക്കുന്നു. എനിക്കറിയാം ചാൻസലക്കുള്ള ആ രഹസ്യക്കത്തു്, അഹങ്കാരിയും അസൂയാലുവുമായ ആ വിലാസിനിയുമായുള്ള ചാൻസലുടെ വേഴ്ച, അതാണു കാരണം. ആ ചാൻസലർ മാറാതെ ഐശ്വര്യമില്ല.

ഡ്യൂണോ. കൊള്ളാം, ആരെങ്കിലും ഉയർന്നുവരുന്നതു സഹിഷ്ണുതയില്ലാത്ത പ്രേമികൾ സഹിക്കുമോ?

ജോ. പ്രിയപ്പെട്ട ഡ്യൂണോയിഡ്, നിങ്ങളെങ്കിലും എന്നെ സ്നേഹിക്കുന്നുണ്ടല്ലോ. അതു മതി. ഞാൻ സംതൃപ്തനാണ്. ഉയർന്ന സ്ഥാനമൊന്നും ഞാൻ മോഹിക്കുന്നില്ല. ആരെയെങ്കിലും സേവിച്ചു് ഒന്നും നേടണമെന്നുമില്ല. പാരീസുകുടെ പിടിച്ചടക്കിയ ശേഷം ഞാൻ എന്റെ ഗ്രാമത്തിലേയ്ക്കു പൊയ്ക്കോള്ളാം.

ഡ്യൂണോ. പാരീസുകുടെ പിടിക്കുവാൻ അവർ അനുവദിക്കുമെന്നാണോ കരുതുന്നതു്?

ജോ. കിരീടധാരണം കഴിഞ്ഞയുടനെ ആയിരുന്നെങ്കിൽ നിഷ്പ്രയാസം സാധിക്കുമായിരുന്നു. റിഷ്മോണ്ടപ്രഭു ഒരു വലിയ സൈന്യവുമായി പാരീസിൽ പ്രവേശിച്ചതല്ലെ? പക്ഷേ രാജാവു് ആ അവസരം പാഴാക്കി.

ഡ്യൂണോ. ആവട്ടെ. രാജാവു് ഉടനെ ഇങ്ങോട്ടെഴുന്നെള്ളുന്നുണ്ടു്. നമുക്കു പഠഞ്ഞുനോക്കാം. സമ്മതിക്കുമെന്നു തോന്നുന്നില്ല.

(ചാൾസു് രാജാവു് ലാഹയറുമൊന്നിച്ചു പ്രവേശിക്കുന്നു. ജോവാൻ ഒരു വശത്തേയ്ക്കു മാറി ഒതുങ്ങി നില്ക്കുന്നു.)

ഡ്യൂണോ. മഹാരാജാവെ, അങ്ങ് ഇപ്പോൾ ഇതാ ഫ്റാൻസിന്റെ യഥാർത്ഥ രാജാവായിത്തിന്നിരിക്കുന്നു. അങ്ങേയ്ക്ക് എങ്ങനെ തോന്നുന്നു.

ചാറ. ലോകാധിപത്യം കിട്ടുമെന്നിരുന്നാലും ഈ ഭാരം വഹിക്കുവാൻ എനിക്കു പറ്റുകില്ല.

ഡ്യൂണോ. അങ്ങ് പടച്ചട്ട ധരിക്കണം. അപ്പോൾ എളുപ്പമായിത്തോന്നും.

ചാറ. അതു ഞാൻ ഇച്ഛിക്കുന്നില്ല. യുദ്ധം എനിക്കിഷ്ടമില്ല. കന്യക എവിടെ?

ജോ. (രാജസന്നിധിയിൽ മുട്ടുകുത്തി) മഹാരാജാവെ, അങ്ങ് ഇതാ കിരീടം ധരിച്ചു കഴിഞ്ഞു. എന്റെ ജോലി പൂർത്തിയായി. ഇനി ഞാൻ എന്റെ പിതാവിന്റെ അടുക്കലേയ്ക്കു പോവുകയാണ്.

ചാറ. ഓ, ജോവാൻ, കൊള്ളാം അതു നല്ലതാണ്. (ജോവാൻ ഇച്ഛാഭംഗത്തോടെ എഴുന്നേൽക്കുന്നു.) നിനക്ക് ആരോഗ്യവും ഭാവുകങ്ങളും ആശംസിക്കുന്നു.

ഡ്യൂണോ. പക്ഷേ, അവൾക്ക് അതത്ര ആനന്ദപ്രദമെന്നു തോന്നുന്നില്ല.

ലാഹയർ. യുദ്ധം ചെയ്യാനൊക്കുകയില്ല, അല്ലേ, അതു പ്രയാസമായിരിക്കും.

ചാറ. വീട്ടിൽ പോകണമെന്നുണ്ടെങ്കിൽ ഇവിടെ താമസിക്കണമെന്നു നിർബന്ധമില്ല.

ജോ. ഇനി ഞാൻ പോകുന്നതിൽ നിങ്ങൾക്കു വിഷമമില്ല. എനിക്കറിയാം. സ്വമനസ്സാലെ പോകരുതെന്ന് കഴിഞ്ഞ കൊല്ലം നിങ്ങൾ നിർബന്ധിച്ചു പറഞ്ഞതല്ലേ? എന്നാൽ ലാഹയർ, നിങ്ങൾക്ക് ഇംഗ്ലീഷുകാരെ രാജ്യത്തുനിന്നു തുരത്തുവാൻ കഴിയും. അതു നിങ്ങൾ ചെയ്യുമോ?

ലാഹ. നമ്മൾ ഇരുവരുമുണ്ടെങ്കിൽ.

ജോ. ഞാൻ ഇനിയും ഒരു കൊല്ലംകൂടെയെ ജീവിക്കൂ.

എല്ലാവരും. എന്ത് ഒരു കൊല്ലംകൂടെയോ.

ജോ. അതേ അങ്ങനെതന്നെ.

ഡ്യൂണോ. എന്തു ഭോഷത്തമാണീപ്പറയുന്നത്.

ജോ. ഡ്യൂണോയി, ഞാൻ വീട്ടിൽ പോകുന്നതിനുമുമ്പ് നമുക്കു പാരീസു കീഴ്പെടുത്തണം.

ചാറ. ഓ വേണ്ടവേണ്ട. നമുക്ക കിട്ടിയതും പോയേക്കും. ഇനി യുദ്ധമേ വേണ്ടാ. നമുക്ക് ഒരു സന്ധിയുണ്ടാക്കാം.

ജോ. എന്തു സന്ധി? (അതുപൂി പ്രകടിപ്പിക്കുന്നു.)

ചാറ- എന്തുകൊണ്ടു സന്ധി പാടില്ല?

ജോ. ബർഗണ്ടിപ്രഭുവിൽ എനിക്ക വിശ്വാസമില്ല. യുദ്ധം ക്രൂരതെ കഴിക്കുവാൻ എനിക്കും ആഗ്രഹമുണ്ട്. സുസ്ഥിരവും വിശ്വസ്തവുമായ ഒരുടമ്പടി അവർ ഉണ്ടാക്കുകയില്ല. അവർ അങ്ങേ വഞ്ചിക്കും തീർച്ചയാണ്.

ചാറ. കിട്ടിയതുകൊണ്ടു തൃപ്തിപ്പെടാം. ഗൗരവംകൊണ്ടു നമുക്ക് വിജയമുണ്ടായന്നേയുള്ളു.

ജോ. (അക്ഷമതയോടെ) എന്തു ഗൗരവം. ദൈവം നമുക്കായി യുദ്ധംചെയ്യു. നമ്മുടെ പ്രിയപ്പെട്ട രാജ്യത്തു് ഇനിയും ഇംഗ്ലീഷുകാർ ശേഷിച്ചിരിക്കുമ്പോൾ യുദ്ധം നിർത്തുകയെന്നോ?

ചാറ. നീ പറയുന്നതിൽ എനിക്ക വിശ്വാസം വരുന്നില്ല. എന്റെ ആലോചനക്കാർ ഒരുത്തരും സമ്മതിക്കുന്നില്ല. പണവുമില്ല.

ജോ. പണമല്ല കാര്യം. ദൈവേഷ്ടമനുസരിച്ചു പ്രവർത്തിക്കുകയാണാവശ്യം. നിങ്ങൾ പറഞ്ഞതുപോലെ അന്നു ഞാൻ പിൻവാങ്ങിയിരുന്നെങ്കിൽ ഇന്നു ഫ്റാൻസിന്റെ സ്ഥിതി എങ്ങനെ ആയിരുന്നേനേ. ഞാൻ എന്നും ഈ അഭിപ്രായത്തിൽ ഏകയായിരുന്നു. ഇന്നും അങ്ങനെതന്നെ. ഫ്റാൻസിനെ സ്നേഹിക്കുന്നവർ അരമനയിൽ കാണുമെന്നു ഞാൻ വിചാരിച്ചു, പക്ഷെ ചീന്തിക്കീറപ്പെട്ട അവളുടെ മാംസക്ഷണങ്ങൾക്കുവേണ്ടി മല്പടിക്കുന്നു ചെന്നായ്ക്കളെയാണു ഞാൻ കാണുന്നതു്. എന്നാൽ മരിക്കുന്നതുവരെ ഞാൻ ഫ്റാൻസിനുവേണ്ടി യുദ്ധം ചെയ്യും. സാധാരണജനങ്ങൾ എന്നെ സ്വീകരിക്കും. അവർ എന്നെ സ്നേഹിക്കും. (അവൾ അതുപൂയായി പോകുന്നു)

ഡ്യൂണോ. വാസ്തവത്തിൽ അവൾ ഫ്റാൻസിനെ സ്നേഹിക്കുന്നു. ദൈവനിർദ്ദിഷ്ടമാണ് അവളുടെ ഉദ്യമം.

ലാഹ. അതുതന്നെയാണ് ഞാനും പറയുന്നതു്. അവളിൽ ഇത്ര വീരോചിതമായ ധീരത കാണുമ്പോൾ നാം സ്ത്രൈ

ണസ്വഭാവികളാകുന്നതു യുക്തമല്ല. മരിക്കുന്നതുവരെ ഞാൻ അവളെ അനുഗമിച്ചു യുദ്ധം ചെയ്യും.

ചാറ. ദൈവഹിതമായിരിക്കും അവളുടെ ആഗ്രഹം. അതിനാൽ നമുക്കും അവളെ അനുഗമിക്കാം. ശത്രുക്കളെ രാജ്യത്തുനിന്നു പുറത്താക്കാം.

ഡ്യൂണോ. അവളുടെ സ്വരം അവളെ നിർബന്ധിക്കുന്നു എന്നു പറയുന്നുണ്ടല്ലോ. കഴിഞ്ഞിടത്തോളം അവൾ പറഞ്ഞതു പോലെ സംഭവിച്ചല്ലോ. അതിനാൽ നമുക്കും സാഹസികരിക്കാം.

(കർട്ടൻ)

രംഗം 2

ജിയാൻ. (അല്പനേരം ചിന്തിച്ചുനടന്നശേഷം) ജോവാന്റെ സൂക്ഷ്മദൃഷ്ടി വിസ്മയനീയംതന്നെ. ഉടമ്പടിയിലെ കരാറുകൾ അവർ പാലിക്കുകയില്ലെന്ന് അവൾ തീർത്തുപറഞ്ഞതാണ്. സൈന്യം യുദ്ധസന്നദ്ധമായിരിക്കണമെന്ന് അവൾ നിശ്ചയിച്ചതു് ഏതായാലും ബുദ്ധിപൂർവ്വകമായി. തന്മൂലം യുദ്ധം തുടങ്ങുവാൻ പ്രയാസമുണ്ടായില്ല. ഇംഗ്ലീഷുകാർ അവളെ വെറുക്കുന്നതിനു് ഒരതിരില്ല. അവളെ ക്ഷുദ്രക്കാരിയും ദുർവൃത്തയുമായി അവർ ചിത്രീകരിക്കുന്നു. അതൊക്കെ എങ്ങനെയുമിരിക്കട്ടെ. രാജാവിനേറെയും സഹവർത്തികളുടേയും ചിന്താശൂന്യതയും നന്ദിഹീനതയുമാണ് അസഹനീയം. കെംപിൻ തുടങ്ങിയ പല മർമ്മസ്ഥാനങ്ങളും അവൾ കൈവശപ്പെടുത്തി. പാരിസ് മിന്നൽവേഗത്തിൽ കൈവശപ്പെടുത്തേണ്ടതിനു പകരം ഭീരുവായ രാജാവു് പ്രധാന സൈന്യവിഭാഗവുമായി സെൻലീസിലയച്ചു പോയിരിക്കുന്നതാണ് കഷ്ടതരം. ഫ്റാൻസിലെ പ്രിയപ്പെട്ട ജനങ്ങളെ ജീവനുള്ളകാലം ഉപേക്ഷിക്കയില്ലെന്നു് ശപഥം ചെയ്തുകൊണ്ടത്രേ അവൾ പോർക്കളത്തിലേക്കിറങ്ങിയതു്. ദൈവമേ അവൾക്കു ശക്തിയും ധൈര്യവും നൽകണെ.

(ഓടിക്കിതച്ചു് ഒരു ഭൃത്തൻ പ്രവേശിക്കുന്നു)

ഭൃത്തൻ. ഓ, എല്ലാം തകർന്നു, അയ്യോ സകലതും നഷ്ടപ്പെട്ടു.

ജിയാൻ. (പെട്ടെന്നുള്ളതോടെ) എന്തു പറഞ്ഞു. നീ എന്താണു പറഞ്ഞതു്.

ദൂത. അയ്യോ, നമ്മുടെ കന്യകെ, ജോവാനെ, ശത്രുക്കൾ പിടിച്ചു.

ജിയാ. എങ്ങനെ, എവിടെവെച്ചു്.

ദൂത. പറവാൻ എനിക്കു ശക്തിയില്ല. (തളർന്നു നിലത്തിരിക്കുന്നു.)

ജിയാ. (ദുഃഖത്തോടെ) പറയൂ. എന്തു സംഭവിച്ചെന്നു്.

ദൂത. എല്ലാം നിരാശാജനകം. ജോവാനെ അവർ പിടിച്ചു കെട്ടിക്കൊണ്ടുപോയി.

ജിയാ. എങ്ങനെയാണു് പിടിക്കുവാൻ ഇടയായതു്. സേനാനായകന്മാർ ആരും സഹായത്തിനില്ലായിരുന്നോ?

ദൂത. അയ്യോ, എന്തു പറയാനാണു്. സഹായികളെന്നനിലയിൽ അവളെ അനുഗമിച്ചിരുന്ന സേനാനായകന്മാർ വാളുണ്ടും പടയിണ്ടും എന്ന മട്ടിലായിരുന്നു സമരം നടത്തിയതു്.

ജിയാ. അവർ എല്ലാവരും പിന്മാറിക്കളഞ്ഞോ?

ദൂത. ധീരയായ കന്യക മുന്നണിയിൽനിന്നു മാറാതെ കൊടിയും പിടിച്ചു സേനയേ നയിച്ചു. കോട്ടമതിലുകളെ സമീപിച്ചാൽ പട്ടണം കീഴടങ്ങുമെന്നു് അവൾ ഉറപ്പിച്ചു പറഞ്ഞു. അതിനിടയിൽ ഒരസ്ത്രമേറു് അവൾക്കു കഠിന മുറിവുണ്ടായി.

ജിയാ. അപ്പോഴാണോ പിടികൂടിയതു്.

ദൂത. അല്ല, അവൾ സ്വയം മറന്നു സേനയെ വീണ്ടും നയിച്ചു. വീരോചിതമായ ധീരതയോടെ അവൾ മുന്നോട്ടു കുതിച്ചു. സൈന്യത്തിന്റെ ധൈര്യം വർദ്ധിച്ചു, പട്ടണം കീഴടങ്ങുമെന്ന മട്ടായി. അയ്യോ അപ്പോൾ ചതിച്ചു.

ജിയാ. എന്തു്! പറയൂ, എന്തു സംഭവിച്ചു. ആരു ചതിച്ചു?

ദൂത. യുദ്ധം നിർത്തിവെയ്ക്കാൻ രാജാവിന്റെ കല്പന. പാലത്തിൽ കയറിയശേഷം തലവലിച്ചു താഴെയിട്ടതുപോലെയായിരുന്നു അതു്.

ജിയാ. ഉടനെ യുദ്ധം നിർത്തിവെച്ചോ?

ദൂത. പാരീസിലേയ്ക്കു പ്രവേശിക്കുന്നതിനു സന്നാഹമുദ്രമായി

ഉണ്ടായിരുന്ന പാലവും നമ്മുടെ രാജാവു ചാരത്തു് ന ശിപ്പിച്ചു. അവരുടെ ഗതിമുട്ടി.

ജിയാ. നിരാശകൊണ്ടു് ഹൃദയം തകന്നു് അവൾ വീണുപോ കേണ്ടതായിരുന്നല്ലോ.

ഭൂത. അവളുടെ ധീരത ദൈവദത്തമായിരുന്നു. അവൾ അ തിചതുരതയോടെ നയിച്ചിരുന്ന സൈന്യം— രാജ്യരക്ഷ യ്ക്കുവേണ്ടി സ്വയം ബലികഴിക്കുവാൻ തയ്യാറായിരുന്ന സൈ ന്യം— താറുമാറായി. ഇംഗ്ലീഷ്കാർ ഓരോ സ്ഥലം വീ ണ്ടെടുത്തുതുടങ്ങി. എങ്കിലും തന്നെ അനുഗമിച്ചിരുന്നവ രോടുകൂടെ അവൾ വീരോടെ മുന്നോട്ടുനീങ്ങി, മാർണി ഗ്രാമത്തിൽ പ്രവേശിച്ചു.

ജിയാ. പിന്നെ എങ്ങനെ അവൾ ശത്രുക്കളുടെ കൈയിൽ അകപ്പെട്ടു.

ഭൂത. മാർണിഗ്രാമത്തിൽ പുരോഗമിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ഇംഗ്ലീഷ് സേനാനി അവിചാരിതമായി പിറകിൽ നിന്നാ ക്രമിച്ചു. അവിടെ വലിയ ഒരു കുഴച്ചിൽ ഉണ്ടായി. ജീവ രക്ഷാർത്ഥം അവൾ കൊംപിൻ കോട്ടയേ ലക്ഷ്യമാക്കി ഓടി. നിർഭാഗ്യവശാൽ അവൾ ശത്രുക്കളാൽ വലയം ചെയ്യ പ്പെട്ടു. അനുക്ഷണം അവൾ ബന്ധനസ്ഥയായി.

ജിയാ. കഷ്ടം, ആരെങ്കിലും ത്യാഗം സഹിച്ചു് എന്തെങ്കിലും കെട്ടിപ്പടുത്തുകൊണ്ടുവരുമ്പോൾ അവരെക്കാൾ വിജ്ഞാനി കളും സൂക്ഷ്മദൃക്കുകളുമെന്നു സ്വയം നടിക്കുന്ന ചിലർ വിലങ്ങുതടിയായി നില്ക്കുകയും സകലതും ശിഥിലമാക്കു യും ചെയ്യുന്നു നിത്യാനുഭവമാണ്. പ്രഥമപ്രവർത്തകനിൽ ദോഷാരോപണം ചെയ്യുകയും ചെയ്യും. നമുക്കുവേണ്ടി അ വൾ ഇതാ ആത്മബലി സമർപ്പിച്ചിരിക്കുന്നു. ഹാ ദൈവ മേ, ധീരയായ ജോവാനെ അനുഗ്രഹിക്കണമേ. നമുക്കു പോകാം. രാജാവിനെ വിവരം അറിയിക്കാം.

കർട്ടൻ.

രംഗം 3

(കാരാഗൃഹത്തിനുള്ളിൽ ജോവാൻ അഞ്ജലീബദ്ധയായി മുട്ടിന്മേൽ നില്ക്കുന്നു. കൈകൾ പ്രാർത്ഥനകൊണ്ടു പൂട്ടിയിരിക്കുന്നു. കഴുത്തിൽ നിന്നു കാലിലേക്കു വേറൊരു ചങ്ങല. ദീനസ്വരത്തിൽ പ്രാർത്ഥിക്കുന്നു.)

ജോവാ. പരമകാരുണികനായ ദൈവമേ, അങ്ങേ ഇഷ്ടം നിറവേറട്ടെ. അവിടത്തെ വിനീതദാസിയായ ഞാൻ എന്നെ മുഴുവനും അങ്ങേയ്ക്കു സമർപ്പിക്കുന്നു. അങ്ങ് എന്നെ വിളിച്ചു. ഞാൻ ആ സ്വരം ശ്രവിച്ചു. ഒറ്റ വാക്കുപോലും ഞാൻ വിട്ടുകളഞ്ഞില്ല. എന്റെ കഴിവ് പരമാവധി ഞാൻ വിനിയോഗിച്ചു. പക്ഷേ ചാറൽസ്– ഞാൻ ആക്കേണ്ടി അദ്ധ്വാനിച്ചോ, കഠിന യാതനകൾ അനുഭവിച്ചോ– ആ ചാറൽസ്– അലസതയും ചിന്താശൂന്യതയും സുഖാനുഭവാസക്തിയും നിമിത്തം എന്റെ നിരന്തരമായ അഭ്യർത്ഥനകളെ നിരസിച്ചുകളഞ്ഞു. എന്റെ നേതൃത്വത്തിൽ വിശ്വാസം അർപ്പിച്ചിരുന്ന ജനത എന്നെ അവിശ്വസിക്കുവാൻ കാരണമാക്കി. എന്റെ ആജ്ഞകളെ അക്ഷരംപ്രതി അനുവർത്തിച്ചിരുന്ന അവർ അനുസരണമറ്റവരായി. അസൂയാലുക്കളും സ്വാർത്ഥമതികളുമായ പലരുടേയും കുതന്ത്രങ്ങളിൽ ചാറൽസ് അകപ്പെട്ടുപോയി. തന്മൂലം യഥാസമയം യഥോചിതം പ്രവർത്തിക്കുന്നതിന് അദ്ദേഹം വൈമുഖ്യം പ്രദർശിപ്പിച്ചു. അതിനാൽ ഞാനിതാ അപഹാസ്യയായി, കഠിനപീഡകൾക്കധീനയായി, നീചമായ കാരാഗൃഹവാസം അനുഭവിക്കുന്നു. എന്റെ വേദനയിൽ എനിക്കു ഖേദമില്ല. അങ്ങേ പ്രിയപ്പെട്ട രാജ്യം അനാഥമാകുന്നല്ലോ. ഇതോ അങ്ങേ തിരുവുള്ളം. ഇതിലുമധികം അങ്ങേ മഹത്വത്തിനായി സഹിക്കുവാൻ ഞാൻ തയ്യാറാണ്. ഒരു മന്ത്രവാദിനിയും ദുർവൃത്തയുമായി ഞാൻ ചിത്രീകരിക്കപ്പെടുന്നു. അതത്രേ അസഹനീയം. സത്യദൈവമായ അങ്ങേ ഉപദേശങ്ങളിൽനിന്ന് അണുവിട ഞാൻ വ്യതിചലിച്ചിട്ടില്ലെന്ന് അങ്ങേറിയുന്നവല്ലോ. അങ്ങേയ്ക്കിഷ്ടമെങ്കിൽ ഇതും ഇതിലേറെയും അങ്ങേ സ്തുതിക്കായി ഞാൻ സഹിച്ചുകൊള്ളാം. എനിക്ക് അങ്ങേ അനുഗ്രഹം മാത്രം മതി. (അല്പ നേരം മൗനം)

അവിടുന്ന് അങ്ങേ ദാസിയെ ശ്രവിക്കണമെ. ഫ്റാൻസു രാജ്യത്തിന്റെ ശത്രുക്കളായ ഇംഗ്ലീഷുകാരുടെ കരങ്ങളിൽനിന്ന് രാജാവിനേയും രാജ്യത്തേയും അങ്ങു രക്ഷിക്കണമേ. എന്റെ ഈ കഠിന യാതനകളിൽ ഹൃദയം നൊന്തു വിലപിക്കുന്ന നിർഭ്ലോഷികളെ അങ്ങു കൈവിടരുതേ. എനിക്കു ലഭിച്ച വിജയങ്ങൾ അന്നു ഞാൻ അങ്ങേയ്ക്കു സമർപ്പിച്ചതുപോലെ ഇന്ന് എനിക്കു കിട്ടിയിരിക്കുന്ന ഈ കുരിശുകളേയും ഞാൻ കാഴ്ചവെയ്ക്കുന്നു. ആരേയും ഞാൻ കുറ്റപ്പെടുത്തുന്നില്ല. എന്നെ ഏല്പിച്ചവ ഞാൻ ചെയ്തുതീർത്തു. ഇപ്പോൾ ഇപ്രകാരം അങ്ങേയ്ക്കു പ്രസാദിച്ചു. അങ്ങേ ഇഷ്ടം നിറവേറട്ടെ. (അല്പനേരം മൗനം) ഹാ, എന്റെ വത്സലമാതാപിതാക്കളുടെ ദുഃഖാധിക്യത്തെ എങ്ങനെ ഞാൻ സ്മരിക്കും. നാഥാ അവർക്കു സാന്ത്വനമുള്ള കരുത്തു നല്കുണമേ. അവരെ അങ്ങേ തൃക്കരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു.

ഡോംറെമിയിൽവെച്ചു ഞാൻ ദർശിച്ച മധുരമോഹനമായ ആ ദിവ്യരൂപം, അരുണമനോഹരമായ ആ പ്രഭാപൂരം— ഇന്നും ആനന്ദലഹരിയിൽ എന്നെ ആഴ്ത്തുന്നു. അന്നു വീശിയ ആ സ്വർഗ്ഗീയപരിമളം ഇപ്പോൾ ഇതാ എന്റെ ആത്മാവിൽ ആനന്ദമധു തുകുന്നു. ആ ദിവ്യാനന്ദം കണ്ടറിഞ്ഞനുഭവിക്കാൻ സ്വർഗ്ഗരാജനായ അവിടുന്നു എപ്പോൾ എനിക്കനുമതിതരും. ഈ ദാസി ഇതാ അങ്ങേ മധുരമൊഴി പാർത്തിരിക്കുന്നു.

(ആനന്ദലഹരിയിൽ മതിമറന്ന് നിന്നിമേഷയായി സ്വർഗ്ഗീയ ദർശനത്തിൽ ലയിച്ചുനില്ക്കുന്നു.)

പാറാവുകാരൻ. (കുടിച്ചുമത്തനായി) എടീ, എന്നാടീ നീ ഇപ്പോരേന്നേ, നിന്റെ അമാനുഷശക്തിയൊക്കെ എവിടെപ്പോയി മറഞ്ഞടീ. നീ ഇനി വെറുതെ പുലമ്പണ്ടാ, ഫ്റാൻസുരാജ്യം മുഴുവൻ നിന്റെ പുറകെ ഒണ്ടെന്നല്ലേടീ നീ പിച്ചാർത്തെ. എല്ലാവരും എവെടെപ്പോയെടീ. നിന്റെ ജാലമൊക്കെ എത്ര നാളു നിക്കുമെന്നാടി നീ കരുതിയെ. നിന്റെ മന്ത്രമൊക്കെ ഇവിടേം ഒന്നു പൊറയോഗിച്ചേടീ. ഇംഗ്ലീഷുകാരുടെ ശക്തി നിന്റെ മന്ത്രവാദത്തിനെന്റെ

മേലെനിക്കവെന്ന് ഇനി എങ്കിലും ഓത്തോ. നീ രാജാവി
നെ വാഴിച്ചില്ലേടീ. എന്നിട്ടെന്തിയേടീ നിന്റെ രാജാവ്. ഒരുത്തനെ പിടിച്ചാലും കരുത്തനെ പിടിക്കണം. നീ കേ
ട്ടിട്ടോണ്ടോടീ. നീ ഇപ്പം പ്രാത്ഥനേം ഉപവാസോം ഒക്കെ
ത്തൊടങ്ങി അല്ലേടീ. ഞങ്ങളൊന്നു നിശ്ചയിച്ചിട്ടോണ്ട്,
കേട്ടോടീ. ഇക്കുറി നീ രക്ഷപെട്ടമെന്നു കരുതണ്ടാ. നി
ന്നെ വിസ്മരിക്കാൻ കച്ചേരിൽ അജരാക്കാൻ കല്പന വന്നി
ട്ടൊണ്ട് അറിഞ്ഞോടീ. നിന്റെ തോല്പരിം. നിന്നെ മുട്ടം.
അല്ലേ നീ കണ്ടോ? കർട്ടൻ.

രംഗം 4

വിസ്താരം

(വിസ്തൃതമായ ഒരു ഹാൾ. മാന്യമായ ഇരിപ്പിടങ്ങൾ, ബിഷപ്പ് കൗഷൻ, വിൻചെസ്റ്റർ, വാർവിക്ക്, ജോൺമാഷ്യോ, ഡെമിനിക്കൻ സന്യാസി മാർട്ടിൻ, യഥാസ്ഥാനങ്ങളിൽ ഇരിക്കുന്നു. ജോവാൻ ചങ്ങ
ലാബദ്ധയായി (കൈകൾ പുട്ടപ്പെട്ട് കൈയിൽനിന്നു ചങ്ങല കാലി
ലേയ്ക്ക് തൊട്ടുള്ളൂ) ഒരു പടയാളി ഹാജരാക്കുന്നു.)

ബി. കൗഷൻ. മഹത്തുക്കളെ നിങ്ങളുടെ അറിവിനായി രാജ
ശാസനം വായിച്ചുകൊള്ളുന്നു.

"ദൈവത്തിന്റെ കൃപയാൽ ഇംഗ്ലണ്ടിലെ രാജാവും
ഫ്റാൻസിന്റെ റീജന്റുമായി വാഴുന്ന നാം— ഹെൻട്രി—
അറിയിക്കുന്നതെന്തെന്നാൽ കന്യകയായ ജോവാൻ എന്നു
സ്വയം സംബോധനചെയ്തിരുന്ന ഒരു സ്ത്രീ, ദൈവേ
ഷ്ടത്തിനെതിരായി പുരുഷവേഷം ധരിച്ച് ദൈവത്താൽ
അയയ്ക്കപ്പെട്ടവളെന്നു നടിച്ച്, സാധാരണ ജനങ്ങളെ പ
റഞ്ഞിളക്കി വിശ്വസിപ്പിച്ചു. കൊലപാതകങ്ങൾ നടത്തി,
അതിനും പുറമെ വിശ്വാസത്തിനു വിപരീതമായ അനവ
ധി കൃത്യങ്ങൾ ചെയ്യുവെന്നും തെളിഞ്ഞിരിക്കുന്നു. ഈവക
കൃത്യങ്ങൾ തുടരുകയും നമുക്കും നമ്മുടെ രാജ്യത്തിനുമെ
തിരായി അക്രമങ്ങൾ അഴിച്ചുവിടുകയും ചെയ്തു. അവസാ
നം കെംപീൻ കോട്ടയ്ക്കു സമീപത്തുവെച്ച് അവളെ അയ

ധസഹിതം പിടിക്കുടി. ഇപ്പോൾ നമ്മുടെ മുമ്പാകെ ഹാ
ജരാക്കിയിരിക്കുന്നു. ദൈവദ്രോഹപരമായ അനേകം കുറ
ങ്ങൾ അവളിലുണ്ടെന്നു പരസ്യമായിരിക്കയാൽ നമ്മുടെ
വിശ്വസ്ത ആലോചനക്കാരനും മിത്രവുമായ ബിഷപ്പു്
കൗഷനും പാരീസിലെ ആലോചനാസംഘവും ധ്രുസ്തു
കന്യകയുടേമേൽ കാനോൻ നിയമപ്രകാരം നടപടി
നടത്തുന്നതിനു വിട്ടുകൊടുക്കണമെന്നു് അപേക്ഷിച്ചിരി
ക്കുന്നു. അതിനാൽ ദൈവഭക്തിയാൽ പ്രേരിതനായി സ
ഭയേയും വിശ്വാസത്തേയും സംരക്ഷിക്കുന്നതിനായി ആ
അപേക്ഷയെ സന്തോഷപൂർവ്വം അനുവദിക്കുന്നു. എന്നാൽ
അവളിൽ കുറ്റമില്ലെന്നു തെളിയുന്നപക്ഷം അക്കാരണ
ത്താൽ അവളെ സ്വതന്ത്രയാക്കിക്കുടാ. നമ്മുടെ മുമ്പാകെ
ഹാജരാക്കിക്കൊള്ളേണ്ടതാണു്.''

(ജോവാന്റെ നേരേതിരിഞ്ഞു്)

ജോവാൻ, നിന്നിൽ ആരോപിതമായിരിക്കുന്ന കുറ്റങ്ങൾ
സംബന്ധിച്ചു് നിന്നോടു ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾ
ക്കും സത്യം ബോധിപ്പിച്ചുകൊള്ളണം.

ജോ. ഞാനും ചിലതെല്ലാം ചോദിച്ചുകൊള്ളട്ടെ, എനിക്കെതി
രായി നടപടി നടത്തുവാൻ നിങ്ങളെ ആരെങ്കിലും നിർബ
ന്ധിച്ചിട്ടുണ്ടോ. നിങ്ങൾ സ്വയം ഏറ്റെടുത്തതല്ലേ? ഇവി
ടെയിരിക്കുന്നതിൽ പലരും ശിക്ഷയേ ഭയന്നും ജീവനിൽ
കൊതിയുള്ളതുകൊണ്ടുമല്ലേ ഈ കടുംകൃത്യത്തിനൊരുങ്ങി
യിരിക്കുന്നതു്? നിങ്ങൾ ഏതെല്ലാം കാര്യങ്ങളാണു് ചോ
ദിക്കുവാൻ പോകുന്നതു്? സമാധാനം പറയുവാൻ നിവൃ
ത്തിയില്ലാത്ത വിഷയങ്ങളും നിങ്ങൾ ചോദിക്കയില്ലേ?

കൗഷൻ. ച്ചീ, നിന്റെ ധിക്കാരം ഇനിയും കുറഞ്ഞില്ലേ?
നീ ഞങ്ങളുടെ പിടിയിലമർന്നുകഴിഞ്ഞുവെന്ന വസ്തുത അ
റിയുന്നില്ലേ? നിന്റെ പിറകെ ഓടിക്കൂടിയിരുന്നവർ ഇ
വിടെയില്ലെന്നു് നീ ഓർമ്മിച്ചുകൊള്ളണം. നിന്നോടു ചോ
ദിക്കുന്ന ഏതൊരു ചോദ്യത്തിനും സത്യമായ മറുപടി
നല്കുമെന്നു നീ സത്യം ചെയ്യണം.

ജോ. എന്റെ മാതാപിതാക്കന്മാരെ സംബന്ധിച്ചോ എന്റെ

പ്രവൃത്തികളെ സംബന്ധിച്ചോ എന്തെങ്കിലും ചോദിച്ചാൽ സത്യം പറയാം. എന്നാൽ ദൈവം എനിക്കു വെളിപ്പെടുത്തിയിട്ടുള്ളവയൊന്നും നിങ്ങളെ അറിയിക്കുകയില്ല. നിങ്ങൾ എന്റെ തല വെട്ടി നാട്ടുവഴിയിലെറിഞ്ഞാലും അക്കാര്യം പറയുകയില്ല.

കൗ. നിന്നെ രക്ഷിക്കുവാൻ നിന്റെ പാശ്ചാത്തികളിൽ ആരും ഒരു ചെറുവിരലെങ്കിലും ഇളക്കുന്നില്ലെന്നു നീ ധരിക്കണം. അധഃപതനത്തിൽ ആരാണ് പുറകേ തൂങ്ങുക. ഫ്രാൻസിലെ പണ്ഡിതസംഘമാണ് നിന്നെ വിസ്തരിക്കുവാൻ തയ്യാറായിരിക്കുന്നതെന്നും നീ മനസ്സിലാക്കുക. എന്തായാലും വി. ഗ്രന്ഥം പിടിച്ചു സത്യംചെയ്യു.

(ഒരു പടയാളി വി. ഗ്രന്ഥം നീട്ടുന്നു)

ജോ. (മുട്ടിന്മേൽനിന്നു വി. ഗ്രന്ഥംപിടിച്ച്) വിശ്വാസസംബന്ധമായ എല്ലാക്കാര്യങ്ങളിലും അറിവിനൊത്തതുപോലെ സത്യം ബോധിപ്പിക്കാം.

കൗ. നിന്റെ സ്വദേശം.

ജോ. ഡോംറെമി ഗ്രാമം.

കൗ. നിന്റെ മാതാപിതാക്കന്മാർ?

ജോ. പിതാവു ജാക്യൂസ്. മാതാവു ഇസാംബോ.

കൗ. നിന്റെ പേരു്.

ജോ. ജോവാൻ.

കൗ. നിന്നോട്ട പുരുഷവേഷം ധരിക്കാനും ഫ്രാൻസിലേക്കു പോകാനും നിന്റെ മാതാപിതാക്കൾ നിർദ്ദേശിച്ചോ?

ജോ. ഇല്ല.

കൗ. പിന്നെ നിന്നോടാവശ്യപ്പെട്ടതാരു്?

ജോ. എന്റെ സ്വരം.

കൗ. എന്തു സ്വരം?

ജോ. സ്വർഗ്ഗരാജന്റെ സ്വരം.

കൗ. ആ സ്വരം നിന്നോട്ട എന്താവശ്യപ്പെട്ടു?

ജോ. വേറെ വല്ലതും ചോദിച്ചാൽ പറയാം.

വിൻചെസ്റ്റർ. കന്യകെ, നിന്നോട്ട ചോദിക്കുന്ന ഏതു ചോദ്യത്തിനും സത്യം ബോധിപ്പിക്കാമെന്ന് നീ നിരുപാധികം സത്യം ചെയ്യണം.

വാർവിക്ക്. അങ്ങനെതന്നെ വേണം. അല്ലെങ്കിൽ നമ്മുടെ ചോദ്യത്തിന് എന്തർത്ഥമാണുള്ളത്?

വിൻ. അങ്ങനെ ചെയ്തിട്ട തുടന്നാൽ മതിയെന്നാണ് എന്റെ പക്ഷം.

ജോ. അതെത്ര കഷ്ടമാണ്. മുഖപടിപറവാൻ പാടില്ലാത്ത ചോദ്യം ചോദിച്ചാൽ ഞാനെന്തുചെയ്യും. ദൈവം എനിക്കു വെളിപ്പെടുത്തിയിട്ടുള്ളവ നിങ്ങളെ അറിയിക്കുവാൻ നിവൃത്തിയില്ല. നിങ്ങൾ വെറുതെ നിർബന്ധിക്കണ്ടാ. ഫലമില്ല.

കൗ. ഇതു നിർബന്ധമല്ല. വിസ്താരത്തിൽ സത്യം വെളിപ്പെടേണ്ടതാവശ്യമാണ്.

ജോ. അങ്ങു പറയുന്ന കാര്യത്തെപ്പറ്റി ഒന്നു പ്രത്യവലോകനം ചെയ്യണം. രണ്ടു പ്രാവശ്യം സത്യം ചെയ്യുകഴിഞ്ഞു. അതു മതിയെന്നാണെനിക്കു പറയാനുള്ളത്.

വിൻ. അതുപോരാ.

ജോ. എനിക്കറിയാവുന്നതും അനുവാദമുള്ളതും ഞാൻ പറയും.

വാർ. എല്ലാം പറയിക്കാമോ എന്നു ഞങ്ങൾ ഒന്നു നോക്കട്ടെ.

ജോ. അതു കണ്ടതന്നെ അറിയണം.

കൗ. ദൈവം നിന്നെ അറിയിച്ച രഹസ്യങ്ങൾ ഏതെല്ലാം?

ജോ. അതു പറയുകയില്ലെന്നു ഞാൻ സത്യംചെയ്തതാണ്. പറയുവാൻ പാടില്ലെന്ന് എന്റെ സ്വരം എന്നോടാജ്ഞാപിച്ചിട്ടുണ്ട്.

കൗ. ഈയിടെയെങ്ങാനും നീ ആ സ്വരം ശ്രവിച്ചോ?

ജോ. ഉവ്വ്, ഇക്കഴിഞ്ഞ രാത്രിയിൽ ആ സ്വരം എന്നോടൊന്നിച്ചുണ്ടായിരുന്നു. രാജാവിന്റെ നന്മയ്ക്കായി പല കാര്യങ്ങളും എന്നെ അറിയിച്ചു. അതു് അദ്ദേഹത്തെ അറിയിക്കണമെന്ന് എനിക്കു അതിയായ ആഗ്രഹമുണ്ട്.

കൗ. നീ ജയിൽ ചാടുവാൻ രണ്ടു പ്രാവശ്യം ഒരുമ്പെട്ടല്ലോ. അതു നിന്റെ സ്വരം നിർത്തിശിച്ചതുകൊണ്ടോണോ?

ജോ. അക്കാര്യം നിങ്ങളെ അറിയിക്കുവാൻ നിശ്ചയിച്ചിട്ടില്ല.

കൗ. സ്വരം കേൾക്കുന്നതിനപ്പുറമേ എന്തെങ്കിലും കാണാറുണ്ടോ?

ജോ. അതും നിങ്ങൾ ചോദിക്കണ്ടാ. എല്ലാ വിവരങ്ങളും പറയുകയില്ല. അതിനനുവാദമില്ല. എന്റെ സത്യപ്രതിജ്ഞ അതൊഴിച്ചുമാണല്ലോ. എന്റെ സ്വരം സംപൂജ്യവും അനുഗ്രഹീതവുമാണ്. ക്ഷുദ്രൻ ഒന്നും പറയുവാൻ നിശ്ചയിച്ചിട്ടില്ല.

കൗ. നിനക്ക് ഒരു സ്ത്രീയുടെ വേഷം ധരിക്കുന്നതിൽ വിരോധമുണ്ടോ?

ജോ. എന്റെ മാതാപിതാക്കന്മാരുടെ പക്കലേക്കു പോകാനാണെങ്കിൽ സന്തോഷപൂർവ്വം ധരിക്കാം. (ചിന്തിച്ചശേഷം) ഇല്ല എനിക്ക് ഈ വസ്ത്രംതന്നെ മതി. ദൈവേഷ്ടം ഇതാണ്. നിങ്ങൾ എന്നെ മോചിപ്പിക്കുമെന്നു കരുതിയാണ് ഞാൻ ആദ്യം സമ്മതിച്ചത്. നിങ്ങൾക്കതിനൊരുക്കമില്ലെന്ന് എനിക്കു മനസ്സിലായി.

വിൻ. ബോഡ്റിക്കോർട്ടിന്റെ പ്രേരണമൂലമല്ലേ നീ പുരുഷവേഷം ധരിച്ചത്?

വാർ. സ്ത്രീകൾ പുരുഷവേഷത്തിൽ നടക്കുന്നതു ന്യായരഹിതമല്ലേ?

ജോ. അതു നിങ്ങളോടാരു പറഞ്ഞു. ദൈവഹിതം അനുസരിച്ചല്ലാതെ ഇതുവരെ ഞാൻ ഒന്നും ചെയ്തിട്ടില്ല.

കൗ. നിന്റെ വാക്കുകൾ വഞ്ചനനിറഞ്ഞതല്ലേ?

ജോ. ഞാനല്ല വഞ്ചന കാണിക്കുന്നത്. അങ്ങു കൈവശപ്പെടുത്തിയ എന്റെ മോതിരം ദയാപൂർവ്വം തിരിച്ചുതന്നാൽ കൊള്ളാം.

കൗ. നിന്നിൽ ദൈവാനുഗ്രഹമുണ്ടെന്നു നീ എങ്ങനെ അറിഞ്ഞു.

ഫാ. മാർട്ടിൻ. ആ ചോദ്യത്തിനുത്തരം പറവാൻ വിഷമമുണ്ട്.

അവൾ അതിനുത്തരം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

കൗ. (കോപത്തോടെ) തന്നോട് ചോദിച്ചോ. മിണ്ടാതെ അവിടെയിരുന്നുകൊള്ളുകയാണുത്തമം.

ജോ. ദൈവാനുഗ്രഹം എന്നിലില്ലെങ്കിൽ ദൈവം എനിക്കു തരട്ടെ. ഉണ്ടെങ്കിൽ അതിൽ നിലനിൽത്തട്ടെ. ദൈവസ്നേഹം എനിക്കു നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ അറിയുന്നെങ്കിൽ അപ്പോൾ ഞാൻ സ്ത്രീകളിൽ ഏറ്റവും ദുഃഖിതയായിരിക്കും.

ഫാ. മാ. ജോവാൻ, നിന്റെ മറുപടി ഭംഗിയായിരിക്കുന്നു.

കൗ. (ഗൗരവത്തിൽ) നീ ചിന്തോണിൽ ചെന്നപ്പോൾ ചാറസിനു നല്കിയ അടയാളം എന്തായിരുന്നു.

ജോ. എന്റെ തല വെട്ടിയാലും എന്റെ രാജാവിനെ അറിയിച്ച രഹസ്യങ്ങൾ വെളിപ്പെടുത്തുകയില്ലെന്നു ഞാൻ പറഞ്ഞില്ലേ?

കൗഷ. നീ വിശുദ്ധ പള്ളിക്കു കീഴ്പ്പെടുമോ.

ജോ. എനിക്കു ദൈവാലയത്തിൽ പോകാൻ അനുവാദം തരണം.

കൗഷ. (വെറുപ്പോടെ) ച്ഛീ, പുരുഷവേഷം ധരിച്ചിരിക്കുന്നവളേയോ ദൈവാലയത്തിൽ പോകാൻ അനുവദിക്കുന്നത്.

ജോ. ദൈവാലയത്തിൽ പോകുവാൻ അനുവദിക്കുമെന്ന് വാഗ്ദാനം ചെയ്യാമെങ്കിൽ സ്ത്രീവേഷം ധരിക്കാം. (അല്പം ചിന്തിച്ചിട്ട്) ഇല്ല നിങ്ങൾ എന്നെ വിട്ടുകയില്ല. അതുകൊണ്ട് പുരുഷവേഷം മാറുവാൻ തയ്യാറില്ല. പുറമേ ഒരങ്കി ധരിച്ചുകൊണ്ട് ദൈവാലയത്തിൽ പോകാം. മടങ്ങുമ്പോൾ അതു മാറിക്കളയുകയും ചെയ്യും.

കൗ. (കോപത്തോടെ) നീ കളിക്കുന്നോ? നീയോ സഭയുടെ ഒരു എളിയ സന്താനം? നീതന്നെയാണു സഭയെന്നു തോന്നുമല്ലോ? നീവഴി മാത്രമാണു ദൈവത്തിന്റെ ദൗത്യം ലഭിക്കുന്നതു് അല്ലേ? വേണ്ടാ അധികം മുന്നോട്ടു പോകണ്ടാ.

ജോ. ദൈവം അനുവദിച്ചതുകൊണ്ടു ശത്രുക്കൾ എന്നെ പിടിച്ചു. അതെന്റെ നന്മയ്ക്കെന്നു ഞാൻ വിശ്വസിക്കുന്നു.

കൗ. (ശാന്തനായി) ദൈവഭൃതന്മാർ നിന്നെ കൈവിട്ടകയല്ലേ ചെയ്തത്?

ജോ. അല്ല അവർ എന്നെ ഇടമുറിയാതെ ആശ്വസിപ്പിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

കൗ. നീ സഭയ്ക്കു കീഴ്വഴങ്ങുമോ ഇല്ലയോ?

ജോ. ഞാൻ കത്തോലിക്കാവിശ്വാസത്തിനെതിരായി എന്തെങ്കിലും പറഞ്ഞുപോയോ. സഭയെന്നു പറയുന്നതിനു നിങ്ങൾ കല്പിക്കുന്ന അർത്ഥമെന്താണ്? സഭയുടെ പേരുംപറഞ്ഞു നിങ്ങൾ ചെയ്യുന്ന വിധി ഞാൻ അനുസരിക്കുന്നതല്ല. നിങ്ങൾക്ക് എന്നെ വിധിക്കുവാൻ അധികാരമുണ്ടോ? അവകാശമുണ്ടോ? നിങ്ങൾ എന്റെ ശത്രുക്കളാണ്. നിങ്ങൾ നീതിപൂർവ്വം വിധിക്കയില്ല. പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള വിധി ഞാൻ സന്തോഷമനസ്സോടെ കരിച്ചുകൊള്ളാം. അതിനാൽ മാപ്പാപ്പായുടെ മുമ്പാകെ എന്നെ ഹാജരാക്കുക.

കൗ. (ഗംഭീരസ്വരത്തിൽ) ധിക്കാരീ നീ സഭയ്ക്കു കീഴ്വഴങ്ങുമോ? ക്രിമിനൽകാരീ, നിന്നെ ഞാൻ ദഹിപ്പിച്ചുകളയും.

ജോ. ദിവ്യരക്ഷകനും ദൈവമാതാവിനും പുണ്യാത്മാക്കൾക്കും ഞാൻ കീഴ്വഴങ്ങുന്നു. പരിശുദ്ധപിതാവിനേയും ഞാൻ അനുസരിക്കാം. നമ്മുടെ കർത്താവും സഭയും ഒന്നുതന്നെയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയല്ലാത്ത തരത്തിൽ നിങ്ങൾ പറഞ്ഞ് എന്റെ പ്രയാസം വർദ്ധിപ്പിക്കുന്നതെന്തിന്?

കൗ. (ശാന്തമായി) എന്നോടു പറഞ്ഞതിൽ കൂടുതൽ നീ മാപ്പാപ്പാ തിരുമനസ്സിലെ സന്നിധിയിൽ പറയുമോ?

ജോ. തീർച്ചയായും, സകല ചോദ്യങ്ങൾക്കും മറുപടിപറയും. എന്നെ മാപ്പാപ്പാതിരുമനസ്സിലെ സന്നിധിയിൽ കൊണ്ടുപോകണമെന്ന് ഞാൻ ഏറ്റം താഴ്മയായി അപേക്ഷിക്കുന്നു. എനിക്ക് ഓശാനദിവസം വി. കുർബാശകൾ സ്വീകരിക്കണം. അതിന് അനുമതിതരണമെന്നു ഞാൻ യാചിക്കുന്നു.

കൗ. നീ കർഷകപുത്രിയുടെ വേഷം ധരിക്കാമെങ്കിൽ അനുവദിക്കാം.

ജോ. എന്റെ സ്വരം അതിന് അനുവദിക്കുന്നില്ല. എന്റെ നിശ്ചയംപോലെ ആയിരുന്നെങ്കിൽ അങ്ങനെ ചെയ്യാമായിരുന്നു. ഈ വേഷം എന്റെ ആത്മാവിനു ഭാരമല്ല. അതു സഭയ്ക്കു തിരായ പ്രവൃത്തിയുമല്ല. അതിനാൽദിവ്യകർമ്മങ്ങളിൽ പങ്കെടുക്കുവാൻ എന്നെ അനുവദിക്കുക.

കൗ. നീ ഒന്നുകൂടെ നന്നായി ആലോചിക്കുക. രക്ഷപെടണമെങ്കിൽ കുറച്ചുകൾ സമ്മതിച്ചുകൊൾക.

(ഇവളെ ജയിലിലേയ്ക്കുതന്നെ കൊണ്ടുപോവുക. ഇപ്പോൾ വിശ്രമത്തിനു പിരിയാം.)

(കർട്ടൻ)

രംഗം 5

(ഒരു വിജനപ്രദേശം. ഫാ. മാർട്ടിനും ഫാ. മാഷ്യോയും രഹസ്യസംഭാഷണം നടത്തുന്നു)

ഫാ. മാഷ്യോ. ഫാ. മാർട്ടിൻ, നമുക്കുമില്ലെ മനുഷ്യഹൃദയം. മനുഷ്യത്വം പെടിയുന്നതു കൊള്ളാമോ? ബിഷപ്പു കൗശലം കൃത്യരും ചെയ്യുന്ന കടുംകൈ ദൈവം ക്ഷമിക്കുമോ? അവർ സഭയ്ക്കു തീരാക്കളങ്കമല്ലെ വരുത്തിവെയ്ക്കുന്നത്. കഷ്ടം! അവർ ആ യുവതിയെ എത്ര നിർദ്ദയമായി ഞെരുക്കുന്നു. അവളെ ഇരുട്ടറയിൽ അടച്ചിരിക്കുന്നു. കരങ്ങളിൽ മാത്രമല്ല കണ്ണത്തിൽനിന്നു കാലിലേയ്ക്കും ഇരുമ്പുചങ്ങലകൾ ബന്ധിച്ചിരിക്കുന്നു. ക്രൂരിയരായ പടയാളികളാണു കാവൽക്കാർ. അവർ രാപകൽ അവളെ അലട്ടുന്നു. അധിക്ഷേപിക്കുന്നു.

ഫാ. മാർട്ടിൻ. ഞാനും ഇവയെല്ലാം അറിയുന്നുണ്ട്. എന്തു ചെയ്യാം. പാവത്തിനെ വിസ്മാരസ്ഥലത്തു കൊണ്ടുവന്നു നിത്തിയിരിക്കുന്നതുകണ്ടാൽ മതി ഏതു കഠിനഹൃദയവും അലിയുവാൻ. കിരാതന്മാർപോലും ഇങ്ങനെ ചെയ്യുകില്ല. നിവൃത്തിയില്ലാത്തതുകൊണ്ട് ഞാനും വിസ്മാരസമയത്തു ഹാജരാകുന്നുണ്ട്. ഒരു ചോദ്യം അനാവശ്യമാണെ

ന്നു ഞാനൊന്നു സൂചിപ്പിച്ചതേയുള്ളു, അപ്പോൾ എന്നെ വീഴ്ത്തിക്കളയാനാണു കൃഷ്ണൻ തുടങ്ങിയതു്.

ഫാ. മാഷ്യോ. ഈ കഠിനയാതനയിലും അവൾ ആനന്ദം നിറഞ്ഞവളായിക്കാണപ്പെടുന്നു. അവളുടെ ധീരതയും വിലമതിക്കേണ്ടതാണു്.

ഫാ. മാർട്ടിൻ. അവൾക്കെതിരായി ഒരു തെളിവും ഇതുവരെ കിട്ടിയില്ല. അവളെ പിടികിട്ടിയിട്ടു് ഒൻപതുമാസമായി. കഠിനമായി പീഡിപ്പിക്കുവാൻ തുടങ്ങിയിട്ടു മാസം നാലും. പതിനൊന്നാഴ്ചയായി തുടർന്നു വിസ്തരിക്കുകയാണു്. പരസ്യമായി ആറുതവണ വിസ്തരിച്ചു. അതുകൊണ്ടു് അവളുടെ കുറ്റമില്ലായ്മ പരസ്യമായി. തന്മൂലം കൃഷ്ണൻ വിസ്താരം രഹസ്യത്തിലാക്കി. ഒൻപതു തവണ അങ്ങനെയും നടന്നു.

ഫാ. മാഷ്യോ. കന്യകയ്ക്കെതിരായി നടപടിനടത്തുവാൻ ബി: കൃഷ്ണനെ ആരും ചുമതലപ്പെടുത്തിയതല്ല. അദ്ദേഹത്തിനു് അവളോടു് എന്തോ തീരാവൈരം ഉണ്ടെന്നു സ്പഷ്ടമാകുന്നുണ്ടു്. അനുകമ്പ അശേഷം ക്രൂരതയല്ലേ വിസ്താരം നടത്തുന്നതു്? ഇത്ര ധീരയായ ഒരു സ്ത്രീ ഇംഗ്ലീഷുകാരുടെ ഇടയിൽ ഉണ്ടായിരുന്നെങ്കിൽ അവർ അവളെ എത്ര സംപൂജ്യയായിക്കരുതുമായിരുന്നു.

ഫാ. മാർ. ബി. കൃഷ്ണനു് ഇഷ്ടപ്പെട്ട കാര്യങ്ങൾ മാത്രമേ രേഖപ്പെടുത്തുവാൻ അനുവദിക്കുന്നുള്ളു. അദ്ദേഹത്തിനു വിധികർത്താവായിരിക്കുവാൻ അർഹതയില്ല. അദ്ദേഹം ബർഗണ്ടിയൻ പക്ഷവത്തിയാണു്. അവളുടെ ഭാഗം വാദിക്കുന്നതിനു് ഒരു നിയമജ്ഞനെങ്കിലുമില്ല.

ഫാ. മാഷ്യോ. അവൾക്കു ക്ഷുദ്രപ്രയോഗം, ഭ്രൂതസേവ തുടങ്ങിയവ ഉണ്ടെന്നു തെളിയിക്കുവാനായിരുന്നു ആദ്യശ്രമം. അതു ഫലപ്പെട്ടില്ല. ഇപ്പോൾ ഛദിദ്മകാരി എന്നു വരുത്താനല്ലേ ബദ്ധപ്പെടുന്നതു്?

ഫാ. മാർ. ഇപ്പോൾ അവൾക്കെതിരായി രഹസ്യത്തിൽ വല തെളിവുകളും ശേഖരിക്കയാണു്. ഒന്നിനും ഒരടിസ്ഥാനവുമില്ല.

ഫാ. മാഷ്യോ. വിസ്മയത്തിൽ പങ്കെടുത്ത പലർക്കും അവൾ നിർ ദ്ദോഷിയെന്ന ബോധപ്പെട്ടു. വിസ്മയം ന്യായാസനമല്ലെ ന്നും മനസ്സിലായിക്കഴിഞ്ഞു. എങ്കിലും ബിഷപ്പു് കൗഷന്റെ സ്ഥാനമാഹാത്മ്യംനിമിത്തം അവർ അദ്ദേഹത്തിന്റെ ഇം ഗിതത്തിനു തലകുനിക്കയാണു്. കഷ്ടം! സ്ഥാനമാഹാത്മ്യം എത്രയെത്ര അനീതികളെ മൂടിക്കളയുന്നു.

ഫാ. മാർ. ഈ മഹാപാതകത്തിൽ പങ്കെടുക്കുവാൻ മനസ്സി ല്ലാതെ അരുപത്തെട്ടിൽ ഇരുപത്തുനാലുപേർ രണ്ടുദിവസ ത്തിനുള്ളിൽ പിരിഞ്ഞു. പോയിപ്പോയി ഇപ്പോൾ 12 പേ രേയുള്ളു. അതുകൊണ്ടാണ് രഹസ്യവിചാരണ ആരംഭിച്ച തു്. വാസ്തവത്തിൽ മൂന്നുനാലുപേർ മാത്രമേ ഈ മഹാപാ തകത്തിനുത്തരവാദികളാകയുള്ളു.

ഫാ. മാഷ്യോ. ആരും ഒരു തൃണയും ഇല്ലെങ്കിൽത്തന്നെ എന്തു്? എത്ര ധീരതയോടും മനസ്സാന്നിദ്ധ്യത്തോടുംകൂടെയാണു് അ വൾ ധർമ്മസമരം ചെയ്യുന്നതു്?

ഫാ. മാർ. ആരെങ്കിലും അവളെ അനുകൂലിക്കുന്നതായാൽ ഉടൻ ബി. കൗഷനു കലികയറും. ആക്ഷം സഭ്യസ്നാനുവാ ദംപോലുമില്ല. മാപ്പുപ്പായുടെ സന്നിധിയിൽ കൊണ്ടുപോ കുവാൻ അവൾ ആവശ്യപ്പെട്ടിട്ടു് ആ ദീനസ്വരം അന്തരീ ക്ഷത്തിൽ ലയിച്ചുപോവുക മാത്രമാണുണ്ടായതു്.

ഫാ. മാഷ്യോ. അവിടെവച്ചു് അവളുടെ നിരപരാധിത്വം തെ ളിയും. അതാണ് ആ അലക്ഷ്യഭാവത്തിനു കാരണം. ക്രൂദ്ധാ ശകൾ സ്വീകരിക്കുവാൻ അനുവദിക്കാത്തതുതന്നെ എത്ര വലിയ തെറ്റാണു്. ഒരാളിൽ കുറ്റം സ്ഥാപിച്ചെ അടങ്ങൂ എന്നുവന്നാൽ ഇങ്ങനെയൊക്കെ അല്ലാതെ നടക്കുമോ?

ഫാ. മാർ. ഇണങ്ങിയും പിണങ്ങിയും നോക്കീട്ടു് അവളെ കീഴ്പെടുത്തുവാൻ ബി. കൗഷനു കഴിഞ്ഞില്ല. അവൾ കൂനുകൂലമായ തെളിവുകൾ മറച്ചുകളയുകയാണു ചെയ്യു ന്നതു്.

ഫാ. മാഷ്യോ. ഒരു കുറ്റവും തെളിഞ്ഞില്ലെങ്കിൽത്തന്നെ അ വളെ അവർ ജീവനോടെ വിടുകയില്ല.

ഫാ. മാർ. അവളെ അനുകൂലിക്കുന്നവരെ കടുത്ത ശിക്ഷയ്ക്കു

വിധേയരാക്കുകകൂടിച്ചെയ്യുന്നു, അതാണ് മുമ്പെങ്ങും കേട്ടിട്ടില്ലാത്ത ഒരനീതി.

ഫാ. മാഷ്യോ. ബി. കൗഷന്റേയും മറ്റും നില അല്പം വഷളായേക്കുമെന്നൊരു ഭയമുണ്ടിപ്പോൾ. പലരും വിസ്താരത്തിൽ പങ്കെടുക്കാതെ പോയതും ചിലർ എതിർത്തതും സംശയം വർദ്ധിക്കുവാൻ ഇടയാക്കീട്ടുണ്ട്. ഇപ്പോൾ വിസ്താരം വലിയ നിയന്ത്രണത്തിലാണ്.

ഫാ. മാർ. വക്രഗതിയിലുള്ള ചോദ്യങ്ങൾകൊണ്ട് അവളെ വീഴ്ത്തുമുട്ടിക്കയാണ്. പരിഹാസം കോരിച്ചൊരിയുകയും ചെയ്യുന്നു. എങ്കിലും അവൾക്കൊരു കുലുക്കവുമില്ല. അതാണാശ്ചര്യകരം. അവളുടെ മറുപടി അവക്രവും വ്യക്തവുമാണ്. അവൾ അടിയുറച്ചവൾതന്നെ.

ഫാ. മാഷ്യോ. അവളുടെ നിശ്ചയദാർഢ്യം പ്രശംസനീയംതന്നെ. അവർക്കനുകൂലമായ ഒരൊറ്റവാക്കെങ്കിലും അവളിൽ നിന്നു കിട്ടുമെന്ന് എനിക്കു പ്രതീക്ഷയില്ല.

ഫാ. മാർ. അവളെ തുറിച്ചുനോക്കുന്ന ഭയങ്കരശിക്ഷ അവൾ അറിയുന്നില്ല. അവൾ നിഷ്കപടമായും നിർഭയമായും അക്ഷോഭ്യമായും പ്രശാന്തമായും ഒരു രാജകുമാരിയുടെ ഗാംഭീര്യത്തോടെ സംസാരിക്കുന്നു. ഒരു മിത്രത്തെയെങ്കിലും അവളുടെമുമ്പിൽ കാണുന്നില്ല. എങ്കിലും ഡംഭമോ ഗർവ്വോ അവളെ എത്തിനോക്കുകപോലും ചെയ്യുന്നില്ല.

ഫാ. മാഷ്യോ. അവളുടെ ജീവിതം കഴുവിൽ അവസാനിക്കും. സംശയമില്ല.

ഫാ. മാർ. അതു തീർച്ചയാണ്. എന്നാൽ അവൾക്ക് ഒരു നേരിയ ആശ കിടപ്പുണ്ട്. രക്ഷപെട്ടേക്കാമെന്ന്. അവർ കണ്ടിരിക്കുന്ന മാർഗ്ഗം അതാണ്, അവിടെ പിടിച്ച് അവളെ അടിപെടുത്താനാണ് അവരുടെ ഇപ്പോഴത്തെ ശ്രമം. അവളിൽ കുറ്റമില്ലെന്നു പ്രഖ്യാപനം ചെയ്തിട്ട വധിച്ചാൽ അവരുടെ നില പരുങ്ങലിലാകും. അതുകൊണ്ട് അവളുടെ വാക്കുകളുടെ സത്യവത്വം അവളുടെ മരണംകൊണ്ട് മുദ്രിതമാകുമെന്ന് അവർക്ക് കരുതലുണ്ട്. അതിനാൽ വശീകരണമോ ഭീഷണിയോ വേണ്ടിവന്നാൽ

അക്രമംതന്നെ പ്രവർത്തിച്ചോ കുറേസമ്മതം രേഖപ്പെടുത്താനാണ് ശ്രമം. എന്തോ ചില ഗ്രൂഢാലോചനകളും നടക്കുന്നുണ്ട്. ദൈവമെ ഈ അധ്വാനത്തിന്റെ ഫലം എന്തായിരിക്കുമോ?

ഫാ. മാഷ്യോ. കഴിയുമെങ്കിൽ അവളെ രക്ഷിക്കുവാൻ നോക്കണം. നാളെയല്ലെ വിസ്താരം തുടരുന്നത് ഇപ്പോൾ നമുക്കു പിരിയാം. (പോകുന്നു.)

(കർട്ടൻ)

രംഗം 6

വിസ്താരം തുടർച്ച

(ബി. കൗഷൻ, വിൻചെസ്റ്റർ, വാർവിക്ക്, ലോസ്ലിയർ, ഫാ. മാർട്ടിൻ. ആസനങ്ങളിൽ ഇരിപ്പുറപ്പിക്കുന്നു.)

വാർവിക്ക്. നമ്മുടെ ബദ്ധപ്പാടുമുഴുവൻ ഫലശൂന്യമായേക്കുമോ എന്നു ഞാൻ ശങ്കിക്കുന്നു.

കൗഷൻ. എന്തുകൊണ്ടു നിങ്ങൾ അങ്ങനെ സംശയിക്കുന്നു?

വാർവിക്ക്. വിസ്താരത്തിൽ പങ്കെടുത്തിരുന്നവർ എല്ലാംതന്നെ പിരിഞ്ഞുപോയതു കണ്ടില്ലെ. അതു് ആശങ്കാഹേതുകമല്ലേ?

ലോസ്ലിയർ. അതു് അവളുടെ മന്ത്രശക്തിയുടെ വേറൊരുദാഹരണം മാത്രം.

കൗഷൻ. സംശയമുണ്ടോ? പിശാചസേവകൊണ്ടു് അവൾ ന്യായാസനത്തിങ്കൽ വന്നവരിൽ അൻപത്തിരണ്ടുപേരെ വശീകരിച്ചുകഴിഞ്ഞു. ഇനിയുള്ളവരിൽത്തന്നെ ചിലർക്ക് ഇളക്കം തട്ടിയിട്ടുണ്ട്. എന്നിൽ അതൊന്നും ചെലവാകുകയില്ല.

വിൻ. അവൾ മന്ത്രവാദിനിയെന്നോ പിശാചുബാധയുള്ളവളെന്നോ ഒക്കെ പറഞ്ഞതുകൊണ്ടും തെളിവു ശേഖരിച്ചതുകൊണ്ടും ഫലമുണ്ടാകയില്ല. പാഷണ്ഡതയാണ് അവ

ളിൽ ആരോപിക്കേണ്ട കുറ്റം. മറ്റുള്ളതുപേക്ഷിച്ച് അതിൽ പിടിക്കുട്ടുവാൻ നോക്കണം.

ഫാ. മാർട്ടിൻ. അവളിൽ പാഷണ്ഡതയുടെ എന്തു ലക്ഷ്യമാണു കണ്ടതു്. നിഷ്കപടതയല്ലാതെ മറ്റെന്താണു് അവളുടെ വാക്കിൽ തെളിഞ്ഞു നില്ക്കുന്നതു്. ജോവാനേപ്പോലെ എത്ര യെത്ര പുണ്യാത്മാക്കൾ സംസാരിച്ചിരിക്കുന്നു.

കൗഷ. (ഗൗരവത്തിൽ) ഫാ. മാർട്ടിൻ പാഷണ്ഡതയെപ്പറ്റി താങ്കൾക്കു് എന്തറിയാം? നിഷ്കപടരും ഭക്തരുമായിക്കാണപ്പെട്ടിരുന്ന പലരും പിന്നീടു് വലിയ ക്രിമിനലുകാരായിട്ടുണ്ടു്. മുളയിൽത്തന്നെ നുള്ളിയില്ലെങ്കിൽ സഭയ്ക്കും രാജ്യത്തിനും നാശമാണു്. ശാപമാണു്.

(ബന്ധിതയായി ജോവാൻ വിസ്മാരമിറിയിലേയ്ക്കു കൊണ്ടുവരപ്പെടുന്നു. കക്ഷിക്കൂട്ടിൽ നിർത്തിയശേഷം പട്ടാളക്കാരൻ മാറിനില്ക്കുന്നു.)

ലോസ്സിയർ. ജോവാൻ, തീരെ അവശയായിക്കാണപ്പെടുന്നല്ലോ. എന്താ സുഖമില്ലേ?

ജോ. വളരെ ഉപകാരം. എനിക്കസുഖമൊന്നുമില്ല. ബിഷപ്പു് എന്തോ കൊടുത്തയച്ചു. അതു ഭക്ഷിച്ചപ്പോൾ വളരെ സുഖമുണ്ടായി.

ബി. കൗഷൻ. കഷ്ടം! ഞാൻ സഹതപിക്കുന്നു. അങ്ങനെ വരുമെന്നു ഞാൻ കരുതിയില്ല.

ജോ. അങ്ങു് മനപ്പൂർവ്വം പ്രവർത്തിച്ചുവെന്നു ഞാൻ കരുതുന്നില്ല. ഭക്ഷണസാധനം തന്നെത്തുപോയതായിരുന്നു, പക്ഷേ ഇംഗ്ലീഷുകാർ വിചാരിച്ചു അങ്ങു് എനിക്കു വിഷം തന്നതാണെന്നു്.

കൗഷൻ. എന്തു്? ഞാൻ വിഷം തന്നെന്നോ?

ജോ. ഇംഗ്ലീഷുകാർ അങ്ങനെ പറഞ്ഞതാണു്, ഒരു മന്ത്രവാദിനിയെ എന്നപോലെ എന്നെ ദഹിപ്പിച്ചുകളയുവാൻ അവർ തീരുമാനിച്ചിരിക്കുകയാണു്. അതുകൊണ്ടു് അവർ ഒരു ഡോക്ടരെവിട്ടു ചികിത്സിച്ചു സുഖപ്പെടുത്തി. എന്തിനാണു് എന്നെ ഈ ഇംഗ്ലീഷുകാരുടെ കൈയിൽ ഏല്പിച്ചിരിക്കുന്നതു്. സഭയുടെ അധീനതയിൽ വെച്ചുകൂടെ?

വാർവിക്ക്. നിനക്ക കോടതിയോട ചോദിക്കവാൻ അവകാശമില്ല. ഞങ്ങളാണ നിന്നോട ചോദിക്കേണ്ടത്.

ജോ. നിങ്ങൾ എന്നെ എന്തിനാണ് ഒരു വലിയ തടിയിൽ പൂട്ടിയിട്ടിരിക്കുന്നത്. ഞാൻ പറയുന്ന പൊയ്ക്കളയുമോ?

വിൻ. നീ രണ്ടുതവണ ജയിൽ ചാടിയില്ലേ?

കൗഷൻ. ജോവാൻ, ഞങ്ങൾക്കാക്കും നിന്നെറനേക്ക് ഒരു ശത്രുതയുമില്ല. ഇനിയെങ്കിലും നിന്നെ നേർവഴിക്ക തിരിച്ചു വിടണമെന്നേയുള്ള. നിന്റെ കുറങ്ങൾ സമ്മതിച്ച് ദൈവത്തിങ്കലേയ്ക്ക തിരിയുക.

ജോ. അങ്ങയുടെ ഉപദേശത്തിന്ന നന്ദി. എങ്കിലും ദൈവകല്പന ലംഘിച്ച് നിങ്ങളുടെ ഉപദേശം സ്വീകരിക്കുവാൻ തരമില്ല.

കൗഷൻ. നീ സഭയ്ക്ക കീഴ്വഴങ്ങുമോ?

ജോ. ഞാൻ സഭയ്ക്ക കീഴ്വഴങ്ങിത്തന്നെയാണ ജീവിക്കുന്നത്. അസാധ്യമായതു ചെയ്യാൻ, സഭയുടെ പേരുപഞ്ഞ്, നിങ്ങൾ എന്നെ നിർബന്ധിക്കരുത്. അങ്ങനെ ചെയ്യുൽ ദൈവത്തിനല്ലാതെ ഒരു മനുഷ്യനും കീഴ്പെട്ടകയില്ല. എന്റെ മരണം അടുത്തിരിക്കുന്നതായിത്തോന്നുന്നു. ക്രൂദാശകൾ സ്വീകരിക്കുവാൻ എന്നെ അനുവദിക്കണം.

കൗഷൻ. പുരുഷവേഷത്തിൽ ദിവ്യകമ്മങ്ങളിൽ സംബന്ധിക്കുവാൻ അനുവദിക്കകയില്ല. സഭയ്ക്ക കീഴ്വഴങ്ങുക. അല്ലെങ്കിൽ അനേകരുത്തിൽ നിന്നെ മർട്ടിക്കുവാൻ ഹൃദയശൂന്യരായ പടയാളികൾ ഒരുങ്ങിനില്പുന്നു.

ജോ. ആത്മാവു ശരീരത്തിൽനിന്നു വേർപെടുന്നതുവരെ പ്രത്യംഗം എന്നെ വലിച്ചുകീറിയാലും മുമ്പുപറഞ്ഞതിൽനിന്നു വ്യത്യസ്തമായി ഒന്നും നിങ്ങൾ എന്നിൽനിന്നു പ്രതീക്ഷിക്കണ്ടാ. എന്തെങ്കിലും പറഞ്ഞുപോയാൽത്തന്നെ അതു ഞാൻ മനസ്സായിട്ടായിരിക്കയില്ല.

ലോസ്റ്റിയർ. വിസ്താരം തുടരുന്നതു ക്രമത്തിനല്ല. അവളെക്കൊണ്ട സത്യം ചെയ്യിച്ചില്ല.

കൗഷൻ. ശരിയാണ്. ജോവാൻ, സത്യം മുഴുവൻ ബോധിപ്പിച്ചുകൊള്ളാമെന്ന് വി. ഗ്രന്ഥമെടുത്തു ശപഥം ചെയ്യും.

ജോ. (വെറുപ്പോടെ) ഇതെന്തൊരനാവശ്യം. എത്ര പ്രാവശ്യം സത്യം ചെയ്യണം. ആവശ്യമുള്ളതു മുഴുവൻ പറയാമെന്നു ഞാൻ വാഗ്ദാനം ചെയ്തതല്ലെ? എല്ലാം പറവാൻ പാടില്ല. ദൈവം അനുവദിക്കുന്നില്ല. പറയുന്നതു നിങ്ങൾക്കു തിരിയുന്നില്ലേ? ഇനിയും സത്യംചെയ്യാൻ തയ്യാറില്ല.

ഡാർവിക്ക്. ഇവളെ ശാരീരികമായി പീഡിപ്പിക്കണം.

കൗഷൻ. ജോവാൻ, ചിന്തിച്ചുത്തരംപറയണം. പാരിസ് പണ്ഡിതസംഘത്തിന്റെ തീരുമാനം കേൾക്കുമ്പോഴെങ്കിലും നിന്റെ ഭർബുദ്ധി തെളിയുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ഇതാ കേട്ടുകൊൾക.

"കന്യകയായ ജോവാൻ സമർത്ഥന്മാരായ വിധികർത്താക്കന്മാരാൽ വിസ്തരിക്കപ്പെട്ടിട്ടും വിശ്വാസത്തിലേക്കു പിൻതിരിയുകയും തുഷ്കരമായി പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ, സ്വയംകൃതമായ പ്രവൃത്തികളുടെ ദുഷ്ഫലം അനുഭവിക്കുന്നതിനു അവളെ സിവിൽ അധികാരികൾക്കു വിട്ടുകൊടുക്കുവാൻ അനുവദിക്കുന്നു."

ജോ. ഞാൻ വിധിക്കപ്പെട്ടു, എന്നെ ദഹിപ്പിക്കുവാൻ ഘാതകർ ചിതയ്ക്കു തീകൊളുത്തി, അഗ്നിജ്വാല പൊന്തിവരുന്നതു കണ്ടാലും, ഞാൻ ആ തീക്കുള്ളിൽ നിന്നു വെന്തെരിഞ്ഞാലും, എന്റെ നാവിനു ശക്തിയുള്ളിടത്തോളംകാലം ഞാൻ വിളിച്ചുപറയും എനിക്കു കുറ്റമില്ലായി ഒന്നും പറവാനില്ലെന്നു, ഞാൻ ഉറപ്പിച്ചുപറയും എന്റെ വാക്കുകൾ സത്യമാണെന്നു.

വിൻ. ഭാഗ്യഹീനേ, തായ്മരത്തിൽനിന്നു വേർപെട്ട ശിഖരം കായ്ക്കയില്ല. നീയങ്ങനെയാണു, ഭയങ്കരീ, നീ ചെയ്തിട്ടുള്ളതു വഞ്ചനമാത്രം. നീ പാഷണ്ഡയാണു, ദുർവൃത്തയാണു. നിന്നെപ്പോലെ ഒരു പാതകി ഇതിനുമുമ്പു ഫ്രാൻസിൽ ഉണ്ടായിട്ടില്ല. രാജസിംഹാസനം സ്വായത്തമാക്കുന്നതിനു നീ ക്ഷുദ്രപ്രയോഗം ആയുധമാക്കി. ഫ്രാൻസിന്റെ രാജാവും ഭരണാധികാരിയുമെന്നു സ്വയം വിളിക്കുന്ന ചാറ്റൽസ്– മതദ്രോഹിയും അവിശ്വാസിയുമായ രാജാവു– കൂടെയും, ദുഷ്ടയും നിന്ദ്യപാത്രവുമായ നിന്റെ സഹവാസം തേടി. നിന്നെ ദഹിപ്പിക്കണം.

ജോ. നിങ്ങൾ എന്നെപ്പറ്റി എന്തും പറഞ്ഞുകൊൾക. ഉത്തമനായ ചാൾസുരാജാവിനെ എന്തിനു ദുഷിക്കുന്നു.

കൗ. (കോപത്തോടെ) അവളുടെ ധിക്കാരത്തെ അമർത്തുക.

വിൻ. നീ ഉടനെ സഭയ്ക്കു കീഴ്പ്പെടുക.

ജോ. പരിശുദ്ധ പിതാവിന്റെ മുമ്പാകെ എന്നെ കൊണ്ടുപോകുക. ദൈവം കഴിഞ്ഞാൽ അദ്ദേഹത്തെ നീതിക്കായി ഞാൻ ആശ്രയിക്കുന്നു.

കൗ. മാർപ്പാപ്പായുടെ സന്നിധിയിൽ കൊണ്ടുപോകുവാൻ സാധ്യമല്ല. മെത്രാനായ നാംതന്നെ നിന്റെ വിധികർത്താവ്. നമ്മുടെ വിധി നീ സ്വീകരിക്കുമോ.

ജോ. ഇല്ല. ഒരിക്കലുമില്ല ഞാൻ വിശ്വസിക്കയില്ല, ഞാൻ സ്വീകരിക്കയില്ല.

ലോസ്റ്റിയർ. ജോവാൻ നിനക്കു ജീവനിൽ കൊതിയില്ലേ. നിസ്സാരമായ ഒരു കാര്യംകൊണ്ട് ഭയങ്കര വിപത്തിൽനിന്നു രക്ഷനേടാം. സ്ത്രീവേഷം ധരിക്കുകയും ഒരു കടലാസിൽ ഒപ്പുവയ്ക്കുകയും ചെയ്താൽമതി. നീ വിശ്വസിച്ചതു തെറ്റിപ്പോയി എന്നുമാത്രം.

കൗഷൻ. കന്യകെ നീ ഇതിൽ ഒപ്പുവെയ്ക്കുക. (കടലാസു നീട്ടുന്നു) നീ നിന്റെ ജീവനെ അപകടത്തിലാക്കുന്നു.

ജോ. ഇല്ല. എനിക്കറിഞ്ഞുകൂടാ, സത്യം നിറവേറ്റുന്നതിനേ ഞാൻ ശ്രമിച്ചിട്ടുള്ളു.

കൗ. (കുപിതനായി) നീ ഇതിൽ ഒപ്പുവെയ്ക്കുമോ?

ലോസ്റ്റിയർ. ജോവാൻ, എന്തിനു മടിക്കുന്നു. ഒപ്പുവെച്ചു ജീവനെ രക്ഷിക്കുക.

കൗഷൻ. സഭയുടെ ഐക്യത്തിൽനിന്നു നിന്നെ വിടർത്തുന്നു, ലൗകികാധികാരികൾക്കായി നിന്നെ ഉഴിഞ്ഞുവിടുവാൻ പോകുന്നു.

(കറുപ്പുവസ്ത്രം ധരിച്ച ഒരിരുണ്ടരൂപം പ്രത്യക്ഷപ്പെടുന്നു.)

ജോവാൻ. (ഭയചകിതയായി വിറയ്ക്കുന്നു) മനസ്സിലായി. എനിക്കിപ്പോൾ മനസ്സിലായി. മരണം... നിശ്ചയം... രക്ഷയ്ക്കു മാർഗ്ഗമില്ല, അതിദാരുണമരണം... ഞാൻ എന്തുചെയ്യും... ദൈവമേ... ഞാൻ കീഴടങ്ങുന്നു... ഞാൻ സഭയ്ക്കു കീഴ്പ്പെടുന്നു.

ലോസ്സിയർ. (വിറയ്ക്കുന്ന കൈയ്യിൽ പേനാ പിടിപ്പിക്കുന്നു. കടലാസു കാണിച്ചു വായിച്ചു കേൾപ്പിക്കുന്നു.) "ദൈവത്തിന്റെ സന്ദേശങ്ങൾ ലഭിച്ചെന്നും ദൈവാരൂപികളും പുണ്യാത്മാക്കളും പ്രത്യക്ഷപ്പെട്ടെന്നും ഞാൻ ഭാവിച്ചു. സഭാധ്രുവിരുദ്ധമായി ക്രിത്രിമവസ്ത്രങ്ങൾ ധരിച്ചു, വിശ്വാസത്തിനു വിപരീതമായി കുറ്റം ചെയ്തു."

ജോ. ഞാൻ ഏല്പിക്കപ്പെട്ടന്ന സഭയും വൈദികരും ഇതു കാണട്ടെ. ഒപ്പുവെയ്ക്കണമെന്ന് അവർ ആജ്ഞാപിക്കുന്നെങ്കിൽ അതു ചെയ്യാം.

ലോസ്സി. അതിനുള്ള സമയം കഴിഞ്ഞുപോയി, ഒപ്പുവെയ്ക്കുക. അല്ലെങ്കിൽ ഇപ്പോൾ നീ തീക്കുണ്ഡത്തിൽ.

(ജോവാന്റെ കൈയ്യുപിടിച്ചു കടലാസിൽ ഒരു വൃത്തം വരപ്പിക്കുന്നു.)

കൗഷൻ. അവളെ അനുതാപസംഘത്തിൽ സ്വീകരിക്കുക. ദൈവത്തിനും സഭയ്ക്കും വിരോധമായി പാപംചെയ്യുതിനാൽ ശേഷിച്ചിരിക്കുന്നകാലം കാരാഗൃഹത്തിൽ ജീവിക്കട്ടെ. ചെയ്തിട്ടുള്ളവയെപ്പറ്റി പശ്ചാത്തപിച്ച് മേലിൽ തെറ്റുചെയ്യാതെയും ജീവിക്കട്ടെ.

(കൗഷനും കൂട്ടരും പോകുന്നു.)

ജോ. (മുട്ടിന്മേൽ നിന്നുകൊണ്ട്) ഹാ ദൈവമേ, എന്റെ പ്രേക്ഷിതവൃത്തിയെ ഉപേക്ഷിച്ചു ഞാൻ മൊഴികൊടുത്തുപോ? എന്റെ സ്വരം സത്യമല്ലെന്നു ഞാൻ സമ്മതിച്ചുപോയോ? ഏഴുകൊല്ലം എന്നെ നയിച്ച ആ അജ്ഞാതസ്വരം സത്യമാണ്, അതു ദൈവത്തിന്റേതാണ്. ഇവർ പറയുന്നതു സത്യമല്ല. ദൈവത്തിന്റെ കല്പന നിറവേറുകമാത്രമേ ഞാൻ ചെയ്തിട്ടുള്ളു. മറ്റെന്തെങ്കിലും സമ്മതിക്കുക എനിക്കു തികച്ചും അസാധ്യമാണ്. എന്നാൽ ഒരു മഹാ ദുഷ്ടയേപ്പോലെ ദൈവേഷ്ടത്തെ വിസ്മരിച്ച് ഞാൻ ഒപ്പിട്ടതുപോലെ തോന്നുന്നു.

(ധൈര്യമവലംബിച്ച്) ഇല്ല, ഞാൻ ഒരിക്കലും അങ്ങനെ ചെയ്കയില്ല. ചെയ്തിട്ടില്ല. അഗ്നിഭയംനിമിത്തം എന്തൊ

ചെയ്യു. എന്നെക്കൊണ്ടു ചെയ്യിച്ചു. കുറേപത്രത്തിലെ കാര്യങ്ങൾ ഞാൻ അറിഞ്ഞിട്ടില്ല.

(ഫാദർ മാർട്ടിൻ പ്രവേശിക്കുന്നു.)

ഫാ. മാർ. ജോവാൻ, നീ എന്തുചെയ്യുന്നു.

ജോ. (കേൾക്കാതെ മറെറന്തിലൊ ശ്രദ്ധചെലുത്തി) ദിവ്യനാഥാ ഇനി എന്തായിരിക്കും സംഭവിക്കുവാൻ പോകുന്നതു്. ഭയംകൊണ്ടു ഞാൻ ചെയ്തുപോയതു് തെറെറങ്കിൽ എന്നിൽ നിന്നു മായിച്ചുകളയണമേ.

ഫാ. മാർ. കന്യകേ, ജോവാൻ. എൻെറ നാവിളകുന്നില്ല... എനിക്കു പറവാൻ പ്രയാസമുണ്ടു്... നീ ഒപ്പിട്ടുകൊടുത്തതിനെ നിഷേധിക്കുന്നതിനാൽ ഉടനെ ഒരു ഭയങ്കരസംഭവം നടക്കും, എൻെറ നാവു പിറന്നുന്നു. ആ കിരാതന്മാർ ഇന്നുതന്നെ നിന്നെ ഒരു പാഷണ്ഡയേപ്പോലെ ദഹിപ്പിക്കും... ചന്തസ്ഥലത്തു് അതിനുള്ള ഒരുക്കങ്ങൾ ചെയ്യുകഴിഞ്ഞു. നീ തയ്യാറായിക്കൊൾക. ഇംഗ്ലീഷ്പടയാളികൾ എണ്ണൂറുപേർ നിന്നെ അങ്ങോട്ടു കൊണ്ടുപോകാൻ ഒരുങ്ങിനില്ക്കുന്നു. ജോവാൻ നീ നിരാശപ്പെടരുതു്, ദൈവം സഹായിക്കും. അവർ മുമ്പേതന്നെ ഈ തീർച്ചപ്പെടുത്തിയിരുന്നതാണു്. നീ പുരുഷവേഷം ഉപേക്ഷിച്ചില്ലെന്നുള്ളതാണു് ആരോപണം.

ജോ. വി. ക്രൂരാശകൾ സ്വീകരിക്കുന്നതിനു് അവർ എന്നെ അനുവദിക്കുകയില്ലേ.

ഫാ. മാർ. അനുവദിച്ചിട്ടുണ്ടു്, ഉടനേ സ്വീകരിക്കാം. ഒരുങ്ങുക. നീ ധൈര്യമായിരിക്കുക. ഭയപ്പെടേണ്ടാ, ദിവ്യനാഥൻ നിന്നോടുക്രൂരതയുണ്ടു്. അവിടുത്തെ പീഡകളെപ്പറ്റി ചിന്തിച്ചുകൊൾക. രക്തസാക്ഷികൾ കഠിനപീഡകൾ മാധുര്യത്തോടെ സഹിച്ചതു് അങ്ങനെയാണു്. അല്പസമയത്തിനുള്ളിൽ നിനക്കു കൈവരാൻപോകുന്ന മഹാഭാഗ്യം എത്ര മഹത്തരം. ഈ പീഡകൾ അതിനോടൊത്തുനോക്കുമ്പോൾ എത്ര നിസ്സാരം, നിത്യമായി നിർല്ലോഭം നീ അനുഭവിച്ചാനന്ദിക്കുവാൻപോകുന്ന ആ നിർമ്മലസ്നേഹം— ആനന്ദമധുവൂറുന്ന ആ ദിവ്യദർശനം— അതി

നുവേണ്ടി എന്തുതന്നെ സഹിച്ചുകൂടാ. ഒന്നുകൊണ്ടും കുലുങ്ങരുതു്. ധീരമായ ഒരു ഹൃദയം. ആ സ്നേഹനാഥൻ നിനക്കു പ്രദാനംചെയ്യും. നിന്റെ ത്യാഗം സൗഭാഗ്യസമ്പന്നമാണു്, നിനക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കും. നിത്യാനന്ദഭവനത്തിൽ എത്തുമ്പോൾ നീ ഞങ്ങളെ വിസ്മരിക്കരുതേ.

ജോ. ബ. അച്ഛാ, അങ്ങേയ്ക്കു വളരെ ഉപകാരം. എന്നെ ആശീർവ്വദിക്കുക. എനിക്കു ധൈര്യമുണ്ടു്. എന്റെ നാഥൻ എന്നെ കൈവിടുകില്ല. അങ്ങയെയിൽ ഞാൻ നിത്യാനന്ദം കണ്ടെത്തും. എനിക്കു് ഉടനെ ക്രൂശുകൾ സ്വീകരിക്കണം.

ഫാ. മാർ. ആവട്ടെ. (ആശീർവ്വദിക്കുന്നു.)

(കർട്ടൻ)

രംഗം 7

(വധസ്ഥലം. ഉയർന്ന ഒരു പീഠത്തിൽ ഒരു കാൽ നാട്ടിയിരിക്കുന്നു. ചിതയും കരുക്കിവെച്ചിരിക്കുന്നു. ചങ്ങലകളാൽ ബന്ധിതയായി ജോവാൻ അനീതിയാകുന്നു. ജനങ്ങൾ തിങ്ങിക്കൂടിയിരിക്കുന്നു. കൗഷനും കൂട്ടരും ഒരു വശത്തു നില്ക്കുന്നു, അനുതാപിയുടെ അങ്കിയുംധരിപ്പിച്ചു ജോവാനെ കൊണ്ടുവരുന്നു. വഴിമദ്ധ്യേ ലോസ്സിയർ കണ്ടുമുട്ടുന്നു.)

ലോസ്സിയർ. (മുട്ടുകുത്തി ജോവാന്റെ പാദങ്ങൾ മുത്തുന്നു. കണ്ണുനീരോടെ ഗദ്ഗദസ്വരത്തിൽ) ധീരയുവതീ, ജോവാൻ, എനിക്കു മാപ്പുതരുക. നിത്യമായി മാപ്പുതരുക. എനിക്കു തെറ്റിപ്പോയി, ഞാൻ നിന്നെ ദ്രോഹിച്ചവരിൽ ഒരുവനാണു്. ബി. കൗഷന്റേയും സഹകാരികളുടേയും അനീതിയിൽ ഞാനും പങ്കുകാരനായി. കഠാരമാറ രക്തത്തെ ഞങ്ങൾ ഒറ്റിക്കൊടുത്തു. എന്റെ സ്വാർത്ഥത എന്നെ അന്ധനാക്കി. ഈ അന്ത്യനിമിഷത്തിലെങ്കിലും ഞാൻ അപേക്ഷിക്കുന്നു, എന്നോടു ക്ഷമിക്കുക. ഞാൻ അങ്ങേ പാദം തൊട്ടു യാചിക്കുന്നു, എന്നോടു ക്ഷമിക്കുക. ദിവ്യരക്ഷകന്റെ സന്നിധിയിൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

ജോ. ദൈവത്തിന്റെ ഇഷ്ടം ഞാൻ തീയിൽക്കൂടെ അങ്ങെ സന്നിധിയിൽ എത്തണമെന്നതന്നെ. എനിക്കു നിങ്ങളോട് ഒരു വിരോധവുമില്ല. എല്ലാവരോടും പൂർണ്ണമായി ഞാൻ ക്ഷമിച്ചുകഴിഞ്ഞു. ദൈവം നിങ്ങൾക്കു സുബുദ്ധി നല്കട്ടെ. മറ്റാരോടും ഇങ്ങനെ ചെയ്യരുതെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(വധസ്ഥലം—റൂവൻ നഗരമദ്ധ്യം. ജോവാൻ സമീപിച്ച, ബിഷപ്പു് കൗഷൻ മുമ്പോട്ടു കയറിനിന്നു.)

ജോ. ഓ, റൂവൻനഗരമേ, ഞാൻ ഇവിടെ മരിക്കണമെന്നോ വിധി. നീ ഇതു നിമിത്തം ഇനിയും കഷ്ടതയനുഭവിക്കും.

ബി. കൗ. (ജോവാന്റെനേരെ തിരിഞ്ഞു്) കന്യകയെന്നു വിളിക്കപ്പെട്ടന്ന നീ ദുർവൃത്തയാണു്. നികൃഷ്ടമായ വഞ്ചന, വിഷലിപ്തമായ അവിശ്വാസം ക്ഷുദ്രം, പാഷണ്ഡത ഇവയാൽ നീ അഗാധതയിലേക്കു് അധഃപ്പതിച്ചിരിക്കുന്നു. നീ സഭയെ ദ്രോഹിച്ചവളെന്നു ഞങ്ങൾ വിധിക്കുന്നു. നശിച്ച ഒരംഗമായി നിന്നെ ഞങ്ങൾ ഉപേക്ഷിക്കുന്നു. സഭയുടെ ഐക്യത്തിൽനിന്നു നിന്നെ വേർപെടുത്തി സിവിൽ അധികാരികൾക്കു വിട്ടുകൊടുക്കുന്നു. നീ നിന്റെ കുറ്റം സമ്മതിച്ചു് ആരോപണങ്ങൾഅടങ്ങിയ രേഖയിൽ ഒപ്പിട്ടതാണു്. എന്നാൽ നീ ഇപ്പോൾ അതു നിഷേധിക്കുന്നു.

ജോ. അങ്ങാണു് എന്റെ മരണത്തിനു കാരണഭൂതൻ. അങ്ങാ ഈ ഉഷ്ക്കൃത്യത്തിന്റെ ഫലം ഒരിക്കൽ അനുഭവിക്കും, പശ്ചാത്തപിക്കുന്നില്ലെങ്കിൽ പരിഹാരം ചെയ്യുന്നില്ലെങ്കിൽ. അങ്ങേയ്ക്കാണു് തെറ്റിപ്പോയതെന്നു സമ്മതിക്കുന്ന ഒരു സമയം വരും. ഞാൻ തെറ്റുചെയ്തിട്ടില്ല. എന്റെ സ്വരം സത്യമാണു്.

(ബി. കൗഷൻ മിണ്ടാതെ കടന്നുപോകുന്നു)

ജോ. (ചിതയ്ക്കുസമീപം ജോവാൻ അഞ്ജലീബദ്ധയായി കണ്ണുകളയത്തി മുട്ടിന്മേൽനിന്നുകൊണ്ടു് തെളിഞ്ഞ സ്വരത്തിൽ) എന്റെ ദൈവമേ, ദിവ്യനാഥാ, കരുണാനിധേ, എന്നോടു കരുണ കാണിക്കണമേ. ഇവർ ഇത്ര നിർദ്ദയമായി എന്നോടു

വത്തിക്കുന്നതിനു ഞാൻ ഇവരോടെന്തുചെയ്യു. കഠിന പോരാട്ടങ്ങൾതന്നെ നടത്തി അശ്രദ്ധതയിൽ പീഴാതെ ഞാൻ സൂക്ഷിച്ച ഈ ശരീരം അഗ്നിക്കിരയാകണമെന്നോ അങ്ങേ തിരുവിഷ്ടം. എനിക്ക് അങ്ങേ സ്നേഹം മതി, നിത്യമായി അങ്ങേ സ്നേഹിച്ചാൽ മതി, ഏതു തീയിലുംക്രൂടെ ഞാൻ കടന്നുവരാം. നികൃഷ്ടവും അന്ധകാരപൂർണ്ണവുമായ കാരാഗൃഹത്തിൽ കഠിനവേദന ഞാൻ അനുഭവിച്ചു. വി. ക്രൂശകൾപോലും എനിക്കു തടയപ്പെട്ടു. ആ യാതനകൾ സ്മരിക്കുവാൻപോലും എനിക്കു ശക്തിയില്ല. അങ്ങേ സന്നിധിയിൽ നിത്യാനന്ദം അനുഭവിക്കുവാനുള്ള സമയം സമാഗതമായതിൽ ഞാൻ സന്തോഷിക്കുന്നു. അങ്ങേ ദിവ്യനാമം മഹത്വപ്പെടട്ടെ.

ദിവ്യനാഥാ, എനിക്കു ശക്തിനല്കണമേ, ഞാൻ ഏതെങ്കിലും ഒരു തെറ്റു ചെയ്യിട്ടില്ല, ഈ ശിക്ഷ അനുഭവിക്കുന്നതെന്ന് അവിടുന്നറിയുന്നു. സ്നേഹംനിറഞ്ഞ എന്റെ മാതാപിതാക്കന്മാരെ അങ്ങു കാത്തുകൊള്ളണമേ. ഈ ദുഃഖവാർത്ത സഹിക്കുവാനുള്ള മനശ്ശക്തി അവർക്കു നല്കണമേ. അതു് ആനന്ദമായി പകർത്തണമേ. അവിടുത്തെ സ്വന്തമായ ഫ്റാൻസിനെ അംഗീകരിക്കണമേ.

ഞാൻ അങ്ങേ ദിവ്യ സ്വരത്തിനു് എന്നും വിശ്വസ്തയായിരുന്നു. അറിഞ്ഞുകൊണ്ടു് ഒരു തെറ്റുപോലും ഞാൻ ചെയ്യിട്ടില്ല. ഭീഷണിയുടേയും തീയുടേയും ഭയംകൊണ്ടു് ഞാൻ എന്തിലോ ഒപ്പുവെച്ചതുപോലെ തോന്നുന്നു. അതും ബലം പ്രയോഗിച്ചാണു ചെയ്യിച്ചതു്. ഞാൻ അതു് നിഷേധിക്കുന്നു. അങ്ങേ നിർദ്ദേശം ഒരിക്കലും ഞാൻ മനസാ ഉപേക്ഷിച്ചിട്ടില്ല. എന്നോടു ക്ഷമിക്കണമേ.

ദൈവമേ, അങ്ങേ അനന്ത കരുണയിൽ എന്റെ ശത്രുക്കളോടു ക്ഷമിക്കണമേ. അവരോടു പ്രതികാരം ചെയ്യരുതേ. അവരുടെ തെറ്റു ഗ്രഹിച്ചു് പശ്ചാത്തപിച്ചു പരിഹാരം ചെയ്യാൻ അവരെ അനുവദിക്കണമേ. അവർ ചെയ്യുന്നതെന്തെന്നു് അവർ അറിയുന്നില്ല, അവിടുന്നു കുരിശിൽവെച്ചു ക്ഷമിച്ചതുപോലെ അവരോടു ക്ഷമിക്കണമേ.

എന്റെ മഹനബലി ദർശിക്കുന്ന സഹോദരങ്ങളേ എനിക്കുവേണ്ടി– അന്ത്യംവരെയുള്ള നിലനില്പിനുവേണ്ടി– പ്രാർത്ഥിക്കുവിൻ. എന്റെ ആത്മാവിനേയും ശരീരത്തേക്രൂടെയും ഒരു മഹ

നബലിയായി ദിവ്യനാഥന് അർപ്പിക്കുവാൻ ഇടയായതിൽ എന്റെ ഹൃദയം ആനന്ദംകൊണ്ടു നിറയുന്നു. ഞാൻ എല്ലാവരോടും എല്ലാം ഹൃദയപൂർവ്വം ക്ഷമിക്കുന്നു. നിങ്ങളേ ഞാൻ സ്നേഹിക്കുന്നു. എത്രമാത്രമെന്നു ദൈവത്തിനുമാത്രം അറിയാം. സ്വർഗ്ഗത്തിൽവെച്ചു നമുക്കു കാണാം. അവിടെയിരുന്ന് നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും– നിത്യമായിത്തന്നെ. എന്റെ എല്ലാ പ്രവൃത്തികൾക്കും ഉത്തരവാദി ഞാൻതന്നെ. ഉത്തമനായ ചാവറ തുരാജാവല്ല. പരിശുദ്ധ ത്രിത്വമേ, മാലാഖാമാരേ, സ്വർഗ്ഗവാസികളേ, ഞാനിതാ, എന്നെയങ്ങു സ്വീകരിച്ചുകൊള്ളണമേ.

ആരോച്ചാരന്മാർ. നിൽക്കണം, മതി. ഇറിയും കാത്തുനിൽക്കുവാൻ സമയമില്ല. ഞങ്ങൾക്കു വേറെ തൊഴിലുണ്ട്.

ജോ. ഞാനിതാ തയ്യാറായിക്കഴിഞ്ഞു.

ആരോച്ചാ. (ജോവാനെ കുഴമരത്തോടുചേർത്തു വരിഞ്ഞുകെട്ടുന്നു. ആ നിലയിൽ ജോവാൻ)

എനിക്കൊരു കുരിശുതരണം. ദൈവാലയത്തിലെ ക്രൂശുരൂപം.

(ഫാ. മാർട്ടിൻ കുരിശു നീട്ടിക്കാണിക്കുന്നു; അതിൽ അവൾ മുത്തിയിട്ട്)

ദൈവമേ ഞാൻ തെറ്റുചെയ്തിട്ടില്ല. അന്യായമായി ഞാൻ വധിക്കപ്പെടുന്നു. എന്നെ ഞാൻ അങ്ങേയ്ക്കു സമർപ്പിക്കുന്നു. മനുഷ്യവർഗ്ഗത്തെ രക്ഷിച്ച അങ്ങ് കുരിശിൽക്കിടന്നനുഭവിച്ച ആ പ്രാണവേദനയെ ഞാൻ സ്മരിക്കുന്നു. എനിക്കു ധൈര്യം തരണമേ. അങ്ങേ ദിവ്യക്രൂശകൾ സ്വീകരിച്ചുകൊണ്ടു മരിക്കുവാൻ എന്നെ അനുവദിച്ചതിന് അങ്ങേയ്ക്കു നിത്യസ്തുതി. കുരിശിലത്രേ എന്റെ ആശ്രയം. കുരിശിൽ ജീവനുണ്ട്. കുരിശിലാണെന്റെ രക്ഷ. നിത്യപിതാവെ എന്നെ അനുഗ്രഹിക്കുക. എന്റെ ഘാതകരെ അനുഗ്രഹിക്കുക. ഇതിനു കാരണക്കാരോടെല്ലാം ക്ഷമിക്കുക. എന്റെ സ്വരം ദൈവത്തിന്റെതായിരുന്നു. എന്റെ സ്വരം എന്നെ വഞ്ചിച്ചില്ല.

(ഇതിനിടയിൽ അവളുടെ ചുറ്റും ചിത കൂട്ടിക്കഴിഞ്ഞു. എണ്ണയൊഴിച്ചു തീകൊളുത്തുവാൻ പന്തം കത്തിച്ചു, ധ്യാനനി

മഗ്നയായിനിന്ന ജോവാൻ) ദൈവമേ എന്റെ ആത്മാവിനെ അങ്ങേ തൃക്കരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു. (തീ ആളിക്കത്തുന്നു) ഈശോ മറിയം യൗസേപ്പ്.

(കർട്ടൻ)

അകത്തു തീ പടർന്നു പിടിക്കുന്നു.

(അല്പസമയം കഴിഞ്ഞ് ഫാ. മാർട്ടിൻ കർട്ടനുമുമ്പിൽ പ്രവേശിക്കുന്നു)

ഫാ. മാർട്ടിൻ. മഹാജനങ്ങളെ, നിങ്ങൾ എന്തുവിചാരിക്കുന്നു. ഒരു പാതകിയോ ഇവിടെ ദഹിപ്പിക്കപ്പെട്ടത്. അല്ല. ഞാൻ നുറുവട്ടം ആവർത്തിക്കുന്നു, അല്ല എന്ന്. അവൾ ഒരു പുണ്യവതിയാണ്, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവളാണ്. ഫ്റാൻസിനെ രക്ഷിച്ച ആ വീരകന്യക– ജോവാൻ– ഒരു കുറക്കാരിയായിപ്പരിഗണിക്കപ്പെട്ട. ആരാണ് അത് തീരുമാനിച്ചത്. ഫ്റഞ്ചുജനതയോ, ഇംഗ്ലീഷുകാരോ, സഭയോ, അല്ല. സ്വാർത്ഥമതികളായ രണ്ടുമൂന്നു പേർ. അവരുടെ തീരുമാനം അവളുടെ ശരീരത്തെ ഭസ്മമാക്കി. പക്ഷേ, അവളുടെ ആത്മാവിനോട് ഒന്നും ചെയ്യാൻ അവർക്കു കഴിഞ്ഞില്ല. കഴിഞ്ഞ ആറുമാസമായി അവൾ ജയിലിലായിരുന്നു. ഏറ്റവും ക്രിരാതവും ക്രൂരമായ പെരുമാറ്റമാണ് അവൾക്കുവിടെ ലഭിച്ചത്. അവൾ അനുഭവിച്ച കഠിനയാതന അചിന്ത്യമാണ്. ഇപ്പോൾ ഇതാ അവൾ– ആ വിശുദ്ധ എന്നു ഞാൻ പറയുന്നു–, ഒരു പിടി ചാമ്പലായി നമ്മുടെ മുമ്പിൽ ശേഷിച്ചിരിക്കുന്നു. അവൾ പിടിക്കപ്പെട്ടതുമുതൽ ഈ നിമിഷംവരെ എല്ലാം ഞാൻ അറിഞ്ഞുകൊണ്ടാണിരുന്നത്. കഠിനപീഡകൾക്കിടയിൽ അവൾ ആവലാതിയുടെ ഒരൊറ്റവാക്കു പറഞ്ഞിട്ടില്ല. ആരിലും കുറ്റം ആരോപിച്ചില്ല, എല്ലാം സഹിച്ചു. അവൾക്കു സിദ്ധിച്ച വീരമരണം എനിക്കും ലഭിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. അവളെ ദഹിപ്പിക്കുവാൻ വിധിച്ചവർ അവൾ ആരായിരുന്നു എന്നറിഞ്ഞിരുന്നെങ്കിൽ അവളുടെ മുമ്പിൽ മുട്ടുകുത്തി അവളെ വണങ്ങുമായിരുന്നു; ഈ കുറ്റം ചെയ്യുന്നതിനുകയില്ലായിരുന്നു. അ

വളുടെ ഹൃദയരഹസ്യങ്ങൾ പൂർണ്ണമായി അറിഞ്ഞിരുന്ന എനിക്ക് ലോകത്തിനൊരു സന്ദേശം നല്കുവാനുണ്ട്. അവൾ ഒരു പുണ്യവതിയാണ്, അചിരേണ അവൾ അൾത്താരയിൽ വണങ്ങപ്പെട്ടും. അവൾ നിഷ്ക്കളങ്കയായിരുന്നു, നിർമ്മലയായിരുന്നു. അവൾ ദൈവനിയുക്തയായിരുന്നു. ഫ്റാൻസിനെ ശത്രുകരങ്ങളിൽനിന്നു രക്ഷിക്കുവാൻ അവളുടെ ഹൃദയനൈർമ്മല്യത്തെ അന്ധവിനാഴികവരെ മലിനമാക്കാതെ അവൾ കാത്തു. ദൈവത്തിൽ തന്റെ വിശ്വാസം അർപ്പിച്ചുകൊണ്ട് എതിർശക്തികളോട് അവൾ സുധീരം പോരാടി. അവൾ വിജയിച്ചു. വിജയകിരീടം അണിഞ്ഞുകഴിഞ്ഞു. ശത്രുപക്ഷം ഇപ്പോൾ കരുതുന്നുണ്ടായിരിക്കും അവരാണ് ജയിച്ചതെന്ന്. എന്നാൽ ലോകത്തെ അറിയിക്കുവാൻ എനിക്കു ധൈര്യമുണ്ട് അവരാണ് പരാജിതരായതെന്ന്. ഭാവിലോകം അവരെ പഴിക്കും, അവളെ പുകഴ്ത്തും. അവൾ പുണ്യവതിയായിരുന്നെന്ന് ലോകം സമ്മതിയ്ക്കും. സഭയിൽ അവൾ ബഹുമാനിക്കപ്പെട്ടും ഈ കടുംകൃത്യത്തിന്റെ പങ്കാളികൾ പശ്ചാത്തപിക്കട്ടെ. ദൈവത്തിനു സ്തുതി. ദൈവതിരുമനസ്സു നിറവേറട്ടെ. ആമ്മേൻ.

(കർട്ടൻ)

Printed at the St. Joseph's Press Mannanam. 1954


K. K. STAATS-GYMNASIUM
IN BRÜNN

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
3 DEC 1990		
28 JUL 93		
11 AUG 93		
26 AUG 2000		

~~25~~ 11

DC Library
00003901
LM AR70